KNANAYADEEPAM

# ക്നാനായദീപം

Vol: 37 / Issue: 9 Septemebr 2026 ₹:20/-



പുണ്യശ്ലോകനായ കുബർ നീത്തി ഹാക്കീമോ
ഏബ്രഹാം മോർ ക്ലീമിസ് വലിയ മെത്രാപ്പോലീത്തായുടെ
24–ാം ശ്രാദ്ധപ്പെരുന്നാൾ


ST. GEORGE KNANAYA CHURCH, DUBAI
Managing Committee 2026-28
TRUSTEE
VICAR
SECRETARY
Biju Uthuppan
Thamarathu
Rev. Fr. Sijo Skaria
Mangalathu
Bintumon P Mathew
Puthenparambil
JOINT TRUSTEE
Joby Kurien
Kannankuzhayathu
VICE PRESIDENT
Joy Jacob
Angilimoottil
JOINT SECRETARY
Amal Kuriakose
Mazhuvencheril
Managing Committee Members
Afin Abraham
Paranickal
Anil Abraham
Perumkannaril
Anish Mathew
Vadavuparampil
Chikku Thomas
Kadavil
Jacob Abraham
Malloosheril
Rikku Cherian
Pattambalathu
Saji Thomas
Kozhimattam
Shinto Abraham
Edayadiyil
Soney Abraham
Thykoodathil
Arun Babu
Pulivelil
Auditor

Advt - O

# ക്നാനായ ദീപം

2026 സെപ്റ്റംബർ പുസ്തകം 37 ലക്കം 9

മലങ്കര സുറിയാനി ക്നാനായ അതിഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

## ഉള്ളടക്കം

എഡിറ്റോറിയൽ 04

സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം 05

സമുദായ വാർത്തകൾ 07
റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ

കുട്ടികളിലെ കുറ്റവാസന... 15
സുനിൽ ഡി. കുരുവിള

ഈസോപ്പുചെടി... 17
ഡീ. അഖിൽ മനോജ് പുന്നൂച്ചേരിൽ

താബോർ മല 18
എൻ.ഐ. തോമസ് മരൂത്തറ

ഞാൻ ആകുന്നത് ദൈവകൃപയാൽ... 19
കുര്യൻ ഉതുപ്പാൻ കളത്തിൽ

ഏവൻഗേലിയോൻ ദീപം 20
ഫാ. ജേക്കബ് കല്ലുകുളം

ഹൃദയത്തെ നോക്കുന്ന ദൈവം 23
സണ്ണി ഇളംപുരയിടത്തിൽ

എങ്ങനെയാണ് പരിശുദ്ധാത്മാവിനോട്... 24
ജയ്നമ്മ മർക്കോസ് നടുവിലെപറമ്പിൽ

സുവർണ്ണ വാതിൽ 25
കൊച്ചുമോൻ പള്ളിക്കപ്പറമ്പിൽ

മലർവാടിക്കൂട്ടം, ബാലദീപം ക്വിസ് 26

39 Wifi Full Signal....
രഞ്ജിത്ത് രാജു തെക്കേകരോട്ട്

41 ക്രിമിനൽ കേസുകൾ എങ്ങനെ തടയാം?
അഡ്വ. ഫെനു സ്കറിയ

42 അത്ഭുതങ്ങൾക്കപ്പുറം മഹത്വം...
Seema Shinto, Kanniyel

43 എന്നെത്തന്നെ സന്നിധിയിൽ...
സണ്ണി ജേക്കബ് കാട്ടുവേലിൽ

44 ദൈവം ചിരിക്കുന്നു
ഫാ. ഡാർലി എടപ്പങ്ങാട്ടിൽ

45 മല്പാനോട് ചോദിക്കാം

46 ജീവിതം നിഴൽ മാത്രം
അമ്മാൾ രാജൻ പുളിമൂട്ടിൽ

48 മാട്രിമോണിയൽ

SCAN & PAY

ക്നാനായ ദീപത്തിന്റെ വരിസംഖ്യ, പരസ്യചാർജ് എന്നിവ ക്യുആർ കോഡ് സ്കാൻ ചെയ്ത് യുപിഐ ആപ് വഴി പേയ്മെന്റ് ചെയ്യുവാനുള്ള സൗകര്യം ക്രമീകരിച്ചിട്ടുണ്ട്.

**Chief Patron**
**H.E. Mor Severios Kuriakose**
Samudaya Metropolitan

**Patrons**
H.E. Mor Gregorios Kuriakose Metropolitan
H.E. Mor Ivanios Kuriakose Metropolitan
H.E. Dr. Mor Silvanos Ayub Metropolitan

**Editorial Board**
**Chief Editor**
**V. Rev. Abraham Mathew (Roy Achan)**
**Cor Episcopa Mulamoottil**

**Managing Editor**
**Fr. Jaicobkutty K.S. Kallookulam**

**Members**
Benny Mathew Kariyil
Biju Andrews Edasseril
Rupesh Baby, Perumpalliparampil
Sony Kunnumpurath
Thomaskutty A Kurian Appeecil

**Press Manager**
**Fr. Sherin C. Kollamparampil**

**Press Managing Committee**
K.K. Chacko Koorkkakalayil
Kurian Abraham Kaippuzha
K.A. Mathew (Baby)
Komarathumparambil
Mathew Abraham (Wailskutty),
Parumalayil
Sabu Jacob Chirayil
Thampy Mathew Mukkattu
O.C. Yakoob, Oliyappurathu

**Ex-officio Members**
**T.C.Thomas Thoppil**
Lay Trustee
**T.O. Abraham Thottathil**
Samudaya Secretary

Visit www.
knanayadeepam.in

**Address**
Knanaya Deepam
Clemis Centre, Chingavanam P.O.
Kottayam 686 531
**Ph: 0481-2430176, 0481-2961213**
**Mob. 85475 84440**
**Fr. Jacob Kallookulam 9447563240**
E-mail:
**kna.deepam@gmail.com**

**Designing**
Greeshma Designs
(M) 9447304348
gdesignktm@gmail.com

ക്നാനായ ദീപം മൊബൈൽ ആപ്പിൽ പരസ്യങ്ങൾ സ്വീകരിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ഓഫീസുമായി ബന്ധപ്പെടുക




*വേഗം വരുന്ന നമ്മുടെ കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ പ്രിയ ദീപം വായനക്കാർക്ക് സ്നേഹവന്ദനം.*

കർത്താവിൽ പ്രിയരെ,

പ്രമുഖ കമ്പനികളുണ്ടാക്കുന്ന മേന്മയേറിയ സാധനങ്ങൾക്ക് വില കൊടുക്കണം. എന്നാൽ എതാണ്ടതുപോലെ തോന്നുന്നവ വെറും തുച്ഛമായ വിലയ്ക്ക് കടകളിൽ ലഭിച്ചെന്നിരിക്കാം. വിലക്കുറവ് കണ്ട് സാധനം വാങ്ങിച്ച് ഉപയോഗിക്കുമ്പോഴായിരിക്കും കാര്യം മനസ്സിലാക്കുക. ഇത്തരം ഇമിറ്റേഷൻ ചരക്കുകൾകൊണ്ടു ഇന്നത്തെ വിപണികൾ നിറഞ്ഞിരിക്കുന്നതുകൊണ്ട് "അനുകരണങ്ങളെ സൂക്ഷിക്കുക" എന്ന പരസ്യം ഇന്നും സർവ്വസാധാരണമായിരിക്കുന്നു.

ക്രിസ്തീയ സഭയിലും പ്രവർത്തനരംഗങ്ങളിലും ഇമിറ്റേഷൻ ചരക്കുകൾ ധാരാളമായി തള്ളിക്കയറുക പതിവാണ്. യഥാർത്ഥത്തിൽ മാനസാന്തരമോ, രക്ഷയുടെ അനുഭവമോ, അർപ്പണമോ ഇല്ലാതെ ചില സ്ഥാപിത താല്പര്യങ്ങൾ നേടിയെടുക്കാൻവേണ്ടി മാത്രം ആത്മീയം ചമയുന്ന അനാത്മീകർ അനവധിയാണ്. അച്ചന്റെ പ്രസംഗം കേട്ടാണ് ഞാൻ മാനസാന്തരപ്പെട്ടത്. അച്ചന്റെ ധ്യാനമാണ് എന്നെ സുവിശേഷ വേലയ്ക്ക് സ്വയം പ്രതിഷ്ഠിക്കാൻ പ്രചോദനം നൽകിയത്" എന്നും മറ്റും നേരിട്ട് പറയുകയും ആയിരങ്ങളുടെ മുമ്പാകെ ഉച്ചത്തിൽ സാക്ഷിക്കുകയും ചെയ്ത ശേഷം മാനസാന്തരത്തിനും പ്രതിഷ്ഠയ്ക്കും പൊരുത്തപ്പെടാത്ത വിധത്തിൽ പെരുമാറുമ്പോൾ അവരുടെ ആത്മാർത്ഥതയെ ചോദ്യം ചെയ്യാതിരിക്കാൻ നിവൃത്തിയില്ല. "എന്റെ സ്വരവും ശബ്ദവും കർത്തൃനാമമഹത്വത്തിനായ് ഗാനങ്ങൾ ആലപിക്കാൻ പ്രതിഷ്ഠിച്ചിരിക്കുന്നു എന്ന് ആവർത്തിച്ച് സാക്ഷിച്ചു പറഞ്ഞ വ്യക്തി സുവിശേഷയോഗത്തിന് പാടിയ ഓരോ പാട്ടിനും കണക്കു പറഞ്ഞു കാശു വാങ്ങാൻ രാഷ്ട്രീയക്കാർപോലും ഉപയോഗിക്കാൻ മടിക്കുന്ന തന്ത്രങ്ങളുമായി രംഗത്തിറങ്ങുന്നതു കണ്ടിട്ടുണ്ട്. സഭാരാധനയുമായി വാങ്ങിയ സ്ഥലത്ത് സ്വന്തം വീട് പണിതു താമസിക്കുന്നതും വിദേശത്തും സ്വദേശത്തും പോയി പണം സമ്പാദിച്ച് കമ്മീഷൻ എടുത്ത് ബാക്കി കൊടുക്കുന്ന സുവിശേഷകരും കേരളത്തിലുണ്ട്. സ്വാർത്ഥ ലാഭത്തിനുവേണ്ടി കൂറുമാറ്റവും കാലുമാറ്റവും മറ്റു തന്ത്രങ്ങളും ഉപയോഗിക്കുന്നവരുടെ എണ്ണം അനുദിനം വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. കർത്താവിനെ സേവിക്കാൻ വിളിയുണ്ടായതിനാൽ ഗവൺമെന്റ് ജോലിവേണ്ടെന്നു പറഞ്ഞവരും പ്രചരണാകമ്പടിയോടെ ഇറങ്ങി തിരിച്ചവരും പ്രതീക്ഷിച്ച സ്വീകരണവും സാമ്പത്തിക സുരക്ഷിതത്വവും കിട്ടാതെ വന്നപ്പോൾ തിരിച്ചുപോയിട്ടും സ്ഥാനമാനങ്ങൾ കവർന്നെടുക്കാൻ കരുക്കൾ നീക്കുന്ന വീരന്മാരും കുറവല്ല. സ്വാർത്ഥ ലാഭത്തിനുവേണ്ടി എന്തു വേഷവും കെട്ടുവാൻ യാതൊരു മടിയുമില്ലാത്ത മിടുക്കന്മാർ എവിടെയും സുലഭമാണ്. ഇത്തരക്കാരെ ഇമിറ്റേഷൻ ചരക്കുകളായേ പരിഗണിക്കാൻ കഴിയു. സ്വന്തമായി ആത്മാർത്ഥതയുടെ കണികപോലുമില്ലാത്ത ഇവർക്ക് ആത്മാർത്ഥമായി ആദ്ധ്യാത്മിക രംഗങ്ങളിൽ അദ്ധ്വാനിക്കുകയും, അനേകായിരങ്ങൾക്ക് പ്രയോജനപ്പെടുകയും ചെയ്യുന്നവരേയും അവരുടെ പ്രവർത്തനങ്ങളേയും അലങ്കോലപ്പെടുത്താനും അവഹേളിക്കുവാനുമാണ് ആവേശം. തന്നെപ്പോലെ അപരനും അധമനാണെന്നു വരുത്തിക്കൂട്ടാൻ എന്തു കള്ളക്കഥയും കെട്ടിച്ചമയ്ക്കാനും, ഏതു കൊള്ളരുതാത്തവനോടും കൂട്ടുചേരാനും അവർ മടിക്കുന്നില്ല. ഇത്തരം സാഹചര്യങ്ങൾ ആദ്യകാലത്ത് സഭാന്തരീക്ഷത്തിൽ ഉണ്ടായിരുന്നു എന്നതിന് വി.പൗലോസിന്റെ ലേഖനങ്ങളിൽ ധാരാളം സൂചനകളുണ്ട്. അതുകൊണ്ട് യഥാർത്ഥ ദൈവമക്കൾ അമ്പരന്നു അസ്വസ്ഥരാകുകയല്ല, പിന്നെയോ അപകടകാരികളായ അനുകരണങ്ങളെ സൂക്ഷിച്ചറിഞ്ഞ് അകറ്റി നിർത്തണം. കോരിന്ത്യാ ലേഖനത്തിൽ പൗലോസ് പറയുന്നു. ഞാൻ ക്രിസ്തുവിന്റെ അനുകാരി ആയിരിക്കുന്നതുപോലെ നിങ്ങളും എന്റെ അനുകാരികൾ ആകുവിൻ. പൗലോസ് ക്രിസ്തുവിനെ അനുകരിച്ചു. അതുപോലെ ക്രിസ്തുവിനെ നാമും അനുകരിക്കേണ്ടിയിരിക്കുന്നു. യുവതലമുറ വഴിതെറ്റാതെ ലക്ഷ്യസ്ഥാനത്തെത്തണമെങ്കിൽ ഒരു നല്ല മാതൃക വച്ചിട്ടുപോയ ക്രിസ്തുവിനേയും, അവന്റെ പിതാവായ ദൈവത്തേയും, ദൈവദാസന്മാരേയും അവരുടെ വിശ്വാസത്തേയും അനുകരിക്കുക.

ഒരുവൻ എന്നെ അനുഗമിപ്പാൻ ഇച്ഛിച്ചാൽ അവൻ തന്നെത്താൻ ത്യജിച്ച് തന്റെ ക്രൂശ് എടുത്തുകൊണ്ട് എന്നെ അനുഗമിക്കട്ടെ എന്ന് നമ്മുടെ കർത്താവ് കല്പിച്ചു. അനുസരണം ശിഷ്യത്വത്തിന്റെ അടിസ്ഥാനതത്വമത്രേ. അനുസരണമുള്ള ശിഷ്യത്വത്തിൽ നിന്നു മാത്രമേ സഭ വളരുകയുള്ളു. സഭയിലെ ശിഷ്യത്വത്തിന്റെ വളർച്ച സഭയിലെ അംഗങ്ങൾ തമ്മിലുള്ള ബന്ധത്തിൽ ആശ്രയിച്ചിരിക്കുന്നു. വളർച്ച ഇല്ലാത്ത ശരീരം രോഗബാധിതമാണ്. സഭയിലെ വിവിധ അംഗങ്ങളുടെ വളർച്ചയിൽ നിന്നാണ് പൂർണ്ണ ആരോഗ്യം ഉത്ഭവിക്കുന്നത്. പൂർണ്ണ ആരോഗ്യമുള്ള സഭയ്ക്കു മാത്രമേ സഭ എന്നുള്ള പേരിൽ പ്രവർത്തിക്കുവാൻ അർഹതയുള്ളു. വേദശാസ്ത്ര പണ്ഡിതനായ ബോൺഹോബർ (Bon Hober) ക്രിസ്തീയ സഭയിലെ ശിഷ്യത്വത്തിന് തടസ്സമായി നിൽക്കുന്ന ശത്രുവിനെ വില കുറഞ്ഞ രൂപ (cheap grace) എന്ന പേരു നൽകിയിരിക്കുന്നു. ഇടവകകളിലും സഭയിലും കലഹങ്ങൾക്കും കുഴപ്പങ്ങൾക്കും കാരണം വില കുറഞ്ഞ രൂപ എന്ന ശത്രുവിനെ സേവിക്കുന്നവരുടെ അംഗസംഖ്യ കൂടുന്നതിലത്രേ. സഭ വിജയകരമായി പ്രവർത്തിക്കണമെങ്കിൽ അതിലെ എത്ര ശതമാനം ആളുകൾ വിലകൂടിയ രൂപ (Costy grace) അനുഭവിക്കുന്നു എന്നതിലത്രേ. യഥാർത്ഥ ശിഷ്യനായിരിക്കുന്നവരാണ് സമൂഹത്തിൽ ഉപ്പായും, വെളിച്ചമായും, സ്ഥാനാപതികളായും, പ്രവർത്തിക്കുന്നത്. ഒരു വിശ്വാസം, ഒരു ആത്മാവ്, ഒരു ശരീരം, ഒരു ആരാധന എന്ന അടിസ്ഥാനത്തിൽ പണിത സഭയിലെ അംഗങ്ങൾ എത്ര ദൈവങ്ങളെയാണ് ദിവസവും ആരാധിക്കുന്നത്. ശിഷ്യത്വം സ്വീകരിച്ചവർ എല്ലാവരും ദൈവമക്കൾ അത്രേ. അവർ ലോക ബന്ധങ്ങളോട് എന്നന്നേയ്ക്കും യാത്ര പറഞ്ഞ് തന്നെത്താൻ ത്യജിച്ച് യേശുവിന്റെ പിന്നാലെപോകും. അപ്പോൾ അവൻ ദൈവത്തിന്റെ ഭവനക്കാരത്രേ. ദൈവത്തിന്റെ കൂട്ടുവേലക്കാരും, കർത്താവിന്റെ കൈകളിൽ സുരക്ഷിതത്വം അനുഭവിക്കുന്നവരുമത്രേ.

നമ്മുടെ സഭ ഇന്ന് ജനാധിപത്യം, പൗരോഹിത്യം ഇവയുടെഅതിപ്രസരത്തിൽ യഥാർത്ഥ ദൈവാധിപത്യം നഷ്ടപ്പെട്ട വെറും സംഘടനയായി അധഃപതിച്ചിരിക്കുന്നു. അതിന് ഓർത്തഡോക്സ് യാക്കോബായ ക്നാനായ എന്ന വ്യത്യാസമില്ല. എന്നാൽ സഭ, Of God and by God for the faithful എന്ന യാഥാർത്ഥ്യം മനസ്സിലാക്കേണ്ടതാണ്. ഓർത്തഡോക്സിനെക്കുറിച്ചുള്ള ശരിയായ ധാരണ എല്ലാവരിലും എത്തണം. അങ്ങനെ മലങ്കര സഭയിൽ ശാശ്വത സമാധാനം എത്രയും വേഗം എത്തണം ആയതിൽ സഭാ മേലദ്ധ്യക്ഷന്മാർ ക്രിയാത്മകമായ തീരുമാനങ്ങൾ എടുക്കണം. അല്ലെങ്കിൽ ഈ സഭാതർക്കം വെറും കെട്ടുകഥയാണ് എന്നു ലോകം വിലയിരുത്തും. സമാധാനത്തിനുവേണ്ടി പ്രാർത്ഥിക്കാം, പ്രവർത്തിക്കാം.

**എന്ന്**

**നിങ്ങളുടെ പ്രിയ റോയി അച്ചൻ**

# സമുദായ മെത്രാപ്പോലീത്തായുടെ സന്ദേശം



സഭയുടെ ആരാധനാക്രമത്തിലും പാരമ്പര്യത്തിലും വിശ്വാസജീവിതത്തിലും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങൾക്ക് പ്രത്യേകമായ ആത്മീയ പ്രാധാന്യമുണ്ട്. എട്ടുനോമ്പിന്റെ പുണ്യദിനങ്ങൾ, സെപ്റ്റംബർ 14ന് ആചരിക്കുന്ന സ്ലീബാപെരുന്നാൾ, ഒക്ടോബർ 2- ലെ ഗാന്ധിജയന്തി, സെപ്റ്റംബർ 29,30 തീയതികളിൽ ചിങ്ങവനം സെന്റ് ജോൺസ് ദയറാപള്ളിയിൽ നടത്തപ്പെടുന്ന പുണ്യശ്ളോകനായ ഏബ്രഹാം മോർ ക്ലീമീസ് വലിയ മെത്രാപ്പോലീത്തായുടെ ഓർമ്മ എന്നിവ നമ്മുടെ സഭാജീവിതത്തിനും വ്യക്തിജീവിതത്തിനും സമൂഹജീവിതത്തിനും വിലപ്പെട്ട ആത്മീയ സന്ദേശങ്ങൾ നൽകുന്ന അവസരങ്ങളാണ്.

പരിശുദ്ധ ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനോടനുബന്ധിച്ച് ആചരിക്കുന്ന എട്ടുനോമ്പിന്റെ ദിനങ്ങൾ അനുഗ്രഹീതമായ ആത്മീയ അവസരങ്ങളാണ്. നമ്മുടെ ജീവിതത്തെ പരിശോധിക്കാനും, തെറ്റുകളിൽനിന്ന് മാനസാന്തരപ്പെടാനും, പ്രാർത്ഥനയിൽ ആഴപ്പെടാനും, വിശുദ്ധ വചനത്തിൽ വളരാനും, മറ്റുള്ളവരോടുള്ള സ്നേഹവും കരുണയും വർദ്ധിപ്പിക്കാനും എട്ടുനോമ്പ് നമ്മെ ക്ഷണിക്കുന്നു. പരിശുദ്ധ മറിയത്തിന്റെ ജീവിതം ദൈവഹിതത്തിന് പൂർണ്ണമായി സമർപ്പിച്ച മഹത്തായ മാതൃകയാണ്. "ഇതാ കർത്താവിന്റെ ദാസി; നിന്റെ വാക്കുപോലെ എനിക്കു ഭവിക്കട്ടെ" എന്ന അവളുടെ സമർപ്പണം നമ്മുടെ നോമ്പിന്റെ ആത്മീയ ലക്ഷ്യത്തെ വ്യക്തമാക്കുന്നു. അതുകൊണ്ട് എട്ടുനോമ്പ് ആചരിക്കുമ്പോൾ നാം നമ്മോടുതന്നെ ചോദിക്കണം. "ദൈവഹിതത്തിന് എന്റെ ജീവിതത്തിൽ എത്രമാത്രം സ്ഥാനമുണ്ട്?" നമ്മുടെ നോമ്പ് നമ്മുടെ സ്വഭാവത്തിൽ മാറ്റം വരുത്തുന്നുണ്ടോ? പ്രാർത്ഥനയിൽ വളർച്ചയുണ്ടാകുന്നുണ്ടോ? കുടുംബബന്ധങ്ങളിൽ സ്നേഹവും ക്ഷമയും വർദ്ധിക്കുന്നുണ്ടോ? ദരിദ്രരെയും രോഗികളെയും ഏകാകികളെയും വേദനിക്കുന്നവരെയും കാണുന്ന നമ്മുടെ കണ്ണുകളിൽ കരുണ വർദ്ധിക്കുക്കുന്നുണ്ടോ? നോമ്പ് അവസാനിക്കുമ്പോൾ ഭക്ഷണക്രമം പഴയപടിയാകാം. എന്നാൽ ഹൃദയം പഴയപടി ആകരുത്. എട്ടുനോമ്പിന്റെ യഥാർത്ഥ ഫലം നമ്മുടെ ജീവിതത്തിലെ ആത്മീയ പരിവർത്തനമാണ്. എട്ടുനോമ്പ് നമ്മുടെ ജീവിതത്തിൽ എട്ടു ദിവസത്തെ ഒരു ആചരണമായി മാത്രം നിലനിൽക്കാതെ, ദൈവസന്നിധിയിൽ പുതുക്കപ്പെട്ട ജീവിതത്തിന്റെ തുടക്കമാകട്ടെ.

സെപ്റ്റംബർ 14 ന് സഭ ആചരിക്കുന്ന സ്ലീബാപെരുന്നാൾ ക്രിസ്തീയ വിശ്വാസത്തിന്റെ ഹൃദയത്തിലേക്ക് നമ്മെ കൊണ്ടുപോകുന്ന മഹത്തായ പെരുന്നാളാണ്. സ്ലീബ ക്രിസ്തുവിന്റെ സഹനത്തിന്റെയും ത്യാഗത്തിന്റെയും വിജയത്തിന്റെയും അടയാളമാണ്. ലോകത്തിന്റെ കണ്ണിൽ ക്രൂശ് പരാജയത്തിന്റെ അടയാളമായി തോന്നിയേക്കാം; എന്നാൽ ക്രിസ്തീയ വിശ്വാസത്തിൽ അത് രക്ഷയുടെയും പ്രത്യാശയുടെയും വിജയത്തിന്റെയും അടയാളമാണ്. സ്ലീബയെ ആദരിക്കുന്നതിന്റെ അർത്ഥം സ്ലീബയുടെ അടയാളം ധരിക്കുന്നതിൽ മാത്രം ഒതുങ്ങുന്നില്ല. ക്രിസ്തുവിന്റെ സ്ലീബായുടെ വഴിയിൽ നടക്കുക എന്നതാണ് സ്ലീബയെ യഥാർത്ഥമായി ആദരിക്കുന്നത്. സ്വാർത്ഥതയ്ക്ക് പകരം ത്യാഗം, വിദ്വേഷത്തിന് പകരം സ്നേഹം, പ്രതികാരത്തിന് പകരം ക്ഷമ, നിരാശയ്ക്ക് പകരം പ്രത്യാശ, അധികാരമോഹത്തിന് പകരം സേവനം ഇവയാണ് സ്ലീബയുടെ ജീവിതപാഠങ്ങൾ, ക്രിസ്തുവിന്റെ സ്ലീബ നമ്മെ ഓർമ്മിപ്പിക്കുന്നത് മറ്റുള്ളവർക്കുവേണ്ടി

**"ദൈവഹിതത്തിന് എന്റെ ജീവിതത്തിൽ എത്ര മാത്രം സ്ഥാനമുണ്ട്?"**

**നമ്മുടെ നോമ്പ് നമ്മുടെ സ്വഭാവത്തിൽ മാറ്റം വരുത്തുന്നുണ്ടോ?**

**പ്രാർത്ഥനയിൽ വളർച്ചയുണ്ടാകുന്നുണ്ടോ? കുടുംബബന്ധങ്ങളിൽ സ്നേഹവും ക്ഷമയും വർദ്ധിക്കുന്നുണ്ടോ?**

**ദരിദ്രരെയും രോഗികളെയും ഏകാകികളെയും വേദനിക്കുന്നവരെയും കാണുന്ന നമ്മുടെ കണ്ണുകളിൽ കരുണ വർദ്ധിക്കുന്നുണ്ടോ?**

**നോമ്പ് അവസാനിക്കുമ്പോൾ ഭക്ഷണക്രമം പഴയപടിയാകാം.**

**എന്നാൽ ഹൃദയം പഴയപടി ആകരുത്.**

സ്വയം നൽകുന്ന സ്നേഹമാണ് യഥാർത്ഥ ക്രിസ്തീയത എന്നതാണ്. നമ്മുടെ വീടുകളിലും ഇടവകകളിലും സമൂഹത്തിലും സ്ലീബയുടെ ആത്മാവ്, ത്യാഗത്തിന്റെയും ക്ഷമയുടെയും സ്നേഹത്തിന്റേയും ആത്മാവ്, വളരേണ്ടതുണ്ട്. സ്ലീബയെ നോക്കുമ്പോൾ നമ്മുടെ ജീവിതത്തിലെ വേദനകളിലും കഷ്ടതകളിലും ദൈവസാന്നിധ്യം തിരിച്ചറിയാനും, പ്രതിസന്ധികളിൽ വിശ്വാസത്തോടെ മുന്നോട്ടുപോകാനും നമുക്ക് കഴിയണം.

ഒക്ടോബർ 2 മഹാത്മാഗാന്ധിയുടെ ജന്മദിനം രാജ്യം ഗാന്ധിജയന്തിയായി ആചരിക്കുന്നു. ഗാന്ധിജിയുടെ ജീവിതത്തിലെ സത്യനിഷ്ഠ, അഹിംസ, ലാളിത്യം, ആത്മനിയന്ത്രണം, ദരിദ്രരോടുള്ള കരുതൽ, സമൂഹത്തിലെ ദുർബലരോടുള്ള ഐക്യദാർഢ്യം തുടങ്ങിയ മൂല്യങ്ങൾ ക്രിസ്തീയ വിശ്വാസ ജീവിതത്തിലും വലിയ ചിന്തകൾ ഉണർത്തുന്നവയാണ്. ക്രിസ്തീയ വിശ്വാസത്തിന്റെ കേന്ദ്രത്തിൽ തന്നെ സത്യവും സ്നേഹവും ക്ഷമയും സമാധാനവും സേവനവും നിലകൊള്ളുന്നു. "സമാധാനം ഉണ്ടാക്കുന്നവർ ഭാഗ്യവാന്മാർ'' എന്ന ക്രിസ്തുവിന്റെ വചനവും, ശത്രുക്കളെ സ്നേഹിക്കുവാനും നമ്മെ ഉപദ്രവിക്കുന്നവർക്കുവേണ്ടി പ്രാർത്ഥിക്കുവാനുള്ള കർത്താവിന്റെ ആഹ്വാനവും നമ്മുടെ ജീവിതത്തിന് വ്യക്തമായ മാർഗ്ഗനിർദ്ദേശമാണ്. അതിനാൽ ഗാന്ധിജയന്തി ഒരു ദേശീയ അനുസ്മരണദിനം മാത്രമായി കാണാതെ സത്യസന്ധതയുടെയും സമാധാനത്തിന്റെയും സേവനത്തിന്റെയും മൂല്യങ്ങൾ ജീവിതത്തിൽ പുന:സ്ഥാപിക്കാനുള്ള അവസരമായി നാം കാണണം.

സെപ്റ്റംബർ 29, 30 തീയതികളിൽ ചിങ്ങവനം സെന്റ്ജോൺസ് ദയറാപള്ളിയിൽ നടത്തപ്പെടുന്ന പുണ്യശ്ലോകനായ ഏബ്രഹാം മോർ ക്ലീമീസ് വലിയ മെത്രാപ്പോലീത്തായുടെ ഓർമ്മാചരണം നമ്മുടെ സമുദായത്തിന് പ്രത്യേക പ്രാധാന്യമുള്ളതാണ്. 52 വർഷക്കാലം മലങ്കര സുറിയാനി ക്നാനായ സമുദായത്തിന്റെ മെത്രാപ്പോലീത്തായായി ശുശ്രൂഷ ചെയ്ത വന്ദ്യപിതാവിന്റെ ജീവിതവും നേതൃത്വവും നമ്മുടെ സഭാചരിത്രത്തിലെ ശ്രദ്ധേയമായ ഒരു അദ്ധ്യായമാണ്. ഒരു പിതാവിനെ അനുസ്മരിക്കുക എന്നത് അദ്ദേഹത്തിന്റെ പേരും കാലഘട്ടവും മാത്രം ഓർക്കുക എന്നതല്ല. അദ്ദേഹം സഭയ്ക്കും സമൂഹത്തിനും കൈമാറിയ ആത്മീയപൈതൃകം തിരിച്ചറിയുകയും അത് അടുത്ത തലമുറയിലേക്ക് കൈമാറുകയും ചെയ്യുക എന്നതാണ്. ദീർഘമായ ഇടയശുശ്രൂഷയിലൂടെ സഭയെയും വിശ്വാസികളെയും നയിച്ച വന്ദ്യപിതാവിന്റെ ഓർമ്മ നമ്മുടെ ഇന്നത്തെ തലമുറയ്ക്ക് ഉത്തരവാദിത്വത്തിന്റെ ഓർമ്മപ്പെടുത്തലായി മാറണം. വന്ദ്യപിതാവിന്റെ കബറിങ്കൽ ഒത്തുചേരുമ്പോൾ, നാം ഒരു പിതാവിനെ ഓർക്കുക എന്നതു മാത്രമല്ല, നമ്മുടെ സഭാപാരമ്പര്യത്തോടുള്ള ഉത്തരവാദിത്വവും പുതുക്കണം. മുൻതലമുറ വിശ്വാസത്തിനായി ചെയ്ത ത്യാഗങ്ങളെ ഓർക്കുകയും, ഇന്നത്തെ തലമുറയ്ക്ക് ആ വിശ്വാസം വിശ്വസ്തതയോടെ കൈമാറുകയും ചെയ്യേണ്ടത് നമ്മുടെ കടമയാണ്. പ്രത്യേകിച്ച് യുവതലമുറയ്ക്ക് സഭയുടെ ചരിത്രവും പിതാക്കന്മാരുടെ ജീവിതവും പരിചയപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. വേരുകളെ മറക്കുന്ന തലമുറയ്ക്ക് ഭാവിയിൽ ഉറച്ചു നിൽക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഓർമ്മാചരണങ്ങൾ നമ്മുടെ ചരിത്രബോധത്തെയും സഭാസ്നേഹത്തെയും വിശ്വാസനിഷ്ഠയെയും ശക്തിപ്പെടുത്തുന്ന അവസരങ്ങളാകട്ടെ.

എട്ടുനോമ്പ് നമ്മെ ദൈവത്തിലേക്ക് തിരിക്കട്ടെ; സ്ലീബ നമ്മെ ത്യാഗത്തിന്റെയും സ്നേഹത്തിന്റെയും വഴിയിലേക്ക് നയിക്കട്ടെ; ഗാന്ധിജയന്തി സത്യത്തിന്റെയും സമാധാനത്തിന്റെയും മൂല്യങ്ങൾ ഓർമ്മിപ്പിക്കട്ടെ; വലിയ മെത്രാപ്പോലീത്തായുടെ ഓർമ്മ വിശ്വാസപൈതൃകത്തോടുള്ള നമ്മുടെ ഉത്തരവാദിത്വം പുതുക്കട്ടെ. ആചരണങ്ങൾ ജീവിതത്തിൽ തുടർന്നുകൊണ്ടിരിക്കുന്ന ആത്മീയ അനുഭവങ്ങളാകട്ടെ. ദൈവം നൽകിയ വിശ്വാസപൈതൃകത്തെ നന്ദിയോടെ സ്വീകരിക്കുകയും, ക്രിസ്തുവിന്റെ സ്ലീബായെ ജീവിതത്തിന്റെ വഴികാട്ടിയാക്കുകയും, പരിശുദ്ധ ദൈവമാതാവിന്റെ സമർപ്പണ ജീവിതം മാതൃകയാക്കുകയും ചെയ്യുവാൻ നമുക്ക് ഇടയാകട്ടെ.

കർത്തൃ ശുശ്രൂഷയിൽ

**മോർ സേവേറിയോസ് കുറിയാക്കോസ്**

**ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത**



ക്നാനായ കോൺഗ്രസ്സ് കല്ലിശ്ശേരി മേഖലയുടേയും കല്ലിശ്ശേരി ക്നാനായ വലിയപള്ളി ക്നാനായ കോൺഗ്രസ്സ് യൂണിറ്റിന്റെയും ആഭിമുഖ്യത്തിൽ മെഡിസിൻ ഓൺ വീൽസ് & സൗജന്യ നേത്രചികിത്സാ ക്യാമ്പും മൈക്രോ ലാബിന്റെ സഹകരണത്തോടെ സൗജന്യരക്തപരിശോധനാ ക്യാമ്പും പുഷ്പഗിരി കോളേജ് ഓഫ് ഡെന്റൽ സയൻസ് മെഡിസിറ്റി ക്യാമ്പസ്സിന്റെ സഹകരണത്തോടെ ദന്തപരിശോധനാ ക്യാമ്പും കല്ലിശ്ശേരി ക്നാനായ വലിയപള്ളിയിൽ നടത്തപ്പെട്ടു. വികാരി ഫാ. സന്തോഷ് ചെറുകരേത്ത് ഉദ്ഘാടനം നിർവ്വഹിച്ചു. കല്ലിശ്ശേരി മേഖലാ സെക്രട്ടറി ബൈജു മോൻ ചാക്കോ, കേന്ദ്ര ജനറൽ സെക്രട്ടറി, റോയ് പുത്തൻ പുരയ്ക്കൽ, ബിനോയ് ഏബ്രഹാം, ഷാജി സിസി എന്നിവർ പ്രസംഗിച്ചു.

# സമുദായ വാർത്തകൾ



റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ,
ക്നാനായ സമുദായ സെക്രട്ടറി

പ്രിയപ്പെട്ടവരെ,

2026 ഓഗസ്റ്റ് 28-ാം തീയതിയായിരുന്നു ക്നാനായ അസ്സോസിയേഷൻ പൊതുയോഗം. അതുമായി ബന്ധപ്പെട്ട വാർത്തകളാണ് ഈ മാസത്തെ 'ക്നാനായദീപത്തിൽ' എഴുതുവാനുള്ളത്. കുറച്ചാളുകൾ ക്നാനായ സമുദായ നേതൃത്വത്തെ വളരെ ഇകഴ്ത്തി സോഷ്യൽ മീഡിയയിലൂടെ ഓരോ ദിവസവും നുണകൾ എഴുതി പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയായിരുന്നു. അതിനുള്ള കൃത്യമായ മറുപടി അസ്സോസിയേഷൻ യോഗത്തിൽ നൽകുവാൻ സമുദായ നേതൃത്വത്തിന് സാധിച്ചു എന്നുള്ളത്, ആഗസ്റ്റ് 28-ാം തീയതിയിലെ ലൈവ് ടെലികാസ്റ്റ് കണ്ട എല്ലാവർക്കും ബോധ്യമാകും. 2008 ലും 2009 ലും ഒക്കെ ക്നാനായ അസ്സോസിയേഷൻ തീരുമാനമെടുത്തതും, ടെൻഡർ വിളിച്ച് കുൽപ്പമലയിൽ നിന്ന് വെട്ടുകല്ല് വെട്ടി വിൽപ്പന നടത്തിയതും, അന്ന് അസ്സോസിയേഷൻ അതിന് അനുവാദം നൽകിയിരുന്നതും അതിന്റെ ബാക്കിയായി ഒരു കൊട്ടേഷൻ വിളിച്ച് 25 സെന്റ് സ്ഥലം മാത്രം കൊടുക്കുന്നതിന് 2022-ൽ കമ്മിറ്റി തീരുമാനിച്ചു. എന്നാൽ കൊടുത്തിട്ടില്ല. ഇപ്പോഴത്തെ കമ്മിറ്റി സമുദായത്തിൽ ധാരാളം വികസന പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്. എന്തു കാര്യം ചെയ്താലും അതിനെതിരെ അനാവശ്യ വിമർശനങ്ങളുമായി കുറച്ചാളുകൾ മനഃപൂർവ്വം തുനിഞ്ഞിറങ്ങിയിരിക്കുകയാണ്.

പ്രിയപ്പെട്ടവരേ, ക്നാനായ സമുദായത്തിന്റെ വരവു ചെലവു കണക്കും വാർഷിക റിപ്പോർട്ടും പാസ്സാക്കുന്നതിനുവേണ്ടിയുള്ള ക്നാനായ അസ്സോസിയേഷൻ സമ്മേളനം 2026 ആഗസ്റ്റ്മാസം 28-ാം തീയതി രാവിലെ 10.30 ന് ചിങ്ങവനം അഫ്രേം സെമിനാരിയിലെ അസ്സോസിയേഷൻ ഹാളിൽ വെച്ച് നടന്നു. അസ്സോസിയേഷൻ പ്രസിഡന്റ് ബഹുമാനപ്പെട്ട വി.എ. ഏബ്രഹാം ഇളയശ്ശേരി അച്ചന്റെ അദ്ധ്യക്ഷതയിൽ പ്രാർത്ഥനയോടെയാണ് സമ്മേളനം ആരംഭിച്ചത്. സമ്മേളനം തുടങ്ങുന്ന രാവിലെ 10.30 ന് കോട്ടയം വെക്കേഷൻ കോടതിയിൽനിന്നും ഒരു ഉത്തരവുമായി അഡ്വക്കേറ്റ് കമ്മീഷൻ വരികയും അദ്ദേഹം ഒരു കേസ് സെക്രട്ടറിയെ ഏൽപ്പിക്കുകയും ചെയ്തു. കേസിലെ വാദികൾ: 1. ബിനു കുരുവിള, വയസ്സ് 50, കല്ലേമണ്ണിൽ 2. ജോബി ജോയി, വയസ്സ് 46 ഇളകുറ്റൂർ, 3. അലക്സാണ്ടർ സി.എ. വയസ്സ് 62, ചെറുതറയിൽ വീട്, കവിയൂർ കേസിലെ പ്രതികൾ 1. മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ, 2. മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ സെക്രട്ടറി, 3. മലങ്കര സുറിയാനി ക്നാനായ സമുദായം, ലേ ട്രസ്റ്റി (അൽമായ ട്രസ്റ്റി) 4. ക്നാനായ കമ്മിറ്റി, ഹർജി (Petition) ഹർജിക്കാരന്റെ അഭിഭാഷകൻ സന്തോഷ് ഏബ്രഹാം ഫയൽ ചെയ്തത്. സത്യവാങ്മൂലത്തിൽ പറയുന്ന 2026 ആഗസ്റ്റ് 28 ന് ചിങ്ങവനത്തെ മാർ അഫ്രേം സെമിനാരിയിൽ നടത്തുവാൻ നിശ്ചയിച്ചിട്ടുള്ള മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷന്റെ യോഗനടപടികൾ എന്തൊക്കെയാണെന്ന് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ. കോഴിക്കോട് ജില്ലയിലെ കുൽപ്പമല എസ്റ്റേറ്റിലെ സമുദായത്തിന്റെ വസ്തുവിൽ നിന്ന് കരിങ്കല്ല് (laterite) വെട്ടിയെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങൾ, കോട്ടയം ജില്ലയിലെ തോട്ടയ്ക്കാടുള്ള മോർ സേവേറിയോസ് കോളേജിന്റെ നടത്തിപ്പ്, ക്നാനായ അസ്സോസിയേഷന്റെ മാനേജിംഗ് കമ്മിറ്റിയിലെ രണ്ട് ഒഴിവുകളിലേക്കുള്ള തിരഞ്ഞെടുപ്പ് എന്നിവ മേൽപ്പറഞ്ഞ യോഗത്തിൽ ചർച്ച ചെയ്യുന്നുണ്ടോ എന്ന് റിപ്പോർട്ട് ചെയ്യാൻ. നടപടിക്രമങ്ങൾ വീഡിയോഗ്രാഫ് ചെയ്യുകയും അത് പെൻഡ്രൈവിലോ മറ്റ് സമാനമായ ഇലക്ട്രോണിക് ഉപകരണത്തിലോ സമർപ്പിക്കാൻ. അസ്സോസിയേഷന്റെ യോഗനടപടികൾ പരിശോധിച്ച് റിപ്പോർട്ട് ചെയ്യുന്നതിനായി ഒരു കമ്മീഷനെ നിയമിച്ചുകൊണ്ട് ഉത്തരവ് ആയിരുന്നു. കമ്മീഷൻ യോഗ നടപടികൾ തീരുന്നതുവരെയും അവിടെ സന്നിഹിതനായിരുന്നു. പിന്നീട് സമ്മേളനം തുടർന്നു. നമ്മളിൽ നിന്ന് വേർപിരിഞ്ഞുപോയ ക്നാനായ കമ്മിറ്റി അംഗം ശ്രീ. ഉതുപ്പാൻ ജോസഫ് ചരിവുപറമ്പിൽ (കല്ലിശ്ശേരി), ഫാ.പി.റ്റി. മാത്യു പയ്യനാട്ട്, ശ്രീ. പി.സി ജേക്കബ് പുളിച്ചാമൂട്ടിൽ എന്നിവരുടെ സ്മരണയ്ക്ക് മുന്നിൽ യോഗം അനുശോചനം രേഖപ്പെടുത്തുകയും അവർക്കായി പ്രാർത്ഥിക്കുകയും ചെയ്തു. തുടർന്ന് ബഹുമാനപ്പെട്ട സന്തോഷ് ചെറുകരേത്ത് അച്ചൻ ധ്യാനപ്രസംഗം നടത്തി. അതിനുശേഷം പുതിയ അംഗങ്ങളുടെ സത്യപ്രതിജ്ഞാ ചടങ്ങുകൾ നടന്നു. സമുദായ സെക്രട്ടറി നോട്ടീസ് വായിച്ചതിനെ തുടർന്ന്, കഴിഞ്ഞ അസ്സോസിയേഷനുശേഷം സമുദായത്തിൽ നടന്ന കാര്യങ്ങളെക്കുറിച്ചും, അസ്സോസിയേഷൻ അംഗങ്ങളിൽനിന്ന് ഉയർന്നുവന്ന വിവിധ ചോദ്യങ്ങളുടെ അടിസ്ഥാനത്തിലും, സോഷ്യൽ മീഡിയയിൽ വരുന്ന വ്യാജ പ്രചരണങ്ങൾക്കുള്ള മറുപടിയായും സെക്രട്ടറി താഴെപ്പറയുന്ന കാര്യങ്ങൾ വിശദീകരിച്ചു. ആദ്യം, തമിഴ്നാട്ടിൽ സ്ഥിതി ചെയ്യുന്ന എഡേസ്സ തോട്ടത്തിൽ റബ്ബർ പ്ലാന്റ് ചെയ്തതിനെക്കുറിച്ചുള്ള വിശദീകരണമാണ് നൽകിയത്. തോട്ടത്തിൽ റബർപ്ലാന്റ് ചെയ്യുന്നതിനായി പത്രത്തിലും 'ക്നാനായ ദീപ

ത്തിലും' നോട്ടീസ് ബോർഡിലും പരസ്യം ചെയ്ത് ടെൻഡർ വിളിച്ചിരുന്നു. ആകെ മൂന്ന് ടെൻഡറുകളാണ് ലഭിച്ചത്. അതിൽ ഒന്ന്, റബ്ബർ തൈ നട്ട് മൂന്നുവർഷം പരിപാലിക്കുന്നതിന് ഒരാൾ 350 രൂപ കോട്ട് ചെയ്തു. ക്നാനായക്കാരനായ പുത്തംപള്ളി ഇടവക അംഗം 250 രൂപ നിരക്കും, തമിഴ്നാട്ടുകാരനായ ഒരാൾ 150 രൂപ നിരക്കും ക്വോട്ട് ചെയ്തു. ഏറ്റവും കുറഞ്ഞ തുക ക്വോട്ട് ചെയ്ത ആളിനാണ് ടെൻഡർ ഉറപ്പിച്ചത്. ഇത് ക്നാനായ കമ്മിറ്റി അംഗങ്ങളെല്ലാം ഒരുമിച്ചെടുത്ത തീരുമാനമാണ്. രണ്ട് അസ്സോസിയേഷൻ അംഗങ്ങൾ ആവശ്യപ്പെട്ടതനുസരിച്ച് മുണ്ടോട്ടക്കലെ ആളിനെ പോയി കണ്ടിരുന്നു. അദ്ദേഹമാണ് ആദ്യത്തെ റബ്ബർതൈ നട്ട് ഉദ്ഘാടനം ചെയ്തത്. ഒരു മരം നടുന്നതിന് 500 രൂപ ചിലവാകുമെന്നും, അങ്ങനെ വന്നാൽ പതിനായിരം മരം നടാൻ 50 ലക്ഷം രൂപയാകുമെന്നും അദ്ദേഹത്തിന്റെ ഒരു വോയ്സ് ക്ലിപ്പിൽ പറഞ്ഞിരുന്നു. എന്നാൽ, ഇപ്പോഴത്തെ കണക്കനുസരിച്ച് സമുദായത്തിന് 15 ലക്ഷം രൂപ മാത്രമേ ചിലവാകുകയുള്ളു. അതുവഴി സമുദായത്തിന് 35 ലക്ഷം രൂപ ലാഭമുണ്ടാക്കാൻ കഴിഞ്ഞു. ഇപ്പോൾ റബ്ബർമരങ്ങൾ ഏതാണ്ട് രണ്ടാൾ പൊക്കത്തിൽ വളർന്നു നിൽക്കുന്നുണ്ടെന്നും സെക്രട്ടറി സഭയെ അറിയിച്ചു. രണ്ടാമത് സെക്രട്ടറി പറഞ്ഞത് കുൽപ്പമല തോട്ടത്തെക്കുറിച്ചാണ്. കുൽപ്പമല തോട്ടത്തിൽ 2008 ഏപ്രിൽ മാസം 23-ാം തീയതി അന്നത്തെ സമുദായ സെക്രട്ടറി കുൽപ്പമല തോട്ടത്തിൽനിന്ന് 10 സെന്റ് സ്ഥലത്തെ വെട്ടുകല്ല് വെട്ടി വിൽക്കുന്നതിനായി കൊയിലാണ്ടി താലൂക്കിലുള്ള മുട്ടപ്പറമ്പിൽ ഷാജിയുമായി ഒരു എഗ്രിമെന്റ് വെച്ചിരുന്നു. ആ എഗ്രിമെന്റ് അദ്ദേഹം സഭയെ കാണിക്കുകയും ചെയ്തു. പിന്നീട് 2009 -ലെ സമുദായ കണക്കിലെ ഇൻകം ആൻഡ് എക്സ്പെൻഡിച്ചറിൽ, 10 സെന്റ് സ്ഥലത്തെ കല്ലുവെട്ടി വിറ്റതിന് 52,000 രൂപ ലഭിച്ചതായി രേഖപ്പെടുത്തിയിക്കുന്നതും സഭയെ കാണിച്ചു. കൂടാതെ, 2009 ആഗസ്റ്റ് 11 ൽ കൂടിയ ക്നാനായ അസ്സോസിയേഷൻ, കുൽപ്പമല തോട്ടത്തിന്റെ വികസന പ്രവർത്തനങ്ങൾക്കും റാന്നി, കല്ലിശ്ശേരി മേഖലകളിൽ ഒരിടത്ത് എൻജിനീയറിംഗ് കോളേജ്, ബി.എഡ്. കോളേജ്, ക്നാനായ സ്റ്റഡിസെന്റർ എന്നിവ ആരംഭിക്കുന്നതിനും, സ്വന്തമായി റാന്നി മേഖല ആസ്ഥാന മന്ദിരം ഉണ്ടാക്കുന്നതിനും സമുദായത്തിലെ മറ്റ് വികസന പ്രവർത്തനങ്ങൾക്കും വിനിയോഗിക്കുന്നതിനായി കുൽപ്പമല തോട്ടത്തിലെ വെട്ടുകല്ല് വെട്ടി വിൽക്കുന്നതിന് ക്നാനായ അസ്സോസിയേഷൻ അനുമതി കൊടുത്തതിന്റെ ഒറിജിനൽ അസ്സോസിയേഷൻ മിനിറ്റ്സ് ബുക്കിൽ രേഖപ്പെടുത്തിയിരിക്കുന്നത് വായിക്കുകയും ആ ബുക്ക് സഭയെ കാണിക്കുകയും ചെയ്തു. തന്നെയുമല്ല, അതേ വർഷത്തെ 2009-2010 ലെ ബഡ്ജറ്റിൽ 20—ാമത്തെ ഐറ്റമായി 77,50,000 രൂപ വരവിനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്ന ബഡ്ജറ്റ്ബുക്കും സഭയെ കാണിച്ചു. മുൻ ക്നാനായ കമ്മിറ്റിയും ക്നാനായ അസ്സോസിയേഷനും ഇങ്ങനെയുള്ള തീരുമാനങ്ങൾ എടുത്തതിന്റെ അടിസ്ഥാനത്തിലാണ്, 2018-2023 ലെ ക്നാനായ കമ്മിറ്റി 2022 ൽ 25 സെന്റ് സ്ഥലത്തെ കല്ല് വെട്ടി വിൽക്കുന്നതിന് തീരുമാനിച്ചത്. ഏതാണ്ട് 10 ഏക്കറോളം സ്ഥലം പുല്ലുപോലും കിളിർക്കാതെ കാടുകയറി പാറപോലെ കിടക്കുകയാണ്. ജിയോളജിയിൽ നിന്നുള്ള പാസ് അവരുടെ സ്വന്തം ചിലവിൽ അവർ തന്നെ എടുക്കണം. പാസ് എടുത്തു കഴിഞ്ഞ് ആറുമാസത്തിനകം 25 സെന്റ് സ്ഥലത്തുനിന്ന് മാത്രം കല്ലു വെട്ടിയെടുക്കാൻ പാടുള്ളൂ. പത്രത്തിൽ പരസ്യം ചെയ്ത് പല ക്വൊട്ടേഷനുകൾ വന്നതിൽ ഏറ്റവും കൂടുതൽ തുക ക്വോട്ടു ചെയ്ത ആൾക്ക്, മുകളിൽ പറഞ്ഞ കണ്ടീഷൻ അനുസരിച്ച് 8 ലക്ഷം രൂപയ്ക്ക് 25 സെന്റ് സ്ഥലത്തെ കല്ലു വെട്ടിയെടുക്കാൻ കൊടുക്കുവാൻ തീരുമാനിച്ചു. എന്നാൽ, നാലുവർഷമായിട്ടും ജിയോളജിയിൽ നിന്നും പാസ്സ് ലഭിച്ചിട്ടില്ല, ഇനിയും കിട്ടുമോ എന്ന് സംശയവുമാണ്. ആ പ്രദേശം മുഴുവൻ നമ്മുടെ കൂടെയുള്ള ചില ആളുകൾ നടന്ന് കള്ളപ്രചരണം നടത്തുകയാണ്. പാസ്സ് കിട്ടുക എന്നത് വലിയ ദുഷ്കരമാണെന്നും സെക്രട്ടറി പറഞ്ഞു. ആ സ്ഥലം ഒരു മലപോലെയാണ്. കല്ല് വെട്ടി മാറ്റുമ്പോൾ ലഭിക്കുന്ന മണ്ണ് അവിടെയിട്ട് നികത്തിയാൽ കൃഷിക്ക് അനുയോജ്യമാക്കാം. കുൽപ്പമലയിൽ നിന്ന് ഇപ്പോഴത്തെ കമ്മിറ്റി ഒരു കല്ലുപോലും വെട്ടിയിട്ടില്ലെന്നും കമ്മിറ്റി കല്ലുവെട്ടി വിറ്റു എന്ന് നുണപ്രചരണം നടത്തുകയാണ് എന്നും സെക്രട്ടറി അറിയിച്ചു. ഇതാണ് സത്യമെന്നും സെക്രട്ടറി കൂട്ടിച്ചേർത്തു. തുടർന്ന് തോട്ടയ്ക്കാട് സേവേറിയോസ് കോളേജിനെക്കുറിച്ച് സെക്രട്ടറി വിശദീകരിച്ചു. കോളേജ് പണിയുന്നതിനുവേണ്ടി തന്നെയാണ് പത്തേക്കർ സ്ഥലം തോട്ടയ്ക്കാട് വാങ്ങിയത്. ഉമ്മൻചാണ്ടിയുടെ കാലത്ത് ഒരു ആർട്സ് കോളേജിനു വേണ്ടി കല്ലിട്ടിരുന്നുവെങ്കിലും അത് തുടങ്ങാൻ സാധിച്ചില്ല. ആ ആഗ്രഹം നിറവേറ്റുക എന്നതും ഇതിന് ഒരു കാരണമായിരുന്നു. ക്നാനായ സമുദായത്തിനുവേണ്ടി സമുദായ മെത്രാപ്പോലീത്തായുടെ പേരിലാണ് സ്ഥലം വാങ്ങിയിരുന്നതെന്ന് വെളിപ്പെടുത്തിക്കൊണ്ട് അതിന്റെ ആധാരവും കാണിച്ചു. കോളേജിന് കെട്ടിടം പണിയുന്നതിനുവേണ്ടി മലയാള മനോരമയിലും ക്നാനായ ദീപത്തിലും പരസ്യം ചെയ്താണ് ടെന്റർ വിളിച്ചത്. കേരളത്തിലെ പ്രമുഖരായ 11 കമ്പനികൾ ആ ടെന്ററിനായി ഫോറം വാങ്ങിയതിൽ 7 പേർ ടെന്റർ കൊടുത്തു. ഏറ്റവും കുറവ് ടെൻഡർ ക്വോട്ട് ചെയ്ത കമ്പനിക്ക് വളരെ സുതാര്യമായിട്ടാണ് വർക്ക് കൊടുത്തത്. കെട്ടിടത്തിന്റെ പണി തുടങ്ങിയപ്പോൾ തന്നെ എം.ജി. യൂണിവേഴ്സിറ്റിയിൽ നിന്ന് 3 കോഴ്സുകൾക്ക് അംഗീകാരം ലഭിച്ചുവെങ്കിലും, പഴയ കോഴ്സുകൾക്ക് കുട്ടികളെ ലഭിക്കുവാൻ ബുദ്ധിമുട്ടാണെന്ന് മനസ്സിലാക്കിയതിനാൽ കിട്ടിയ അനുവാദം ഉപയോഗിച്ചില്ല. പിന്നീട് നേഴ്സിംഗ് കോളേജിന് അപേക്ഷ കൊടുത്തുവെങ്കിലും, കേരളത്തിലെ നിയമം അനുസരിച്ച് ആശുപത്രി ഇല്ലാത്തതിനാൽ അത് ലഭിച്ചില്ല. തുടർന്ന് ഫോറിൻ യൂണിവേഴ്സിറ്റിയുടെ കോഴ്സുകൾക്കായി ശ്രമിക്കുകയാണുണ്ടയത്. ഒരു രൂപപോലും ലോൺ എടുക്കാതെയാണ് കോളേജിന്റെ പണികൾ നടത്തുന്നത്. അതിന്റെ താമസം കോളേജ് പൂർത്തീകരണത്തിന് തടസ്സമാകുന്നുണ്ട്. സമുദായമെത്രാപ്പോലീത്ത ചെയർമാനായി ഒരു എജ്യുക്കേഷൻ അഡ്വൈസറി ബോർഡ് രൂപീകരിച്ചിട്ടുണ്ട്. അതിന്റെ ബോർഡ്മെമ്പർമാർ താഴെ പറയുന്നവരാണ്. 1.ഡോ. സണ്ണി ലൂക്ക് (ശാസ്ത്രജ്ഞൻ, മെഡിക്കൽ ജനറ്റിസിസ്റ്റ്, ടിഷ്യു എൻജിനീയർ, പ്രൊഫസർ, അന്താരാഷ്ട്ര വിദ്യാഭ്യാസ വിദഗ്ദ്ധൻ). 2. ഡോ. ബാബു ജോസഫ് (മുൻ പ്രിൻസിപ്പൽ, സെന്റ്തോമസ് കോളേജ്, റാന്നി) 3.ഡോ. എബി കുരുവിള (ലൂയി സിവിൽ സർവ്വകലാശാല, ചിക്കാഗോ, യു.എസ്.എ.) 4. അഡ്വ. സന്ദീപ് ഏബ്രഹാം താമരപ്പള്ളി 5.ക്നാനായ കമ്മിറ്റിയെ പ്രതിനിധീകരിച്ച് പ്രസിഡന്റ്, സെക്രട്ടറി, ട്രസ്റ്റി, ക്നാനായ കമ്മറ്റി അംഗങ്ങളെല്ലാം ഈ ബോർഡിൽ ഗസ്റ്റ് മെമ്പർമാർ ആയിരിക്കും. ഇനിയും പ്രഗത്ഭരായ വിദ്യാഭ്യാസ

വിദഗ്ദ്ധരെ ബോർഡിൽ ചേർക്കുന്നതായിരിക്കും എന്നും സെക്രട്ടറി പറഞ്ഞു. ഈ വിദഗ്ദ്ധ ബോർഡിന്റെ നിർദ്ദേശം അനുസരിച്ചു മാത്രമേ കോളേജിന്റെ പ്രവർത്തനം മുന്നോട്ട് പോവുകയുള്ളു എന്നും, സമുദായത്തിന് ദോഷം വരുന്ന ഒരു എഗ്രിമെന്റും ആരുമായിട്ടും വെക്കുകയില്ല എന്നും, ഫോറിൻ യൂണിവേഴ്സിറ്റിയുമായുള്ള എഗ്രിമെന്റ് ക്നാനായ സമുദായത്തിന്റെ പേരിൽ തന്നെയായിരിക്കുമെന്നും സെക്രട്ടറി അറിയിച്ചു. മന്ദിരം കവലയിൽ സമുദായവകയായി പണ്ടു കാലത്ത് പണിത ഒരു കെട്ടിടം വെറുതെ കിടന്നിരുന്നുവെന്നും, അവിടെ 'ക്നാനായ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി എന്ന സ്ഥാപനം തുടങ്ങിയെന്നും, കഴിഞ്ഞ വർഷം 2 ലക്ഷം രൂപ ആ സ്ഥാപനത്തിൽ നിന്നും ലാഭം ലഭിച്ചുവെന്നും സെക്രട്ടറി സഭയെ അറിയിച്ചു.

അതുപോലെ റാന്നി നെല്ലിക്കമണ്ണിൽ ഭവനരഹിതരായ ആളുകൾക്കായി 5 ഭവനങ്ങൾ പൂർത്തിയായി എന്നും, കൂടുതൽ ഭവനങ്ങൾ നിർമ്മിച്ചു കൊണ്ടിരിക്കുന്നു എന്നും, സമുദായത്തിന്റെ കേസ് നടക്കുന്നതിനുവേണ്ടി ചെലവാകുന്ന പണത്തിൽ ഏറിയപങ്കും സംഭാവനയായി ലഭിക്കുന്നതാണെന്നും സെക്രട്ടറി അറിയിച്ചു. സമുദായത്തിലെ സഹായ മെത്രാന്മാരുടെ വിഷയം തീർക്കുന്നതിനുവേണ്ടി പ്രയത്നിക്കുന്ന വൈദികർ അവരുടെ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകുന്നുണ്ട് എന്നും വൈദികരുടെ പ്രവർത്തനങ്ങളെ അഭിനന്ദിച്ചുകൊണ്ട് സെക്രട്ടറി സംസാരിച്ചു. പിന്നീട് അസ്സോസിയേഷൻ നേരിട്ട് പങ്കെടുത്തവരുടെയും ഓൺലൈൻ വഴി സംബന്ധിച്ചവരുടെയും കൃത്യമായ കോറം തിട്ടപ്പെടുത്തിയശേഷമാണ് ഔദ്യോഗിക നടപടികളിലേക്ക് കടന്നത്. കണക്കുമായി ബന്ധപ്പെട്ട ചോദ്യങ്ങൾക്ക് സമുദായ ട്രസ്റ്റി ശ്രീ. ടി.സി. തോമസ് തോപ്പിൽ മറുപടി നൽകി. വിദേശത്തുള്ള ദൈവാലയങ്ങളിലെ ആണ്ടുവരി കുടിശ്ശിക ഒറ്റത്തവണ തീർപ്പനുസരിച്ച് ചെയ്ത കാര്യങ്ങളും, സമുദായത്തിലെ സഹായമെത്രാന്മാരുടെ വിഷയങ്ങളെക്കുറിച്ച് നടത്തിയ ചർച്ചകളും ബഹുമാനപ്പെട്ട രാജൻകുളമട അച്ചൻ വിശദീകരിച്ചു. എല്ലാ എഴുത്തുകളും ചോദ്യങ്ങളും 'അസ്സോസിയേഷൻ സെക്രട്ടറി, മോർ അഫ്രേം സെമിനാരി, ചിങ്ങവനം എന്ന വിലാസത്തിൽ അയക്കണമെന്ന് നോട്ടീസിൽ ഉണ്ടായിരിന്നിട്ടും പലരും അത് പാലിച്ചിരുന്നില്ല. അവരവരുടെ ഇ മെയിലിൽ നിന്ന് അയച്ചതും അവരവർ ഒപ്പിട്ട് അയച്ചതുമായ എല്ലാ ചോദ്യങ്ങൾക്കും മറുപടി പറഞ്ഞു. എന്നാൽ, ഒപ്പില്ലാതെയും സ്വന്തം ഇ മെയിലിൽ നിന്നും അയക്കാത്തതുമായ ചോദ്യങ്ങൾക്ക് ഉത്തരം ലഭിക്കില്ലെന്ന് സെക്രട്ടറി യോഗത്തെ അറിയിച്ചു. കണക്കും റിപ്പോർട്ടും സംബന്ധിച്ച എല്ലാ ചോദ്യങ്ങൾക്കും ട്രസ്റ്റി വിശദമായ ഉത്തരം കൊടുത്തതിനുശേഷം, കണക്ക് പാസ്സാക്കുവാൻ അസ്സോസിയേഷൻ അംഗങ്ങൾ ആവശ്യപ്പെടുകയും അതിനെ അംഗങ്ങൾ പിന്താങ്ങുകയും ചെയ്തതിന്റെ വെളിച്ചത്തിൽ 2025–2026 വർഷത്തെ കണക്കും റിപ്പോർട്ടും പാസ്സായതായി പ്രസിഡന്റ് പ്രഖ്യാപിച്ചു. പിന്നീട് ലഞ്ച് ബ്രേക്കിനായി സഭ പിരിഞ്ഞു. ലഞ്ച് ബ്രേക്കിനുശേഷം കോമൺ ചോദ്യങ്ങൾക്ക് സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം മറുപടി പറഞ്ഞു. ശ്രീ. റ്റിനു തോട്ടുപുറത്തിന്റെയും അനിൽ കിടങ്ങേറ്റിപ്പറമ്പിലിന്റെയും ചോദ്യങ്ങൾക്ക് മറുപടി പറയാതിരുന്നതിന്റെ കാരണം സെക്രട്ടറി സഭയെ അറിയിച്ചു. കഴിഞ്ഞ അസ്സോസിയേഷൻ സമുദായ വിരുദ്ധ പ്രവർത്തനങ്ങൾ (പാരലൽ ഭരണം) നടത്തുന്നതുമായി ബന്ധപ്പെട്ട് അവരുടെ പേരിൽ നടപടി എടുക്കണമെന്ന് അഭിപ്രായം വരികയും, അതിന് അസ്സോസിയേഷൻ അംഗീകാരം കൊടുക്കുകയും ചെയ്തു. എന്നാൽ, നടപടി എടുക്കുന്നതിന് മുമ്പായി തന്നെ അവർ കോടതിയിൽ കേസ് കൊടുത്തു. പിന്നീട് അവരുടെ മേൽ പള്ളിക്കുറ്റമുൾപ്പെടെയുള്ള തുടർനടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. അവരെ അസ്സോസിയേഷനിൽ സംബന്ധിപ്പിച്ചിട്ടുണ്ടെങ്കിലും, ചോദ്യങ്ങൾക്ക് ഉത്തരം കൊടുക്കാത്തത് കോടതി ഓർഡർ ലഭിക്കാത്തതുകൊണ്ടാണെന്ന് സെക്രട്ടറി സഭയെ അറിയിച്ചു. ശ്രീ. സജിമോൻ കീളാത്രയുടെ ചോദ്യത്തിന് മറുപടി കൊടുത്തതിനുശേഷം, ക്നാനായ അസ്സോസിയേഷനിൽ നല്ല രീതിയിൽ ട്രസ്റ്റിയും സെക്രട്ടറിയും എല്ലാ ചോദ്യങ്ങൾക്കും മറുപടി നൽകുന്നുണ്ടെന്നും, നല്ല രീതിയിൽ മീറ്റിംഗ് നടത്തിക്കൊണ്ടുപോകുന്നതിനെക്കുറിച്ചും പറഞ്ഞ് ശ്രീ. സജിമോൻ കീളാത്ര അഭിനന്ദിച്ച് സംസാരിച്ചു. പിന്നീട് ഫിലിപ്പ് തോമസ് മാമംഗലത്തിന്റെ ചോദ്യം സോഷ്യൽ മീഡിയയിലൂടെ സമുദായ നേതൃത്വത്തിനെതിരെ ഒരു തെളിവുമില്ലാതെ ആരോപണങ്ങൾ വരുന്നതിനെതിരെ എന്ത് നടപടി എടുക്കുമെന്നും, മറ്റ് ക്രൈസ്തവ സമൂഹത്തിന് മുമ്പിൽ തെളിവില്ലാതെ വലിയ നുണപ്രചരണങ്ങൾ നടത്തുന്നതും നല്ല രീതിയിൽ ഭരണം നടത്തുന്ന കമ്മിറ്റിയെ ഇകഴ്ത്തിക്കാണിക്കുന്നത് ശരിയല്ലെന്നും, അവർക്കെതിരെ എന്ത് നടപടിയെടുക്കുമെന്നുമുള്ള ചോദ്യത്തിന് സെക്രട്ടറി മറുപടി നൽകി. തെളിവുകൾ ഇല്ലാതെ കമ്മിറ്റിയെ ഇകഴ്ത്തിക്കാണിക്കുന്നവരുടെമേൽ, അടുത്ത അസ്സോസിയേഷൻ മുതൽ തെളിവുകൾ ഇല്ലാതെ അസ്സോസിയേഷനിൽ അംഗങ്ങൾ പരസ്യമായി ആരോപണം ഉന്നയിച്ചാൽ കർശന നടപടി എടുക്കുമെന്ന് സെക്രട്ടറി സഭയെ അറിയിച്ചു. 2018–ൽ 8,000 രൂപ അടിസ്ഥാന ശമ്പളമുണ്ടായിരുന്ന വൈദികരുടെ ശമ്പളം 18,000 രൂപയായി ഉയർത്തിയെന്നും, വീണ്ടും കഴിഞ്ഞ അസ്സോസിയേഷനിൽ 10% കൂടി വർദ്ധിപ്പിച്ചുവെന്നും സെക്രട്ടറി സഭയെ അറിയിച്ചു. ബോംബേ പള്ളി അസ്സോസിയേഷൻ അംഗം സുരേഷ് വാഴയ്ക്കന്റെ ചോദ്യത്തിന് ഉത്തരമായി, എത്രയും പെട്ടെന്ന് ബോംബെ പള്ളിക്ക് വൈദികനെ നൽകാമെന്ന് സെക്രട്ടറി അറിയിച്ചു. ശ്രീ.ഏബ്രഹാം കെ.മാത്യുവിന്റെ ചോദ്യത്തിന് ഉത്തരമായി, കുൽപ്പമലയിൽ ഇപ്പോൾ കരമടച്ചു കൊണ്ടിരിക്കുന്നത് 76 ഏക്കർ സ്ഥലത്തിനാണെന്നും അവിടെ നിന്ന് ഈ കമ്മിറ്റി വന്നതിനുശേഷം ഒരു സെന്റ് സ്ഥലം പോലും നഷ്ടപ്പെട്ടിട്ടില്ലെന്നും മറുപടി നൽകി. നേരത്തെ 50 സെന്റ് സ്ഥലം കൈവശംവച്ചിരുന്ന ആളുടെ കൈയ്യിൽ നിന്നും റീസർവ്വേ വന്നപ്പോൾ ആ 50 സെന്റ് തിരിച്ചു പിടിച്ചു. കൂടാതെ കൃഷിക്ക് അനുയോജ്യമല്ലാത്ത ഏകദേശം 10 ഏക്കർ സ്ഥലം കുൽപ്പമലയിലുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി. 2012–15 ലെ കമ്മിറ്റി നെല്ലിക്കൻ തോട്ടം പണയംവെച്ച് ഒന്നരക്കോടി രൂപ എടുത്ത് സെമിനാരിയുടെ പുറകിൽ ക്രമവിരുദ്ധമായി ഒരു സെന്റിന് 4,10,000 രൂപ നിരക്കിൽ 37 സെന്റ് സ്ഥലത്തിന് 1 കോടി 10 ലക്ഷം രൂപ അഡ്വാൻസ് കൊടുത്തു എന്നും ഒടുവിൽ 3,90,000 രൂപ വിലയ്ക്ക് 30 സെന്റ് വാങ്ങിയെന്നും സെക്രട്ടറി അറിയിച്ചു. അതിൽനിന്നും വരുമാനം വല്ലതും കിട്ടുന്നുണ്ടോ എന്ന ചോദ്യത്തിന് നാളിതുവരെ ഒരു വരുമാനവും ലഭിച്ചിട്ടില്ലെന്നും

4,10,000 എന്നത് അന്യായ വിലയാണെന്നും ഇന്നവിടെ സ്ഥലത്തിന് രണ്ടരലക്ഷം രൂപപോലും വിലയില്ലെന്നും ഇത് സമുദായത്തിന് വലിയ നഷ്ടമായിപ്പോയി എന്നും സെക്രട്ടറി അറിയിച്ചു. 4,10,000 രൂപയ്ക്ക് എഗ്രിമെന്റ് രജിസ്റ്റർ ചെയ്ത് 3,90,000 രൂപയ്ക്ക് ആധാരം എഴുതിയതിനാൽ രജിസ്ട്രാർ ഓഫീസിൽനിന്നും അധികതുകയ്ക്ക് ഫൈൻ അടയ്ക്കുന്നതിനുള്ള നടപടികൾ എടുത്തു വരുന്നുണ്ടെന്നും സെക്രട്ടറി അറിയിച്ചു. 506 കേസ് തീരാത്തത് വാദിയും പ്രതിയും ഒരുമിച്ച് പ്രവർത്തിക്കുന്നത് കൊണ്ടാണെന്ന് സഭയെ അറിയിച്ചു. ബൈജുമോൻ ചാക്കോയുടെ ചോദ്യത്തിന് ഉത്തരമായി, കോംപ്രമൈസുമായി ബന്ധപ്പെട്ട് വൈദികർക്ക് കൊടുത്ത കത്തുകളിൽ രണ്ടെണ്ണം കോടതിയിൽ കേസിൽ ഹാജരാക്കിയിട്ടുണ്ടെന്ന് സെക്രട്ടറി ഉത്തരം പറഞ്ഞു. സമുദായ മെത്രാപ്പോലീത്തായുടെ സസ്പെൻഷന് എതിരായി ഒ.ടി. ജേക്കബ് എന്നയാൾ ഹൈക്കോടതിയിൽ ഫയൽ ചെയ്തിരുന്ന കേസിൽ, മോഹൻ ജേക്കബ് എന്ന അഡ്വക്കേറ്റ് വാദിക്കാതെ പിന്മാറിയെന്ന് സഭയെ അറിയിച്ചു. ജേക്കബ് തോമസ് ഇടവഴിയ്ക്കലിന്റെ ചോദ്യത്തിന് ഉത്തരമായി, സമുദായ മെത്രാപ്പോലീത്തായുടെ കൽപ്പന അനുസരിക്കാതെ വിഘടിത ദേവാലയങ്ങളിൽ പോകുന്ന ആളുകൾക്കെതിരെ നടപടി എടുക്കുന്നതിന് കത്തുകൾ അയക്കുവാൻ തീരുമാനിച്ചു. ക്നാനായ അസ്സോസിയേഷൻ പിരിച്ചുവിടണം എന്ന ആവശ്യവുമായി കോട്ടയം കോടതിയിൽ 10 ലക്ഷം രൂപ കോർട്ട് ഫീസ് അടച്ച് കേസ് കൊടുത്ത ഏബ്രഹാം വാഴയിലിനെ പ്രസംഗിക്കുവാൻ അംഗങ്ങൾ അനുവദിച്ചില്ല. ഫിലിപ്പ് സി,മാത്യുവിന്റെ ചോദ്യത്തിന് ഉത്തരമായി, സൈമൺ കോർ-എപ്പിസ്കോപ്പാ ഫണ്ട് ഇപ്പോൾ സമുദായത്തിൽ ഇല്ലെന്നും അത് തിരിച്ചുപിടിക്കാൻ നിയമപരമായി സമുദായത്തിന് സാധിക്കുന്നില്ലെന്നും ഇപ്പോൾ വൈദിക വിദ്യാർത്ഥികൾക്ക് സമുദായത്തിലെ ഓരോ വ്യക്തികളുമാണ് ഫണ്ട് കൊടുക്കുന്നതെന്നും അറിയിച്ചു. കൂടാതെ, സമുദായത്തിന്റെ തമിഴ്നാട്ടിലുള്ള എഡേസ്സാ എസ്റ്റേറ്റിൽ പോകാൻ ആഗ്രഹമുള്ള അസ്സോസിയേഷൻ അംഗങ്ങൾ സമുദായ ഓഫീസിൽ പേര് കൊടുക്കണമെന്നും സഭയെ അറിയിച്ചു. അടുത്ത അധ്യയന വർഷം മുതൽ സൺഡേസ്കൂൾ കുട്ടികൾക്ക് പുതിയ സിലബസ് നൽകുമെന്ന് സഭയെ അറിയിച്ചു. പിന്നീടുള്ള ചോദ്യങ്ങൾക്ക് മറുപടിയായി, തോട്ടയ്ക്കാട്ടെ കെട്ടിട നമ്പർ ലഭിച്ചിട്ടില്ലെന്നും കൈതക്കൃഷിക്ക് 7 ഏക്കർ സ്ഥലം കൊടുത്തിട്ടുണ്ടെന്നും ഒരു ഏക്കറിന് 75,000 രൂപയാണ് വാങ്ങിയതെന്നും അറിയിച്ചു. ടെൻഡറുകൾ നിയമാനുസരണം മാത്രമേ കൊടുക്കുകയുള്ളുവെന്നും, പ്രീ-ക്വാളിഫിക്കേഷൻ നോക്കുമെന്നും ഏറ്റവും കുറഞ്ഞ റേറ്റ് ക്വോട്ട് ചെയ്ത ആളിന് മാത്രമേ ടെൻഡർ നൽകുകയുള്ളുവെന്നും വ്യക്തമാക്കി. വിദേശ രാജ്യങ്ങളിൽ പോകുന്ന വൈദികർ അവിടുത്തെ പൗരത്വം സ്വീകരിച്ചാലും ക്നാനായ സമുദായ ദേവാലയങ്ങളിൽ കുർബാന ചൊല്ലണമെങ്കിൽ ക്നാനായ സമുദായ മെത്രാപ്പോലീത്തായുടെ കല്പ്പനകളും ക്നാനായ സമുദായ ഭരണഘടനയും അനുസരിച്ച് പ്രവർത്തിക്കണം എന്ന് അസ്സോസിയേഷൻ തീരുമാനമെടുത്തു. അസ്സോസിയേഷനിൽ ചോദ്യം ചോദിക്കേണ്ടത് ഏതുവിധമാണെന്ന് റിപ്പോർട്ടും കണക്കും അയച്ച ബുക്കിൽ കൃത്യമായി എഴുതിയിട്ടുണ്ടെന്നും സ്വന്തം ഇമെയിലിൽ നിന്നോ അവരവരുടെ ഒപ്പോടുകൂടിയോ അയക്കുന്ന ചോദ്യങ്ങൾ മാത്രമേ സ്വീകരിക്കുകയുള്ളുവെന്നും സെക്രട്ടറി അറിയിച്ചു. ഇതിന് വിരുദ്ധമായി ഊമക്കത്ത് അയക്കുന്നതുപോലെ അയച്ചാൽ മറുപടി ലഭിക്കുകയില്ല.ജേക്കബ് തോമസ് ഇടവഴിയ്ക്കലിന്റെ ചോദ്യത്തിനും അജയ് മാത്യു വാഴയ്ക്കൻ, രാജൻ പുന്നാറ്റുശ്ശേരി, എന്നിവരുടെ പ്രമേയങ്ങളിലും പറഞ്ഞിരിക്കുന്നത്, സിൽവാനോസ് തിരുമേനിയെ നാട്ടിലേക്ക് തിരികെ വിളിക്കണം എന്നും അദ്ദേഹത്തെ സമുദായ പ്രവർത്തനങ്ങളിൽനിന്നും മാറ്റിനിർത്തണം എന്നുമുള്ള ആവശ്യമായിരുന്നു. ഇത് വിശദമായി ചർച്ച ചെയ്യുകയും ഒടുവിൽ പ്രമേയം വോട്ടിനിടുകയും ചെയ്തു. 9 പേരുടെ എതിർപ്പോടെ പ്രമേയം പാസ്സാക്കുകയും സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ക്നാനായ സമുദായത്തിലെ വൈദികരുടെ കുറവ് പരിഹരിക്കുന്നതിന് 65 വയസ്സിൽ താഴെയുള്ള ദൈവവിളിയുള്ളപുരുഷന്മാരെ മിഷൻ വൈദികരായി നിയമിക്കുവാൻ ക്നാനായ കമ്മിറ്റികൊണ്ടുവന്ന ഒരു പ്രമേയവും ബൈലോയും അസ്സോസിയേഷൻ പാസ്സാക്കുകയും ബൈലോയിൽ കൂടുതൽ ക്ളോസുകൾ എഴുതിച്ചേർക്കുന്നതിനോ കുറയ്ക്കുന്നതിനോ സമുദായ മെത്രാപ്പോലീത്തായും ആയിട്ടും വൈദിക കൗൺസിലുമായും ക്നാനായ കമ്മിറ്റിയുമായി ആലോചിച്ച് തീരുമാനിക്കുന്നതിന് സമുദായ മെത്രാപ്പോലീത്തായ്ക്ക് സമർപ്പിക്കുവാൻ തീരുമാനിക്കുകയും ചെയ്തു. ക്ളീമീസ് സ്കൂൾ ബൈലോ സി.ബി.എസ്.ഇ സ്കൂളിന് അനുസൃതമായി അമൻഡ് ചെയ്യുവാൻ തീരുമാനിച്ചു. ക്നാനായ സമുദായ പതാക ക്നാനായ കമ്മിറ്റിയുടേയും സമുദായ മെത്രാപ്പോലീത്തായുടേയും അംഗീകാരമുള്ളതാണെന്ന് സെക്രട്ടറി സഭയെ അറിയിച്ചു. 2025-26 ലെ ക്നാനായ കോൺഗ്രസ്സിന്റെ വരവ്-ചെലവ് കണക്ക് ട്രസ്റ്റിയുടെ അഭാവത്തിൽ ക്നാനായ കോൺഗ്രസ്സ് കേന്ദ്ര സെക്രട്ടറി അവതരിപ്പിക്കുകയും അസ്സോസിയേഷൻ അത് പാസ്സാക്കുകയും ചെയ്തു. വൈകുന്നേരം 5.30 ന് പ്രാർത്ഥനയോടുകൂടി യോഗം സമാപിച്ചു. അസ്സോസിയേഷൻ നടപടികളെക്കുറിച്ച് കൂടുതൽ വിശദമായി അറിയാൻ ആഗ്രഹിക്കുന്നവർക്ക് സമുദായത്തിന്റെ ഔദ്യോഗിക ചാനലായ MSKS മീഡിയയിൽ ലഭ്യമായ ലൈവ് വീഡിയോ കാണാവുന്നതാണ്.

ക്നാനായ സമുദായത്തിലെ വിവിധദേവാലയങ്ങളെ പങ്കെടുപ്പിച്ചു കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളിയുടെനേതൃത്വത്തിൽ നടത്തിയ ഇട്ടിത്തൊമ്മൻ ഫുഡ്ബോൾ ലീഗ് ടൂർണ്ണമെന്റിൽ വിജയികളായ ചിങ്ങവനം സെന്റ് ജോൺസ് ക്നാനായ പുത്തൻപള്ളി ടീമിന്റെ വിജയാഘോഷചടങ്ങ് പുതുപ്പള്ളി എം എൽ എ ചാണ്ടി ഉമ്മൻ ഉദ്ഘാടനം ചെയ്തു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്താ ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി വികാരി ഫാ. സന്തോഷ് ചെറുകരേത്ത്, ലിനുവാരാത്ര, ഡാൻ ഏബ്രഹാം സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ എന്നിവർ ടീമിനെ അനുമോദിച്ച് പ്രസംഗിച്ചു.

**ക്നാനായ സമുദായ സെക്രട്ടറി**
**റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ**



*Celebrating in the grace of Lord, our 60th Wedding Anniversary 11th September 2026*

**Mr. V.I. Joykutty & Mrs. Jolly Joy**
Murikolipuzha House, Cherukunlanji, Ranny

Prayers & best wishes from
Ebee Joies & Reni Ebee Canada, Libee
Biju & Biju Philip, Ootty, Tinu Samuel & Shaji Samuel, Newyork
Pavitra, Hannah, Philip Biju, Aneena Tony, Aena, Ryan Samuel & Rheanna Samuel
(Grand Children)

Advt - O





ക്നാനായദീപം, ക്ലീമിസ് പ്രസ്സ്, മോർ അഫ്രേം സെമിനാരി സ്റ്റാഫ് എന്നിവർ സംയുക്തമായി സംഘടിപ്പിച്ച ഓണാഘോഷ പരിപാടി ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി ഉദ്ഘാടനം ചെയ്തു.





ക്നാനായ കോൺഗ്രസ് കല്ലിശ്ശേരി മേഖലയുടെ ആഭിമുഖ്യത്തിൽ തമ്പി ചാക്കോ പാലന്തറ മലയിൽ മെമ്മോറിയൽ ട്രോഫിക്കു വേണ്ടിയും, ജേക്കബ് ചാക്കോ മണ്ണെട്ട് കോയിപ്പുറത്ത്പറമ്പിൽ മെമ്മോറിയൽ ട്രോഫിക്ക് വേണ്ടിയും ഉള്ള രണ്ടാമത് അഖിലക്നാനായ ബാഡ്മിന്റൺ ടൂർണമെന്റ് തിരുവല്ല വൈഎംസിഎയിൽ വച്ച് നടന്നു, ഫാ. മാത്യു ഉതുപ്പാന്റെ അധ്യക്ഷതയിൽ, സമുദായ സെക്രട്ടറി T.O. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു, സമുദായ ട്രസ്റ്റി ടി. സി. തോമസ് തോപ്പിൽ സമ്മാനദാനം നിർവഹിച്ചു




# അഭിനന്ദനങ്ങൾ!

ആനപ്രമ്പാൽ St. Mary's ക്നാനായ പള്ളി ഇടവകാംഗം, ആഞ്ഞിലിമൂട്ടിൽ **അനുജ് പുന്നൂസ്** ഡോക്ടറേറ്റ് (Ph.D) കരസ്ഥമാക്കി.

യുകെയിൽ കേംബ്രിഡ്ജ് NHS ആശുപത്രിയിൽ ട്രോമ ആൻഡ് ഓർത്തോപീഡിക്സ് ടീം ലീഡ് ആയി ജോലി ചെയ്യുന്ന അനുജ്, ആംഗ്ലിയ റസ്കിൻ യൂണിവേഴ്സിറ്റിയിൽ നിന്നാണ് Ph.D പൂർത്തിയാക്കിയത്. NIHR-ന്റെ £220,000 സ്കോളർഷിപ്പോടെയായിരുന്നു പഠനം.

ഇപ്പോൾ യുകെയിലെ കേംബ്രിഡ്ജ് സർവകലാശാലയിൽ സർജറി വിഭാഗത്തിൽ ക്ലിനിക്കൽ ലക്ചററായും പ്രവർത്തിച്ചു വരുന്നു.

ആഞ്ഞിലിമൂട്ടിൽ എ.പി പുന്നൂസിന്റെയും വത്സമ്മ പുന്നൂസിന്റെയും മകനാണ് Dr. അനുജ് പുന്നൂസ്.

ഭാര്യ സെറീന റാന്നി കുന്നിരിക്കൽ പരേതനായ പ്രൊഫ. കെ.സി. കുര്യാക്കോസിന്റെയും മറിയാമ്മയുടെയും മകളാണ്. മക്കൾ നീവ്, മരിയാൻ.

നിലവിൽ ഡോ. അനുജ് യുകെയിലെ കേംബ്രിഡ്ജ് സെന്റ് ജോസഫ്സ് ക്നാനായ പള്ളി അംഗമാണ്.

Advt - O

Happy 40th Wedding Anniversary

31/08/1986



T.C. Thomas Thoppil

&

Kunjumol Thomas

Thoppil House
Thiruvanvandoor
(Ernakulam)

After 40 years our family



Advt - O

Thank you for all the love and support you have given us over the years.
In this special Ruby anniversary moment best wishes to our role model parents.
Thank God

*Best Compliments from*

Martin Thomas - Tania Martin
Alex Thomas - Lilly Anju ALex

grand kids
Hanna Martin, Albert Martin, Alia Alex

## 50 – ാം വിവാഹ വാർഷികം

**12th September 2026**



**K.U.CHACKO & THANKAMMA CHACKO**

Kollamparampil House

Channanikadu

**ഇത്രത്തോളം യഹോവ സഹായിച്ചു**

**ഇത്രത്തോളം ദൈവം ഞങ്ങളെ നടത്തി**

*പ്രാർത്ഥനയോടും ആശംസകളോടും കൂടെ*

*മക്കൾ, മരുമക്കൾ, കൊച്ചുമക്കൾ*



ക്നാനായ സമുദായത്തിലെ വിവിധ ദേവാലയങ്ങളെ പങ്കെടുപ്പിച്ചു കല്ലിശ്ശേരി സെന്റ് മേരീസ് വലിയ പള്ളിയുടെ നേതൃത്വത്തിൽ നടത്തിയ ഇട്ടിത്തൊമ്മൻ ഫുട്ബോൾ ലീഗ് ടൂർണ്ണമെന്റിൽ വിജയികളായ ചിങ്ങവനം സെന്റ് ജോൺസ് ക്നാനായ പുത്തൻപള്ളി ടീമിന്റെ വിജയാഘോഷ ചടങ്ങ് പുതുപ്പള്ളി MLA ചാണ്ടി ഉമ്മൻ ഉദ്ഘാടനം ചെയ്യുന്നു. ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുര്യാക്കോസ് മോർ സേവേറിയോസ് അധ്യക്ഷത വഹിച്ച ചടങ്ങിൽ കല്ലിശ്ശേരി സെന്റ് മേരീസ് ക്നാനായ വലിയപള്ളി വികാരി ഫാ. സന്തോഷ് ചെറുകരേത്ത്, ക്നാനായ സമുദായ സെക്രട്ടറി റ്റി. ഓ ഏബ്രഹാം തോട്ടത്തിൽ, ലിനു വാരാത്ര, ഡാൻ ഏബ്രഹാം എന്നിവർ സമീപം.



ക്നാനായ സുവിശേഷ സമാജത്തിന്റെ നേതൃത്വത്തിൽ നടത്തുന്ന ക്നാനായ കൺവെൻഷൻ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം ചിങ്ങവനം സെന്റ് ജോൺസ് പുത്തൻ പള്ളിയിൽ സംസ്ഥാന ജലവിഭവ ഭവന നിർമ്മാണ വകുപ്പ് മന്ത്രി ശ്രീ. മോൻസ് ജോസഫ് നിർവഹിക്കുന്നു



ക്നാനായ സുവിശേഷ സമാജം വാർഷിക ധ്യാനം **ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്ത ആർച്ച് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ്** ഉദ്ഘാടനം ചെയ്യുന്നു.
സജി മുണ്ടയ്ക്കൽ, ജിജി ഏബ്രഹാം കറുകേലിൽ, ഫാ. ബെന്നി എബ്രഹാം മാമലശ്ശേരിൽ, ഫാ. ജേക്കബ്കുട്ടി കല്ലുകുളം, റവ. സുനിൽ എ ജോൺ, ഫാ. തോമസ് ജേക്കബ് ആഞ്ഞിലിമൂട്ടിൽ സമീപം.



സുനിൽ ഡി. കുരുവിള

# കുട്ടികളിലെ കുറ്റവാസന: ഒറ്റമൂലിയൊന്നും അന്വേഷിക്കേണ്ട!

**It's not about what you tell your children, but how you show them how to live life."**

ആരോഗ്യപരമായ അന്തരീക്ഷത്തിൽ വളരുന്ന കുട്ടികളിൽ സ്വഭാവ വൈകല്യങ്ങൾ പൊതുവെ കുറവാണ്. നല്ല ഭവനങ്ങളാണ് സമൂഹത്തിന്റെ നട്ടെല്ല്. വീടല്ല ഭവനം. വീട് വാങ്ങാൻ കഴിയും. ഭവനം വാങ്ങാൻ കഴിയില്ല! ജ്ഞാനം കൊണ്ട് ഭവനം പണിയാം എന്ന് വിശുദ്ധ ബൈബിൾ! നല്ല മൂല്യങ്ങൾകൊണ്ടും സംസ്കാരംകൊണ്ടും കാഴ്ചപ്പാടുകൊണ്ടുമാണ് ഭവനം രൂപപ്പെടുന്നത്. ഒരുമിച്ചുള്ള ക്വാളിറ്റി ടൈം, പ്രാർത്ഥന, ഭക്ഷണം ഒക്കെ ഭവനത്തെ പരിപോഷിപ്പിക്കും. അത്തരം അന്തരീക്ഷത്തിൽ വളർന്നുവരുന്ന കുട്ടികൾ എങ്ങനെ തെറ്റിപ്പോകാനാണ്? നല്ല മനുഷ്യനാകണം ഭവനത്തിന്റെ ലക്ഷ്യം.. നല്ല മനുഷ്യനാണ് അടിസ്ഥാനം. കുട്ടികളെ മികവും നന്മയും നിറവും ഉള്ളവരാക്കാൻ ഭവനവും സ്കൂളും നന്നേ മാറേണ്ടതുണ്ട്.

The greatest gifts you can give your children are the roots of responsibility and the wings of independence."

കുടുംബത്തിന്റെ പങ്ക്.

"If you want your children to be intelligent, read them fairy tales. If you want them to be more intelligent, read them more fairy tales." – Albert Einstein

**1. സ്നേഹവും സുരക്ഷിതത്വവും ഉള്ള ഭവനം**

മാതാപിതാക്കളുടെ മാനസിക വൈകാരിക ആരോഗ്യം കുട്ടികളുടെ വളർച്ചയെ ഏറ്റവും സ്വാധീനിക്കുന്ന ഘടകമാണ്. മാതാപിതാക്കൾ തമ്മിൽ സ്നേഹത്തോടെയും ബഹുമാനത്തോടെയും ഇടപെടുന്ന വീടുകൾ കുട്ടികൾക്ക് സ്വർഗ്ഗമാണ്. കുട്ടികളെ മനസ്സിലാക്കാൻ വലിയ പരിശ്രമം വേണം. കുട്ടികളുടെ വളർച്ചാ ആവശ്യങ്ങൾ തിരിച്ചറിയണം. ക്ഷമയോടെ ഇടപെടണം. അവരുടെ വ്യത്യസ്തതകൾ അംഗീകരിക്കണം. അനാവശ്യമായ താരതമ്യം, മത്സരം ഒഴിവാക്കണം. അവരോട് ക്ഷമയോടെ സംസാരിക്കണം. കഥകൾ പറഞ്ഞു കൊടുക്കണം. നല്ല ആശയങ്ങളും ചിന്തകളുമൊക്കെ പങ്കുവെക്കണം. സമൂഹത്തിൽ ഉന്നത മാതൃകയുള്ളവരെ പരിചയപ്പെടുത്തണം. അമിതമായ സമ്മർദ്ദവും പ്രതീക്ഷയും വിപരീത ഫലമേ നൽകുകയുള്ളൂ. കുറവുള്ള കുട്ടികളെ കൂടുതൽ ചേർത്ത് നിർത്തണം. പോഷക ആഹാരം, വിശ്രമം, ശുചിത്വം, ഓടിച്ചാടിയുള്ള കളികൾ, പ്രകൃതിയുമായും സമൂഹമായും ഉള്ള ആരോഗ്യപരമായ ബന്ധം, സൗഹൃദം, ഒക്കെ ചെറിയ പ്രായത്തിലേ പ്രോത്സാഹിപ്പിക്കണം. അവർ സന്തോഷമുള്ളവരാണ് എന്ന് ഉറപ്പുവരുത്തണം!

**2. നല്ല മാതൃക**

എന്ത് കണ്ടാണ്, അനുഭവിച്ചാണ്, ആസ്വദിച്ചാണ് കുട്ടികൾ വളർന്നുവരേണ്ടത്? മാതാപിതാക്കൾ ചിന്തിക്കുക. ടാങ്കിൽ ഉള്ളതേ ടാപ്പിൽ വരൂ! മാതാപിതാക്കളിൽ നിന്നാണ് കുട്ടികൾ ജീവിത മൂല്യങ്ങൾ, സംസ്കാരം, പ്രശ്നപരിഹാരം ഒക്കെ പഠിക്കുന്നത്. ഓർക്കാം! അധ്വാനിച്ച് ജീവിക്കാൻ, ലളിതമായി ജീവിക്കാൻ, മറ്റുള്ളവരെ ബഹുമാനിക്കാൻ, സഹായിക്കാൻ, പങ്കുവയ്ക്കാൻ, കരുതാൻ ഒക്കെ കുട്ടികൾക്ക് കണ്ട് വളരാൻ അവസരം ഉണ്ടാകണം. ജീവിതത്തിലെ പ്രശ്നങ്ങൾ, വെല്ലുവിളികൾ എങ്ങനെ നേരിടണം... മനുഷ്യബന്ധങ്ങൾ വീഴ്ചകൾ എങ്ങനെ കാത്ത് സൂക്ഷിക്കണം... ഭവനത്തിൽ നിന്നാണ് പഠിയ്ക്കേണ്ടത്. പണത്തേക്കാൾ വില ബന്ധങ്ങൾക്കുണ്ട് എന്ന് അവർ മനസ്സിലാക്കുന്നത് എങ്ങനെയാണ്? സമൂഹത്തോടും പ്രകൃതിയോടുമുള്ള നമ്മുടെ കടപ്പാട് അവർ എങ്ങനെ തിരിച്ചറിയും. സ്വന്തം സുഖത്തിനും നേട്ടങ്ങൾക്കുമപ്പുറം സഹോദരനെക്കൂടി കരുതേണ്ടതുണ്ട് എന്ന് അവർ എങ്ങനെ മനസ്സിലാക്കും. ഇവിടെയാണ് മാതൃകകൊണ്ട് നമ്മൾ ഉയർന്നു നിൽക്കാൻ ബാധ്യസ്ഥരാകുന്നത്.

**3. തുറന്ന ആശയ വിനിമയം**

കുട്ടികൾക്ക് എന്തും തുറന്ന് പറയാൻ കഴിയുന്ന ഒരു ഭവന അന്തരീക്ഷം വളരെ പ്രധാനമാണ്. അവരെ ക്ഷമയോടെ കേൾക്കണം. തെറ്റുകൾ, വീഴ്ചകൾ, തോൽവി ഒക്കെ മനുഷ്യസഹജമാണ്.. അതിൽ നിന്ന് എന്ത് പഠിച്ചു എന്നതാണ് പ്രധാനം. അമിതമായി ശകാരം, ഉപദേശം, കുറ്റപ്പെടുത്തൽ എന്നിവ വലിയ ഗുണം ചെയ്യില്ല എന്നു മാത്രമല്ല ചില കുട്ടികളിൽ വിപരീത ഫലം ചെയ്തേക്കാം. കുട്ടികളുടെ മാനസിക ആരോഗ്യം, വൈകാരികതലം ഒക്കെ ശ്രദ്ധിക്കണം. അമിത വാശി, ചെറിയ പ്രായത്തിലുള്ള അക്രമവാസന, കള്ളം പറച്ചിൽ, കുറ്റം പറച്ചിൽ, ഒക്കെ ഗൗരവമായി എടുക്കണം. ചെറിയ പ്രായത്തിൽ തന്നെ അത് മാറ്റിയെടുക്കണം. മാതാപിതാക്കൾക്ക് അതിന് കഴിയുന്നില്ലെങ്കിൽ വേണ്ടിവന്നാൽ പ്രൊഫഷണൽ സഹായം എടുക്കാൻ മടിക്കരുത്.

**4. വ്യക്തമായ പരിധി – അച്ചടക്കം അനിവാര്യം**

'No' പറയേണ്ടിടത്ത് നോ പറയാൻ മടിക്കരുത്. ചെറിയ പ്രായം മുതലേ കുട്ടികളിൽ ചിട്ട, ക്രമം ഒക്കെ ശീലിപ്പിക്കണം. അച്ചടക്കമാണ് ഒരു നല്ല മനുഷ്യനിലേക്കുള്ള വഴി.. അടിസ്ഥാനം ശരിയേത്, തെറ്റേത്, കൊള്ളേണ്ടത് എന്ത്, തള്ളേണ്ടത് എന്ത്...എന്ന് കുട്ടികൾ ചെറിയ പ്രായത്തിലേ അറിയണം. അവകാശങ്ങളല്ല ഉത്തരവാദിത്വമാണ് അവർ ആദ്യം പഠിക്കേണ്ടത്.

വീട്ടിലെ ജോലികൾ ഒക്കെ അവരും ചെയ്തു പഠിക്കട്ടെ. പ്രയാസങ്ങളും വിഷമങ്ങളും ഒക്കെ അറിഞ്ഞു വളരട്ടെ. അവനവന്റെ ജീവിത സാഹചര്യങ്ങൾക്കും സാമ്പത്തിക

സ്ഥിതിക്കും അനുസരിച്ച് കുട്ടികളെ വളർത്തുക. അതിന് ചേരുന്ന സ്കൂളും മറ്റും തിരഞ്ഞെടുക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ആഡംബരവും കമ്പോളസംസ്കാരവും കുട്ടിക്കാലത്തേ ശീലിപ്പിക്കേണ്ട. ഭക്ഷണം, വേഷം, ജീവിതരീതിയൊക്കെ സംസ്കാര സൂചികയും കൂടിയാണ്. മറക്കാതിരിക്കാം.

കുട്ടികളുടെ സമഗ്രമായ വ്യക്തിത്വ വികസനമായിരിക്കണം അത്യന്തിക ലക്ഷ്യം. കുട്ടികൾ തെറ്റ് ചെയ്താൽ അതിനുള്ള പ്രത്യാഘാതങ്ങൾ അവർ തന്നെ നേരിടണം. അനാവശ്യമായി അവരെ സപ്പോർട്ട് ചെയ്തു ചീത്തയാക്കരുത്. ചെറിയ തെറ്റുകളെ താലോലിച്ച് വലിയ കുറ്റവാളികളെ സൃഷ്ടിക്കാതിരിക്കാം!

**5. കൂട്ടുകാരെ അറിയുക... ഫോണിലുള്ള പ്രവർത്തനം ശ്രദ്ധിക്കുക**

കുട്ടികൾ കൗമാരത്തിൽ എത്തിയാൽ സൗഹൃദങ്ങൾക്ക് വലിയ പ്രാധാന്യമുണ്ട്. നല്ല സൗഹൃദങ്ങൾ അവരുടെ വളർച്ചയ്ക്ക് ഏറ്റവും പ്രധാനമാണ്. നല്ല സൗഹൃദങ്ങളെ പ്രോത്സാഹിപ്പിക്കാൻ ശ്രമിക്കുകയും വേണം. എന്നാൽ മോശം സൗഹൃദങ്ങൾ കുട്ടികളെ അപകടത്തിലേക്ക് നയിച്ചേക്കാം. അതുകൊണ്ട് തന്നെ അവരുടെ ഫ്രണ്ട്സ് ആരൊക്കെയാണ്... വർത്തമാനം എന്താണ്? പ്രവർത്തനങ്ങൾ എന്തൊക്കെയാണ് എന്ന് ശ്രദ്ധിക്കണം. കുട്ടികളുടെ സുഹൃത്തുക്കളെ അറിയാനും അവരുടെ കുടുംബവുമായും കഴിയുമെങ്കിൽ സൗഹൃദം സൂക്ഷിക്കാനും ശ്രമിക്കാം. ഇന്ന് കുട്ടികൾ കൂടുതൽ സമയം സോഷ്യൽ മീഡിയയിലും ഓൺലൈൻ ആയും ചിലവഴിക്കുന്നതുകൊണ്ട് വലിയ ജാഗ്രത ഈ കാര്യത്തിലും ഉണ്ടാകണം. അവരുടെ ഓൺലൈൻ പ്രവർത്തനങ്ങൾ, ബന്ധങ്ങൾ ഒക്കെ അറിയണം. ഏത് കാര്യവും തുടക്കത്തിൽ പരിഹരിക്കാൻ അല്ലെങ്കിൽ കുട്ടികൾക്ക് നല്ല ഗൈഡൻസും കൗൺസിലിംഗും ഒക്കെ കൗമാര പ്രായത്തിൽ ഉറപ്പാക്കിയാൽ പല അപകടങ്ങളും ഒഴിവാക്കാൻ സാധിക്കും. ഭവനത്തിൽ നല്ല ആശയ വിനിമയമുള്ള കുട്ടികൾ കൂടുതൽ സുരക്ഷിതരാണ്.

**സ്കൂളിന്റെ പങ്ക്**

"Every child you encounter is a divine appointment."

**1. സൗഹൃദപരമായ അന്തരീക്ഷം**

സ്കൂളുകൾ കുറെക്കൂടി child centered ആകേണ്ടതുണ്ട്. കുട്ടികളെ കണ്ടെത്താനും അവരെ കൂടുതൽ മനസ്സിലാക്കാനും രൂപാന്തരപ്പെടുത്താനും വിദ്യാഭ്യാസത്തിൽ ഇടമുണ്ടാകണം. അക്കാദമിക് കാര്യങ്ങളിൽ മാത്രമായി ഒതുങ്ങുന്ന വിദ്യാഭ്യാസം കുട്ടികളിലെ പ്രശ്നങ്ങളോ സാധ്യതകളോ പലപ്പോഴും കണ്ടെത്തുന്നില്ല. അദ്ധ്യാപകരുടെ സമഗ്രമായ പരിശീലനമാണ് ഏറ്റവും പ്രധാനം. കുട്ടികളുമായി നല്ല വൈകാരിക ബന്ധം സ്ഥാപിക്കാനും അവരെ respect ചെയ്യാനും കഴിയണം. അവരെ അടുത്തറിയുന്നതിലൂടെ മാത്രമേ അവരിലെ പ്രശ്നങ്ങളെ പരിഹരിക്കാൻ കഴിയുകയുള്ളു. ആധുനിക കാലത്തെ കുട്ടികളുടെ പ്രശ്നങ്ങൾ വ്യത്യസ്തമാണ്.. പരിഹാരവും വ്യത്യസ്തമാകണം... അതിന് നിരന്തരവും സമഗ്രവുമായ പരിശീലനം തന്നെയാണ് പ്രധാനം. കുട്ടികളുടെ ആരോഗ്യം, സ്വഭാവം, വ്യക്തിത്വ വികസനം എല്ലാം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യത്തിനുള്ളിൽ വരണം.

**2. പെരുമാറ്റപ്രശ്നങ്ങൾ നേരത്തേ തിരിച്ചറിയുക**

കുട്ടികളിൽ ചെറിയ പ്രായം മുതലേ പ്രശ്നങ്ങളുടെ സൂചനകൾ ശ്രദ്ധിക്കണം. അമിതമായ ദേഷ്യം, വാശി, കുറ്റവാസന, പഠന വൈകല്യം, സ്വഭാവ വ്യക്തിത്വ പ്രശ്നങ്ങൾ ഒക്കെ കണ്ടേക്കാം. പലപ്പോഴും കുട്ടികളിലെ പ്രശ്നങ്ങളുടെ വേരുകൾ മാതാപിതാക്കളിൽ തന്നെയാകും ഉണ്ടാവുക. മോശപ്പെട്ട ഭവന അന്തരീക്ഷം. മാതാപിതാക്കൾ തമ്മിലുള്ള പ്രശ്നങ്ങൾ, കുട്ടികളെ ശ്രദ്ധിക്കാത്ത രക്ഷിതാക്കൾ, ഗ്രാൻഡ് പേരന്റ്സിന്റെ കൂടെയുള്ള ജീവിതം ഒക്കെ പ്രശ്നങ്ങൾ സങ്കീർണ്ണമാക്കാം. കുട്ടികളിൽ പ്രശ്നങ്ങൾ കണ്ടാൽ അത് രക്ഷിതാക്കളുമായി ചർച്ചചെയ്യണം. സ്കൂളും രക്ഷിതാവും പരസ്പര സഹകരണത്തോടെ പ്രവർത്തിക്കുകയാണ് പ്രശ്നപരിഹാരത്തിന് ആവശ്യം. പരസ്പരം പഴിചാരലും കുറ്റപ്പെടുത്തലും പരിഹാരമല്ല.

**3. എല്ലാവർക്കും സമഗ്രവും നിരന്തരവുമായ കൗൺസിലിംഗ്- ഗൈഡൻസ് ഉറപ്പാക്കുക**

ആധുനിക കാലത്ത് ഗൈഡൻസും കൗൺസിലിംഗും ഒഴിച്ചുനിർത്തി വിദ്യാഭ്യാസത്തിന് നിലനിൽക്കാൻ കഴിയുകയില്ല. അദ്ധ്യാപകരോടൊപ്പം മാതാപിതാക്കളും നന്നായി പരിശീലിക്കപ്പെടണം. മാതാപിതാക്കളെ നന്നായി ഒരുക്കാതെ കുട്ടികളെ മികവുള്ളവരാക്കാൻ സാധിക്കുകയില്ല. മാതാപിതാക്കൾ പലപ്പോഴും വൈകാരികമായി മാത്രമാണ് കുട്ടികളുടെ കാര്യങ്ങളെ സമീപിക്കുന്നത്. അറിവില്ലായ്മയും വലിയ തടസ്സമാണ്. മാനസിക-ആരോഗ്യ കാര്യങ്ങളിലുള്ള അജ്ഞത ജീവിതത്തെപ്പറ്റിയും വിദ്യാഭ്യാസത്തെപ്പറ്റിയും ഉള്ള കാഴ്ചപ്പാടില്ലായ്മ ഇന്ന് സമൂഹത്തിലെ ഏറ്റവും ഗൗരവമേറിയ വിഷയമാണ്. നിരന്തരമായ പരിശീലനം മാറ്റങ്ങൾ സൃഷ്ടിക്കും. പ്രാധാന്യമുള്ള വിദ്യാഭ്യാസ പ്രവർത്തനങ്ങൾ കലാലയങ്ങളിൽ കൂടി വരണം. മികച്ച പ്രഭാഷണങ്ങൾ, ചരിത്ര-പരിസ്ഥിതി-സാമൂഹിക അവബോധമൊക്കെ കുട്ടികൾക്ക് ലഭിക്കാൻ അവസരമൊരുക്കണം. നല്ല ബന്ധങ്ങളും സൗഹൃദങ്ങളും പരിപോഷിപ്പിക്കണം. സന്നദ്ധ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കണം. നല്ല മനുഷ്യനും നല്ല പൗരനുമാകാനുള്ളതാകണം വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം.

**5. കലാ-കായിക പ്രവർത്തനങ്ങളാൽ സമ്പന്നമാകണം ക്യാംപസ്**

ഓരോ കുട്ടിയും കലയോ കായികമോ ആയ പ്രവർത്തനങ്ങളിൽ ഉണ്ട് എന്ന് ഉറപ്പു വരുത്തണം. കളികൾ പ്രോത്സാഹിപ്പിക്കണം. കുട്ടികളുടെ സമഗ്ര വികസനത്തിന് കലാ-കായിക പ്രവർത്തനങ്ങൾ അനിവാര്യമാണ്. ട്യൂഷനും കോച്ചിംഗും അക്കാദമിക് സമ്മർദ്ധവും അമിതമായപ്പോൾ കുട്ടികൾക്ക് നഷ്ടപ്പെട്ടത് അവരുടെ ബാല്യവും കൗമാരവും അതിന്റെ സന്തോഷങ്ങളുമാണ്. എല്ലാവരെയും ഡോക്ടറും എൻജിനീയറുമാക്കാനുള്ള തിരക്കിൽ അവർ കുട്ടികളാണെന്നുപോലും പലപ്പോഴും മറന്നുപോയി. സന്തോഷമുള്ള കുട്ടികളാണ് ലോകത്ത് സമാധാനം വിതയ്ക്കുന്നത്. സന്തോഷമില്ലാത്ത കുട്ടികളാണ് പലപ്പോഴും വഴി തെറ്റുന്നത്..ഓർക്കാം.

"Children are like soft petals. One wrong pluck and they are damaged forever!"

രക്ഷിതാക്കളും അദ്ധ്യാപകരും ഒറ്റക്കെട്ടായി സഹകരിച്ചുള്ള പ്രവർത്തനം ഈ കാര്യങ്ങളിൽ എല്ലാം ഉറപ്പാക്കണം.

ഒരു കുട്ടിയും ഒരു കുറ്റവാളിയാകാനോ മോശപ്പെട്ടവനാകാനോ ആഗ്രഹിക്കുന്നില്ല. നല്ലത് ലഭിക്കാതെ വരുമ്പോൾ മോശപ്പെട്ടതിലേക്ക് കുട്ടികൾ തിരിഞ്ഞേക്കാം. അത്തരം അവസരങ്ങളും സാധ്യതകളും ഇല്ലാതാക്കാൻ അവരുടെ പരിസ്ഥിതി മികവുള്ളതാക്കാൻ രക്ഷിതാക്കളും അദ്ധ്യാപകരും സമൂഹവും കൈകോർത്താൽ ഒരു കുട്ടിപോലും നഷ്ടപ്പെട്ടുപോവുകയില്ല.

(സുനിൽ ഡി കുരുവിള. പ്രമുഖ കരിയർ, പാരന്റിംഗ് കൗൺസിലറും അദ്ധ്യാപക പരിശീലകനുമാണ്. മാനവശേഷി രംഗത്ത് പ്രവർത്തിക്കുന്ന ഇൻസൈറ്റ് മിഷന്റെ സ്ഥാപകൻ കൂടിയാണ് അദ്ദേഹം. Email Sunil_Kuruvilla @ rediffmail.com

സെൽ ഫോൺ നമ്പർ +91 96561444712

9847400712. കൂടുതൽ പേരന്റിംഗ് ഗൈഡൻസ് 'Sunil Kuruvilla' എന്ന യുട്യൂബിലും കാണാം)

# ഈസോപ്പുചെടി പാപമുക്തിയുടെയും ദൈവീക വീണ്ടെടുപ്പിന്റെയും പ്രതീകം

Dn.അഖിൽ മനോജ്, പുന്നൂച്ചേരിൽ

വേദപുസ്തകത്തിൽ ശുദ്ധീകരണത്തിന്റെയും ദൈവീക സംരക്ഷണത്തിന്റെയും മനോഹരമായ അടയാളമാണ് ഈസോപ്പുചെടി. ഈജിപ്തിലെ അടിമത്തത്തിൽ കഴിഞ്ഞിരുന്ന യിസ്രായേൽ ജനത്തെ സംഹാരദൂതനിൽ നിന്ന് രക്ഷിക്കാൻ ദൈവമായ കർത്താവ് തിരഞ്ഞെടുത്ത് ഉപയോഗിച്ചത് ഈ ചെറിയ ചെടിയായിരുന്നു. പെസഹാ കുഞ്ഞാടിന്റെ ജീവന്റെ രക്തം ഈസോപ്പുചെടിയിൽ മുക്കി ഓരോ വീടിന്റെയും വാതിൽക്കൽ പുരട്ടിയപ്പോൾ മരണത്തിന്റെ ദൂതൻ അവരെ കടന്നുപോയി. ദൈവത്തിന്റെ അളവറ്റ സ്നേഹവും കരുതലോടെയുള്ള രക്ഷയും ആ ലളിതമായ ചെടിയിലൂടെ അവരുടെ ഭവനങ്ങളിലേക്ക് ഒഴുകിയെത്തുകയായിരുന്നു. അർഹതയില്ലാത്ത മനുഷ്യർക്ക്മേൽ തളിക്കപ്പെടുന്ന ദൈവകൃപയുടെയും വിശുദ്ധീകരണത്തിന്റെയും ആഴമേറിയ സന്ദേശമാണ് ഈസോപ്പുചെടി നമ്മെ ഓർമ്മിപ്പിക്കുന്നത്.

യേശുക്രിസ്തുവിന്റെ കാൽവറി യാഗത്തിലും ഈസോപ്പുതണ്ട് ഏറ്റവും ഗൗരവമേറിയ ഒരു പങ്കു വഹിക്കുന്നത് കാണാം. അഖിലാണ്ഡത്തിന്റെ പാപഭാരം ചുമന്ന് കുരിശിൽ തൂങ്ങി ദാഹിച്ചു വലഞ്ഞ രക്ഷകന് പുളിച്ച വീഞ്ഞു നിറച്ച സ്പോഞ്ച് എത്തിച്ചു നൽകിയ ഒരു ഈസോപ്പുതണ്ടിൽ ആക്കിവെച്ചായിരുന്നു (യോഹ. 19:29). പഴയ നിയമത്തിൽ പെസഹ കുഞ്ഞാടിന്റെ രക്തം വീടുകളുടെ കട്ടിളപ്പടിയിൽ പുരട്ടാൻ ഉപയോഗിച്ച അതേ ഈസോപ്പ്, പുതിയ നിയമത്തിൽ അക്ഷരാർത്ഥത്തിൽ സർവ്വലോകത്തിന്റെയും പാപങ്ങൾക്കായി സ്വന്തം ജീവൻ ബലിയായി അർപ്പിച്ച ദൈവത്തിന്റെ അന്ത്യകുഞ്ഞാടായ യേശുവിന്റെ കുരിശുമരണത്തിലും സാക്ഷിയായി നിന്നു. ക്രിസ്തു ചൊരിഞ്ഞ പരിശുദ്ധ രക്തം മനുഷ്യവർഗ്ഗത്തിന്റെ മുഴുവൻ പാപക്കറകളെയും കഴുകിക്കളയാൻ പ്രാപ്തിയുള്ളതാണെന്ന വലിയ സത്യം ഇവിടെ പൂർത്തിയാക്കപ്പെടുകയാണ്. കുരിശിലെ ആ അന്ത്യനിമിഷങ്ങളിൽ ഈസോപ്പുതണ്ട് ക്രിസ്തുവിന്റെ അധരങ്ങളോട് അടുത്തു വന്നപ്പോൾ, അത് പഴയ നിയമത്തിലെ നിഴലുകളുടെ പൂർത്തീകരണവും പുതിയ നിയമത്തിലെ കൃപയുടെ വെളിപാടുമായി മാറി. ശാരീരികമായ ദാഹം തീർക്കാൻ നൽകപ്പെട്ട വീഞ്ഞും ഈസോപ്പും, ആത്മീയമായി ലോകത്തിന് നിത്യജീവന്റെ ജീവജലം ലഭ്യമാക്കുന്നതിന്റെ സൂചനയായിരുന്നു. കുരിശിലെ ആ യാഗത്തിലൂടെ മനുഷ്യനും ദൈവത്തിനുമിടയിൽ നിത്യമായൊരു ബന്ധം സ്ഥാപിക്കപ്പെടുകയും ഈസോപ്പുതണ്ടിലൂടെ തളിക്കപ്പെട്ട ആ രക്തം ലോകത്തിന് മുഴുവൻ നിത്യരക്ഷയുടെ കവാടം തുറന്നുകൊടുക്കുകയും ചെയ്തു.

പ്രകൃതിയിൽ സാധാരണയായി കാണപ്പെടുന്ന വള്ളിച്ചെടികൾ മറ്റുമരങ്ങളിലോ സസ്യങ്ങളിലോ പടർന്നുകയറി മാത്രമേ വളരുകയും നിലനിൽക്കുകയും ചെയ്യാറുള്ളൂ. എന്നാൽ ഈസോപ്പുചെടി എന്ന വള്ളിച്ചെടിക്ക് മറ്റ് ചെടികളുടെ താങ്ങില്ലാതെ തനിയെ നിവർന്നു നിൽക്കാനുള്ള അപൂർവ്വമായൊരു പ്രത്യേകതയുണ്ട്. ആത്മീയ തലത്തിൽ ഇത് മനുഷ്യരാശിക്കുള്ള വളരെ വലിയൊരു പാഠവും സന്ദേശവുമാണ് നൽകുന്നത്. സ്വന്തം ശക്തി കൊണ്ടോ അർഹതകൊണ്ടോ ദൈവസന്നിധിയിൽ നിവർന്നു നിൽക്കാൻ കഴിവില്ലാത്തവരാണ് നാം ഓരോരുത്തരും. എന്നാൽ, യാതൊരു അർഹതയുമില്ലാത്ത നമ്മെ തന്റെ അളവറ്റ കൃപയാൽ ദൈവം പാപത്തിന്റെ ചെളിയിൽ നിന്നും നാശകരമായ കുഴിയിൽനിന്നും കോരിയെടുത്ത്, അവിടുത്തെ തിരുസന്നിധിയിൽ നേരെ നിവർന്നുനിൽക്കാൻ യോഗ്യരാക്കുന്നു. കൂടാതെ, ലോകത്തിലെ ഏതൊരു അഴുക്കിനെയും മാലിന്യത്തെയും കഴുകിക്കളയാൻ മനുഷ്യൻ സോപ്പു ഉപയോഗിക്കുന്നതുപോലെ, മനുഷ്യന്റെ ആത്മാവിനേറ്റ പാപത്തിന്റെ അഴുക്കുകളെ കഴുകി ശുദ്ധീകരിക്കാനുള്ള സുഗന്ധമുള്ള ദൈവീക ഔഷധമായി ഈസോപ്പുചെടി മാറുന്നു. സോപ്പു പാത്രത്തിൽ സോപ്പുണ്ടെങ്കിലും ആ പാത്രത്തിലെ അഴുക്കു മാറാൻ സോപ്പു ഉപയോഗിച്ച് കഴുകേണ്ടത് അത്യാവശ്യമാണ്. അതുപോലെ, നമ്മുടെ ജീവിതത്തിൽ ദൈവത്തിന്റെ രക്ഷയും കൃപയും ലഭ്യമാണെങ്കിലും, അത് അനുഭാവപൂർവ്വം ജീവിതത്തിൽ പ്രയോജനപ്പെടുത്തുമ്പോൾ മാത്രമേ നമ്മുടെ ആന്തരിക അഴുക്കുകൾ നീങ്ങിപ്പോകുകയുള്ളൂ. മറ്റുള്ളവരുടെ താങ്ങില്ലാതെ ദൈവീക ശക്തിയാൽ തനിയെ ഉയർന്നു നിൽക്കുന്ന ഈസോപ്പുചെടി, ദൈവകൃപയിൽ ആശ്രയിച്ചു ജീവിക്കുന്ന ഒരു ഭക്തന്റെ അതിജീവനത്തെയാണ് കാണിക്കുന്നത്.

ദാവീദ് രാജാവ് തന്റെ ജീവിതത്തിൽ വീണുപോയപ്പോൾ, അതിയായ അനുതാപത്തോടെ ദൈവസന്നിധിയിൽ കണ്ണീരൊഴുക്കിക്കൊണ്ട് രചിച്ചതാണ് 51-ാം സങ്കീർത്തനം. അവിടെ ദാവീദ് പ്രാർത്ഥിക്കുന്നത്. "ഞാൻ നിർമ്മലനാകേണ്ടതിനു ഈസോപ്പുകൊണ്ട് എന്നെ ശുദ്ധീകരിക്കേണമെ, ഞാൻ ഹിമത്തേക്കാൾ വെളുക്കേണ്ടതിനു എന്നെ കഴുകേണമെ" എന്നാണ്. കഠിനമായ പാപബോധത്താൽ മനസ്സു തകർന്ന ദൈവമുമ്പാകെ നഗ്നനായി നിന്ന ദാവീദിന് തന്റെ ഉള്ളിലെ കറകളെ പൂർണ്ണമായി കഴുകിക്കളയാൻ മനുഷ്യന്റെ ശക്തിക്കോ ലൗകികമായ പ്രവൃത്തികൾക്കോ സാധ്യമല്ലെന്ന് നന്നായി അറിയാമായിരുന്നു. കുഞ്ഞാടിന്റെ രക്തം ഇസോപ്പുകൊണ്ട് മുക്കി തളിച്ചപ്പോൾ യിസ്രയേൽ ജനം മരണത്തിൽനിന്നും ന്യായവിധിയിൽനിന്നും രക്ഷപെട്ട ചരിത്രം ദാവീദിന്റെ ഓർമ്മയിൽ ഉണ്ടായിരുന്നു. അതുകൊണ്ടാണ് തന്നിലെ വലിയ പാപക്കറകളെ മാറ്റി, തന്നെ വീണ്ടും വിശുദ്ധനും നിർമ്മലനുമാക്കാൻ ആ ഈസോപ്പു ചെടികൊണ്ടുള്ള ദൈവീക ശുദ്ധീകരണത്തിനായി അവൻ യാചിച്ചത്. ഒരു മനുഷ്യന്റെ ബാഹ്യമായ കഴുകലുകൾക്കപ്പുറം, ഹൃദയത്തിന്റെ അന്തരാളങ്ങളിൽ അടിഞ്ഞുകൂടിയ പാപത്തിന്റെ അഴുക്കുകളെ പൂർണ്ണമായി കഴുകി ഹിമത്തെക്കാൾ വെളുപ്പുള്ളതാക്കാൻ ദൈവീകമായ ശുദ്ധീകരണത്തിനു മാത്രമെ സാധിക്കു എന്ന് ദവീദ് തിരിച്ചറിഞ്ഞു. ആത്മാർത്ഥമായ അനു

താപത്തോടെ ദൈവസന്നിധിയിൽ വരുന്ന ഏതൊരു പാപിക്കും പൂർണ്ണസൗഖ്യവും നിത്യവിശുദ്ധിയും നൽകാൻ ദൈവത്തിന്റെ മനോഹരമായ ഈ ശുദ്ധീകരണ പ്രക്രിയക്ക് സാധിക്കുമെന്ന വലിയ പ്രത്യാശയാണ് ഈ പ്രാർത്ഥനയിലൂടെ ദാവീദ് ലോകത്തിന് വെളിപ്പെടുത്തിക്കൊടുത്തത്.

ഈ ലോകത്തിൽ യേശുക്രിസ്തു കാൽവറി ക്രൂശിൽ നമുക്കുവേണ്ടി ചൊരിഞ്ഞ വിലയേറിയ തിരുരക്തമല്ലാതെ നമ്മുടെ ആത്മാവിന്റെ ജീവരക്ഷയ്ക്കായി മറ്റൊന്നുമില്ല. ലോകത്തിലെ മറ്റെല്ലാ മാർഗ്ഗങ്ങളും മനുഷ്യന്റെ പാപക്കറകളെ മായ്ക്കാൻ അപര്യാപ്തമാകുമ്പോൾ, ദൈവത്തിന്റെ കുഞ്ഞാടായ ക്രിസ്തുവിന്റെ രക്തത്തിന് മനുഷ്യന്റെ ഏത് കടും ചുവപ്പായ പാപങ്ങളെയും പഞ്ഞിപോലെ നിർമ്മലവും വെളുപ്പുമുള്ളതാക്കിമാറ്റാനുള്ള ദിവ്യശക്തിയുണ്ട്. ദാവീദിനെപ്പോലെ സ്വന്തം തെറ്റുകളും പരാജയങ്ങളും തിരിച്ചറിച്ച് തകർന്ന ഹൃദയത്തോടും അനുതാപത്തോടുംകൂടെ ദൈവസന്നിധിയിൽ കടന്നുവരാൻ നാമോരുത്തരും തയ്യാറാകേണ്ടതുണ്ട്. നമ്മെ ബാധിച്ചിരിക്കുന്ന പാപ അഴുക്കുകളെയും ജീവിതത്തിലെ അശുദ്ധികളെയും കഴുകിക്കളഞ്ഞ് നമ്മെ ഹിമത്തെക്കാൾ നിർമ്മലമാക്കാൻ അവിടുന്ന് പ്രാപ്തനാണ്. ഈസോപ്പുചെടിയുടെ അനുഭവം നമ്മെ ഓർമ്മിപ്പിക്കുന്നത് ദൈവത്തിന്റെ സ്നേഹവും വിടുതലുമാണ്. അർഹതയില്ലാത്ത നമ്മെ കുളിപ്പിച്ചു ശുദ്ധീകരിച്ച് അവിടുത്തെ തിരുമുമ്പിൽ യോഗ്യരായി നിർത്തുവാൻ അവൻ ആഗ്രഹിക്കുന്നു. സ്വന്ത ശക്തിയാൽ ജീവിക്കാൻ ശ്രമിക്കാതെ, ദൈവിക കൃപയിൽ ആശ്രയിച്ചുകൊണ്ട് അവിടുത്തെ രക്തത്താൽ ശുദ്ധീകരിക്കപ്പെടാൻ നമ്മെത്തന്നെ സമർപ്പിക്കാം. ദാവീദ് പ്രാർത്ഥിച്ചതുപോലെ അനുതാപമുള്ള ഹൃദയത്തോടെ അവിടുത്തെ തിരുപ്പാദപീഠത്തിൽ വീണു യാചിക്കുമ്പോൾ, ദൈവം നമ്മെ പാപചെളിയിൽ നിന്ന് ഉയർത്തി, അവന്റെ സന്നിധിയിൽ ഈസോപ്പുചെടിയെപ്പോലെ നിവർന്നുനിൽക്കാൻ തക്കവണ്ണം ശക്തരാക്കും.

●

# താബോർ മല (മറുരൂപ മല)

**എൻ.ഐ. തോമസ്, മരുത്തറ, മണർകാട്**

വി:മർക്കോസ്9:28

നമ്മുടെ കർത്താവ് പത്രോസിനേയും യാക്കോബിനേയും യോഹന്നാനേയും ഒരു ഉയർന്ന മലയിലേക്ക് കൂട്ടിക്കൊണ്ടുപോയി അവരുടെ മുമ്പാകെ രൂപാന്തരപ്പെട്ടു. ഭൂമിയിൽ ഒരു അലക്കുകാരനും വെളുപ്പിക്കാൻ കഴിയാത്തവണ്ണം അവന്റെ വസ്ത്രം അത്യന്തം വെളുപ്പായിത്തിളങ്ങി. അപ്പോൾ ഏലിയാവ്വും അവർക്കു പ്രത്യക്ഷമായി. യേശുവിനോടു സംഭാഷിച്ചുകൊണ്ടിരുന്നു. പത്രോസ് യേശുവിനോടു സംഭാഷിച്ചുകൊണ്ടിരുന്നു. മൂന്ന് കുടിൽ ഉണ്ടാകട്ടെ ഒന്ന് നിനക്കും ഒന്ന് മേശയ്ക്കും ഒന്ന് ഏലിയാവിനും എന്ന് പറഞ്ഞു. മർക്കോസ് 9:8 ൽ ഈ സംഭവം വിവരിക്കുന്നു. ഈ സംഭവത്തിനാണ് കൂടാരപ്പെരുന്നാൾ എന്നു പറയുന്നത്. ഓഗസ്റ്റ് മാസം ആറാം തീയതി കൂടാരപ്പെരുന്നാളായി നാം ആഘോഷിക്കുന്നു.

മോശ ഇസ്രയേൽ ജനത്തെ കൂട്ടിക്കൊണ്ടുപോരുമ്പോൾ കനാൻ ദേശത്തെക്കുറിച്ചുള്ള പ്രതീക്ഷ മോശ ഇസ്രയേൽ ജനത്തിനു കൊടുത്തു. മോശയ്ക്ക് ഈ പ്രദേശത്തേയ്ക്കു പ്രവേശിക്കാൻ സാധിക്കാതിരുന്നതിന്റെ കാരണം യഹോവയുടെ സന്നിധിയിൽ കല്പ്പനാലംഘനമായി (പാപമായി പിശാച് വാദിക്കുന്നു. മോശയുടെ ജീവിതത്തിൽ എടുത്തു പറയുന്നത് മോശചെയ്ത ഏഴുപാപങ്ങൾ ) തിരുവചനം പഠിക്കുമ്പോൾ ഏഴ് പാപങ്ങളെക്കുറിച്ച് സംഖ്യാപുസ്തകം 20:8,10,11,12 വാക്യങ്ങളിൽ പ്രതിപാദിച്ചിരിക്കുന്നു. മോശയ്ക്ക് വാഗ്ദത്തനാട്ടിലേക്ക് പ്രവേശിക്കുവാൻ കഴിയാതെ മോശ നിത്യതയിൽ മറയുമ്പോൾ അനേകം തലമുറകൾക്കുശേഷം കർത്താവായ യേശക്രിസ്തു മോശയേയും ഏലിയാവിനേയും വാഗ്ദത്തനാട്ടിലെ താബോർ മലയിലേക്ക് വിളിച്ചു വരുത്തി.മരണശേഷം മോശ വാഗ്ദത്തനാട്ടിൽ പ്രവേശിച്ചു. മനുഷ്യന് കഴിയാത്തത് ദൈവത്തിന് സാധ്യമാണ്. (വി: ലൂക്കോസ് 18:27) കർത്താവിന്റെ കരുണകൂടാതെ ദൈവരാജ്യത്തിലേക്കും സ്വന്തം യോഗ്യതകൊണ്ട് മാത്രം ആരും പ്രവേശിക്കപ്പെടുന്നില്ല. ഇന്ന് ഈ സ്ഥലം ഇസ്രയേൽ രാജ്യത്താണ്. ഈ മലയ്ക്ക് സമുദ്രനിരപ്പിൽനിന്നും രണ്ടായിരം അടി ഉയരം വരും. ഭൂമിശാസ്ത്രപരമായി ഇസ്രയേലിന്റെ വടക്ക് ഭാഗത്ത് നസ്രേത്തിന് ഒൻപത് കിലോമീറ്റർ കിഴക്കായിട്ടാണ് താബോർ മല സ്ഥിതിചെയ്യുന്നത്. പ്രശസ്ത ആർക്കിടെക്റ്റ് ജോസിഫസ് പണിതുറപ്പിച്ച പട്ടണമാണിത്. യഹൂദൻമാരുടെ പതനത്തോടെ പിന്നീട് റോമിന്റെ അധീനതയിലായി. കുരിശുയുദ്ധകാലത്ത് ക്രിസ്ത്യാനികളുടെ കൈവശത്തിലായെങ്കിലും പിന്നീടു നടന്ന യുദ്ധത്തിൽ മുസ്ളീം ആധിപത്യത്തിലായി ഈ പ്രദേശം. ഇവിടെ ഇന്ന് അതിമനോഹരമായ ബസിലിക്കപള്ളി സ്ഥിതിചെയ്യുന്നു. നമ്മുടെ കർത്താവും മോശയും ഏലിയാവും ഇരുന്ന സ്ഥലം പ്രത്യേകം അടയാളപ്പെടുത്തി സൂക്ഷിച്ചിരിക്കുന്നു.

മോശയും ഏലിയായും താബോർ മലയിൽ പ്രത്യക്ഷപ്പെടുമ്പോൾ അതൊരു സ്വർഗ്ഗീയ സുന്നഹദോസായിരുന്നു.ചർച്ചാവിഷയം നമ്മുടെ കർത്താവിന്റെ കുരിശുമരണത്തെക്കുറിച്ചായിരുന്നു. (യറൂശലേമിൽ പ്രാപിപ്പാനുള്ള നിര്യാണത്തെക്കുറിച്ചായിരുന്നു.)സമവീക്ഷണ സുവിശേഷങ്ങൾ അത് പ്രത്യേകം പ്രതിപാദിച്ചിരിക്കുന്നു. മോശ മരിച്ചവർക്കുവേണ്ടി വാദിച്ചു. ഏലിയ ജീവിച്ചിരിക്കുന്നവർക്കുവേണ്ടി വാദിച്ചു.

മോശ മരിച്ചവരുടെ പ്രതിനിധിയായിരുന്നു. ഏലിയ ജീവിച്ചിരിക്കുന്നവരുടേയും. ഇവിടെ ന്യായപ്രമാണത്തെ പൂർത്തീകരിച്ച പുതിയനിയമത്തിന്റെ മദ്ധ്യസ്ഥനായ യേശുവിന് പഴയനിയമപിതാക്കന്മാരുമായി ഒരു കൂടിക്കാഴ്ച്ച ആവശ്യമായിരുന്നു.

പുതിയതിൽ പഴയത് അടങ്ങിയിരിക്കുന്നു. പുതിയതിനാൽ പഴയതിനെ വിശേഷിപ്പിക്കുന്നു.

വേദപുസ്തകത്തിൽ പുതിയനിയമത്തിന്റെയും പഴയനിയമത്തിന്റെയും ഉദ്ധരണികൾ ചേർക്കപ്പെട്ടിരിക്കുന്നു. ●

# ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു

കുര്യൻ ഉതുപ്പാൻ, കളത്തിൽ

ദൈവത്തിന്റെ മഹാവലിയ കരുണയാൽ ഒന്നും ഇല്ലായ്മയിൽനിന്നും ഔന്നത്യത്തിന്റെ ഉന്നത പടവുകൾ കയറി സമ്പത്തിന്റെയും അധികാരത്തിന്റെയും, പ്രശസ്തിയുടെയും സിംഹാസനങ്ങളിൽ വിരാജിക്കുന്നവർ പലരും ദൈവകൃപ എന്ന വാക്ക് എപ്പോൾ എങ്കിലും ഒന്ന് ഉച്ചരിക്കുവാൻപോലും മറന്നു പോകുന്നതായി നാം കാണുന്നു. പലപ്പോഴും ദൈവീക നീതിയെക്കുറിച്ചും, നാം ചെയ്യേണ്ട നന്മ പ്രവൃത്തികളെപ്പറ്റിയും ഇവർ ഘോരഘോരം പ്രസംഗിക്കുന്നത് നാം കാണാറും, കേൾക്കാറും ഉണ്ട്. ഈ അടുത്ത കാലത്ത് ഒരു ആഡംബരകാറിൽ അത്യാഡംബരത്തോടെ ഒരു പ്രാർത്ഥനാ സ്ഥലത്ത് വന്നിറങ്ങിയ ഒരു സഭാമേലദ്ധ്യക്ഷൻ ലളിതജീവിതത്തെപ്പറ്റി തന്റെ വിശ്വാസികളെ പ്രബോധിപ്പിക്കുന്നത് കേൾക്കുവാൻ ഇടയായി. എന്നാൽ ഇങ്ങനെയുള്ളവരുടെ ജീവിതത്തിൽ ഒരിക്കൽപോലും"ഞാൻ ആകുന്നത് ദൈവകൃപയാൽ ആകുന്നു"എന്ന് മറ്റുള്ളവരോടു പ്രസംഗിക്കുകയോ പറയുകയോ ചെയ്യുന്നതായി കേട്ടിട്ടില്ല. അഥവാ അങ്ങനെ പ്രസംഗിച്ചാൽപോലും താൻ വളരെ എളിമയുള്ളവനാകുന്നു എന്ന് മറ്റുള്ളവർ ധരിക്കണം എന്നുള്ള സ്വാർത്ഥ താല്പര്യത്തിൽ നിന്നാകുന്നു പലരും അപ്രകാരം ചെയ്യുന്നത്.

ഇവിടെയാകുന്നു അപ്പോസ്തോലനായ പൗലോസിന്റെ ജീവിതം നമുക്ക് മാതൃക ആകുന്നത്. തന്റെ ധനമോ, പാരമ്പര്യമോ വിദ്യാഭ്യാസമോ, തനിക്ക് ലഭിച്ചതായ കൃപാവരങ്ങളെക്കുറിച്ചോ വിളംബരം ചെയ്യുവാനാണെങ്കിൽ വളരെയുണ്ടെങ്കിലും അദ്ദേഹം പറയുന്നത് "ഞാൻ എന്തായിരിക്കുന്നുവോ അത് ദൈവകൃപയാൽ ആകുന്നു" എന്നത്രെ. (1. കോരി. 15:10). തന്റെ മുൻകാല പ്രവൃത്തി ആയിരുന്ന ദൈവസഭയെ ഉപദ്രവിക്കൽ, എപ്പോഴും തന്റെ മനസ്സിലുണ്ടായിരുന്നതുകൊണ്ട് അതു താൻ ഓർത്തെടുത്തു തന്റെ ലേഖനത്തിൽ എഴുതുന്നതായും നാം കാണുന്നു. അതുകൊണ്ടു തന്നെ താൻ എളിയവനാണെന്നും എന്തെല്ലാം ഭൗതിക പദവികൾ പറയുവാനുണ്ടെന്നും അപ്പോസ്തോലൻ എന്നു വിളിക്കപ്പെടുവാൻ താൻ യോഗ്യനല്ല എന്നും, താൻ ഇപ്പോൾ എന്ത് ആയിരിക്കുന്നുവോ അത് ദൈവകൃപയാൽ ആകുന്നു എന്നും പറയുവാനുള്ള എളിമയാണ് അദ്ദേഹം കാണിച്ചിരിക്കുന്നത്. ഇവിടെയാകുന്നു നാം ഓരോരുത്തരും നമ്മുടെ കഴിഞ്ഞകാല ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞു നോക്കി വിലയിരുത്തേണ്ടത്. പരോക്ഷമായിട്ടെങ്കിലും നാം ദൈവത്തിനും,ദൈവസഭയ്ക്കും, ദൈവമക്കൾക്കും, പൗരോഹിത്യ ശ്രേണിയിലുള്ളവർക്കും, എതിരായി എന്തെല്ലാം പറയുകയും, പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെന്നു (പലപ്പോഴും അവർ അപ്രകാരമുള്ള വിമർശനങ്ങൾക്ക് അർഹരാണെന്ന കാര്യം വിസ്മരിക്കുന്നില്ല) നാം എപ്പോഴെങ്കിലും ആലോചിച്ചിട്ടുണ്ടോ? അതെല്ലാം മറന്നും ക്ഷമിച്ചും കർത്താവ് നമ്മോട് കാണിച്ച കരുണയും മനസ്സലിവുമല്ലേ ഇന്ന് നാം ആയിരിക്കുന്ന അവസ്ഥ. സർവ്വശക്തനായ ദൈവത്തിനു വേണ്ടി പ്രവർത്തിക്കുന്നതിനായി വിവിധ മേഖലകളിൽ വിവിധ അധികാരങ്ങൾ നൽകി ഓരോരുത്തരെയും നിയമിക്കുമ്പോൾ തങ്ങൾ അവിടെ ആയിരിക്കുന്നത് 'ദൈവകൃപയാൽ ആകുന്നു' എന്ന് പലരും മറന്നുപോകുന്നതായി കാണുന്നു. ആ ബോധ്യം വിട്ട് അവർ ജീവിക്കുമ്പോൾ അവരെക്കുറിച്ചുള്ള ദൈവത്തിന്റെ ഉദ്ദേശങ്ങൾ പൂർത്തീകരിക്കുവാനുള്ള ഉദ്യമത്തിൽ അവർ പരാജയമായി തീരും. അങ്ങനെ ഉള്ളവർ മണ്ണോടു ചേരുമ്പോൾ ഭൂമിയിലെ അവരുടെ മഹിമയും മഹത്വവും എന്നന്നേക്കുമായി അവസാനിക്കും എന്നവർ മറന്നു പോകുന്നു. ആയതിനാൽ ദൈവത്തിന്റെ പരിശുദ്ധാത്മ നിറവ് പ്രാപിച്ചു. വിവിധ മേഖലകളിൽ പ്രവർത്തിക്കുന്ന ഓരോരുത്തരും പൗലോസിനെപ്പോലെ തങ്ങൾ ആയിരിക്കുന്നത് ദൈവകൃപയാലാകുന്നു എന്ന ബോധ്യത്തോടെ ലാഭമായതു ചേതമെന്നെണ്ണിക്കൊണ്ട് പ്രവർത്തിക്കുമ്പോളാണ് ദൈവം അവരെ പുതിയ കൃപകളാൽ വീണ്ടും നിറച്ചു തന്റെ സമുന്നതമായ ദൗത്യങ്ങൾക്കായി ഉപയുക്തമാക്കുന്നത്.

താൻ അത്യന്തം അധ്വാനിച്ചിട്ടുണ്ടെങ്കിലും അതു താനല്ല തന്നോടൊപ്പമുള്ള "ദൈവകൃപ ആകുന്നു" എന്നു പ്രഖ്യാപിക്കുന്ന അപ്പോസ്തോലൻ നമുക്ക് മാതൃകയാകണം. ദൈവം തന്നിരിക്കുന്ന കൃപകളെ അലക്ഷ്യമായി കൈകാര്യം ചെയ്യുകയോ അവഗണിക്കുകയോ ചെയ്താൽ അതു നഷ്ടപ്പെട്ടുപോകുമെന്ന മുന്നറിയിപ്പും പൗലോസ് നൽകുന്നതിന്റെ കാരണം, ദൈവത്തിന്റെ ദാനമായ ഈ നിക്ഷേപങ്ങൾ തങ്ങൾക്കു നല്കപ്പെട്ടിരിക്കുന്നത് 'മൺപാത്രങ്ങളിലാകുന്നു' എന്ന ഉത്തമ ബോധ്യം അദ്ദേഹത്തിനുണ്ടായിരുന്നതുകൊണ്ടാണ് (2.4:7). നാം അദ്ധ്വാനിച്ചു എന്നു ചിലപ്പോൾ നാം മേനി പറഞ്ഞേക്കാം. എന്നാൽ അപ്പോസ്തോലൻ പറയുന്നത് നമ്മൾക്ക് ശ്രദ്ധിക്കാം. "ഞാൻ അദ്ധ്വാനിച്ചു. പക്ഷേൽ ദൈവകൃപയത്രേ എന്നെ ശക്തീകരിച്ചത്." (2.കോരി. 11:16–28) വരെയുള്ള ഭാഗങ്ങളിൽ കഷ്ടങ്ങളുടെ മദ്ധ്യത്തിലും തന്നെ ശക്തീകരിക്കുന്നത് 'ദൈവകൃപയാകുന്നു' എന്നു പറയുവാനുള്ള ആർജ്ജവം പൗലോസ് കാണിക്കുന്നതായി കാണാം. പ്രശംസിക്കുവാൻ ആണെങ്കിൽ, ഭൗതികതയോടുള്ള ബന്ധത്തിൽ ആയാലും, യേശുവിനെപ്രതി കഷ്ടം സഹിച്ചതിനോടുള്ള ബന്ധത്തിൽ ആയാലും പൗലോസിനോടൊപ്പം മറ്റാരും വരുകയില്ല. അപ്പോഴും അപ്പോസ്തോലൻ പറയുന്നത് 'ഞാൻ ആയിരിക്കുന്നത് ദൈവകൃപയാൽ ആകുന്നു' എന്നത്രെ! ഇവിടെ ഒരു ഭക്തൻ പാടുന്നത് കേൾക്കൂ"

എന്നിലും ഭക്തൻ എന്നിലും ശക്തൻ,<br>
വീണു തകർന്നീ പോർക്കളത്തിൽ–<br>
കാണുന്നു അസ്ഥികൂടങ്ങൾ ഭീകരം–<br>
വീരപൂമാൻകളിൽ വീണവരിൽ. (യോഹ.)

ആയതിനാൽ നാമും വീണുപോകാതെയിരിപ്പാൻ ഓരോരുത്തരും തങ്ങൾ ആയിരിക്കുന്നത് 'ദൈവകൃപയാലാകുന്നു' എന്ന ഉത്തമ ബോധ്യത്തോടും, വിനയത്തോടും, ഭയത്തോടും, ദൈവത്തോടു നന്ദിയുള്ളവരും ആയി ജീവിപ്പാൻ കർത്താവു നമ്മെ സഹായിക്കട്ടെ.

# എവൻഗേലിയോൻ ദീപം



**ഫാ.ജേക്കബ് കല്ലുകുളം (വൈദികയോഗം സെക്രട്ടറി)**

**സ്ളീബാ പെരുന്നാളിനുശേഷം ഒന്നാം ഞായർ (20-09-2026)വി:മർക്കോസ് 13:30:37**

വിശുദ്ധമർക്കോസ് എഴുതിയ സുവിശേഷം 13-ാം അധ്യായം 30 മുതൽ 37 വരെയുള്ള വാക്യങ്ങളിൽ കർത്താവായ യേശുക്രിസ്തു തന്റെ രണ്ടാം വരവിനെക്കുറിച്ചും ജാഗ്രതയോടെ ജീവിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും നമ്മെ പഠിപ്പിക്കുന്നു. ഈ വേദഭാഗത്തിന്റെ പ്രധാനസന്ദേശം "ജാഗരൂകരായിരിക്കുവിൻ" എന്നതാണ്.

യേശു പറയുന്നു. ആകാശവും ഭൂമിയും കടന്നുപോകും. എന്റെ വചനങ്ങളോ ഒരിക്കലും കടന്നുപോകുകയില്ല. ലോകത്തിലെ പല കാര്യങ്ങളും മാറ്റത്തിന് വിധേയമാണ്. സമ്പത്ത്, അധികാരം, സ്ഥാനമാനം, ആരോഗ്യം, മനുഷ്യബന്ധങ്ങൾ,എന്നിവയ്ക്കെല്ലാം മാറ്റമുണ്ടാകാം. എന്നാൽ ദൈവത്തിന്റെ വചനം ശാശ്വതമാണ്. അതുകൊണ്ട് നമ്മുടെ ജീവിതത്തിന്റെ അടിസ്ഥാനം ലോകത്തിന്റെ മാറ്റങ്ങളിലല്ല, ദൈവത്തിന്റെ വചനത്തിലായിരിക്കണം.

**1. ദൈവത്തിന്റെ വചനത്തിൽ വിശ്വസിക്കുക**

നമ്മുടെ ജീവിതത്തിൽ പലപ്പോഴും അനിശ്ചിതത്വങ്ങൾ ഉണ്ടാകുന്നു. നാളെ എന്ത് സംഭവിക്കുമെന്ന് നമുക്ക് അറിയില്ല. എന്നാൽ ദൈവത്തിന് എല്ലാം അറിയാം.നമ്മുടെ സാഹചര്യങ്ങൾ മാറിയാലും ദൈവത്തിന്റെ വാഗ്ദാനങ്ങൾ മാറുന്നില്ല.

അതുകൊണ്ട് പ്രതിസന്ധികളിൽ ഭയപ്പെടാതെ ദൈവവചനത്തിലുറച്ചു നിൽക്കണം. പ്രാർത്ഥനയിലൂടെയും വിശ്വാസത്തിലൂടെയും ദൈവത്തോട് ചേർന്നു നിൽക്കുമ്പോൾ ജീവിതത്തിലെ പരീക്ഷണങ്ങളെ ധൈര്യത്തോടെ നേരിടാൻ കഴിയും.

**2.സമയം അറിയാത്തതിനാൽ ജാഗരൂകരാകുക**

യേശുപറയുന്നു, "ആ ദിവസമോ നാഴികയോ ആരും അറിയുന്നില്ല''കർത്താവിന്റെ വരവിന്റെ കൃത്യമായ സമയം മനുഷ്യന് അറിയില്ല. അതിനാൽ കർത്താവ് വരുമ്പോൾ തയ്യാറായിരിക്കണം എന്നതാണ് ക്രിസ്തീയ ജീവിതത്തിന്റെ വിളി.

ഒരു വീട്ടുടമ തന്റെ ഭൃത്യന്മാർക്ക് ഓരോരുത്തർക്കും ജോലി ഏൽപ്പിച്ച് വാതിൽ കാക്കാൻ കല്പ്പിക്കുന്ന ഉപമയാണ് യേശു പറയുന്നത്. വീട്ടുടമ എപ്പോൾ വരുമെന്ന് ഭൃത്യന്മാർക്ക് അറിയില്ല. അതിനാൽ അവർ എപ്പോഴും ജാഗരൂകരായിരിക്കണം.

അതുപോലെ നമുക്കും ദൈവം നൽകിയ ഉത്തരവാദിത്തങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കണം.

"കർത്താവ് വരുമ്പോൾ ഞാൻ എന്തു ചെയ്യുകയായിരുന്നു" എന്ന ചോദ്യം ഓരോ ദിവസവും നമ്മോട് തന്നെ ചോദിക്കണം.

**3. ജാഗ്രത എന്നത് ഭയമല്ല**

കർത്താവിന്റെ രണ്ടാം വരവിനെക്കുറിച്ചുള്ള സന്ദേശം നമ്മിൽ ഭയം ഉണ്ടാക്കാനല്ല, മറിച്ച് നമ്മുടെ ജീവിതം ശരിയായ വഴിയിലാണോ എന്ന് പരിശോധിക്കാനാണ്.

ജാഗ്രതയുള്ള ഒരു ക്രിസ്ത്യാനി പ്രാർത്ഥനയിൽ ശ്രദ്ധാലുവായിരിക്കും. ദൈവവചനം വായിക്കും. മറ്റുള്ളവരോട് സ്നേഹത്തോടെ പെരുമാറും. ക്ഷമിക്കാൻ തയ്യാറാകും. ദരിദ്രരേയും വേദനിക്കുന്നവരേയും സഹായിക്കും. തെറ്റുകളിൽനിന്ന് തിരിഞ്ഞ് വിശുദ്ധമായ ജീവിതം നയിക്കാൻ ശ്രമിക്കും.

**4. ഇന്നാണ് തയ്യാറാകേണ്ട സമയം**

പലപ്പോഴും നാം പറയാറുണ്ട്. "പിന്നീട് പ്രാർത്ഥിക്കാം.പിന്നീട് നല്ലവനാകാം; പിന്നീട് ദൈവത്തോട് കൂടുതലടുക്കാം."എന്നാൽ ജീവിതം എത്രകാലം ഉണ്ടാകുമെന്ന് നമുക്ക് അറിയില്ല.

അതുകൊണ്ട് നാളേയ്ക്ക് മാറ്റിവെക്കാതെ ഇന്നുതന്നെ ദൈവത്തിലേക്ക് തിരിയുക. ഇന്ന് ചെയ്യേണ്ട നന്മ നാളേയ്ക്ക് മാറ്റരുത്. ഇന്ന് പറയേണ്ട സ്നേഹവാക്ക് ഇന്നുതന്നെ പറയുക. ഇന്ന് ക്ഷമിക്കേണ്ടവരോട് ഇന്നു തന്നെ ക്ഷമിക്കുക. ഇന്നുതന്നെ ദൈവത്തോട് പ്രാർത്ഥിക്കുക.

**ഉപസംഹാരം**

പ്രിയപ്പെട്ടവരേ, മർക്കോസ് 13:30-37 നമ്മെ ഓർമ്മിപ്പിക്കുന്ന മൂന്ന് കാര്യങ്ങൾ നമുക്ക് മനസ്സിൽ സൂക്ഷിക്കാം.

**ദൈവവചനത്തിൽ വിശ്വസിക്കുക**

ദൈവം ഏൽപ്പിച്ച ഉത്തരവാദിത്വങ്ങൾ വിശ്വസ്തതയോടെ നിർവഹിക്കുക. എപ്പോഴും ജാഗരൂകരായിരിക്കുക.

കർത്താവ് എപ്പോൾ വരുമെന്ന് നമുക്കറിയില്ല. എന്നാൽ അവൻ വരുമ്പോൾ നമ്മെ വിശ്വസ്തരായി കണ്ടെത്തണമെങ്കിൽ ഇന്നു തന്നെ നമ്മുടെ ജീവിതം ദൈവത്തിന് സമർപ്പിക്കണം.

"ഞാൻ എല്ലാവരോടും പറയുന്നത് ജാഗരൂകരായിരിക്കുവിൻ".മർക്കോസ് (13:37)

ദൈവവചനത്തിൽ ഉറച്ചുനിന്നും പ്രാർത്ഥനയിൽ വളർന്നും സ്നേഹത്തിലും വിശുദ്ധിയിലും ജീവിച്ചും

കർത്താവിന്റെ വരവിനായി ഒരുങ്ങിയിരിക്കുന്നവരാകാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

"ആമേൻ"

**സ്ളീബാ പെരുന്നാളിനുശേഷം രണ്ടാം ഞായർ (27-09-2026)**
**വി.മത്തായി16:5-12**

വി.മത്തായി 16:5-12 ൽ യേശുക്രിസ്തു ശിഷ്യന്മാർക്ക് നൽകുന്ന ഒരു പ്രധാന മുന്നറിയിപ്പാണ് നാം കാണുന്നത്. "പരീശന്മാരുടേയും സദൂക്യരുടേയും പുളിച്ച മാവിനെ സൂക്ഷിച്ചുകൊൾവീൻ"

ശിഷ്യന്മാർ അപ്പം കൊണ്ടുവരുവാൻ മറന്നതിനെക്കുറിച്ചാണ് ആദ്യം ചിന്തിച്ചത്. എന്നാൽ യേശു സംസാരിച്ചത് അപ്പത്തെക്കുറിച്ചല്ല, പരീശന്മാരുടേയും സദൂക്യരുടേയും ഉപദേശത്തെക്കുറിച്ചാണ്. ഇവിടെ അപ്പം ഒരു പ്രതീകമാണ്. പുളിച്ചമാവ് മനുഷ്യന്റെ ചിന്തകളേയും വിശ്വാസത്തേയും പതുക്കെ സ്വാധീനിക്കുന്ന തെറ്റായ ഉപദേശത്തിന്റെ പ്രതീകമാണ്.

**പുറമെയുള്ള കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കരുത്.**

ശിഷ്യന്മാർ യേശുവിന്റെ വാക്കുകൾ ഭൗതികമായി മനസ്സിലാക്കി. "അപ്പം കൊണ്ടുവന്നില്ലല്ലോ"എന്ന ചിന്തയിലായിരുന്നു അവർ.

നമ്മുടെ ജീവിതത്തിലും ഇതുപോലെ സംഭവിക്കാറുണ്ട്. ദൈവം നമ്മോട് ആത്മീയമായ കാര്യങ്ങൾ സംസാരിക്കുമ്പോൾ നാം പലപ്പോഴും ഭൗതികമായ കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നു. സമ്പത്ത്, ജോലി, സൗകര്യം, പ്രശസ്തി, ഭാവി എന്നിവയെക്കുറിച്ചുള്ള ആശങ്കകൾ നമ്മുടെ മനസ്സിനെ നിറയ്ക്കുന്നു.

എന്നാൽ യേശു നമ്മോട് ചോദിക്കുന്നത്, നിന്റെ ഹൃദയം എവിടെയാണ്? നിന്റെ വിശ്വാസം എങ്ങനെയാണ്?

**2.ദൈവത്തിന്റെ കരുതൽ മറക്കരുത്**

ശിഷ്യന്മാർ അപ്പം ഇല്ലാത്തതിനെക്കുറിച്ച് വിഷമിച്ചപ്പോൾ യേശു മുമ്പ് നടന്ന അത്ഭുതങ്ങളെ ഓർമ്മിപ്പിച്ചു.

അർത്ഥം വളരെ വ്യക്തമാണ്. “ഞാൻ മുമ്പ് നിങ്ങളെ പരിപാലിച്ചില്ലേ? ഇനി നിങ്ങൾ എന്തിന് ഭയപ്പെടുന്നു?”

നമ്മുടെ ജീവിതത്തിലും ദൈവം പലവിധത്തിൽ നമ്മെ സഹായിച്ചിട്ടുണ്ട്. പ്രതിസന്ധികളിൽ വഴിതുറന്നിട്ടുണ്ട്.കണ്ണീരിൽ ആശ്വാസം പകർന്നിട്ടുണ്ട്. അസാധ്യമായ സാഹചര്യങ്ങളിൽ പ്രതീക്ഷ നൽകിയിട്ടുണ്ട്. അതുകൊണ്ട് ഇന്നത്തെ പ്രശ്നം കണ്ടു നാളത്തെ ദൈവത്തിന്റെ കരുതലിനെ സംശയിക്കരുത്.

**3. ചെറിയൊരു പുളിച്ചമാവ് വലിയ സ്വാധീനം ചെലുത്തും.**

പുളിച്ചമാവ് കുറച്ചു മാത്രമേ വേണ്ടിവരൂ. എന്നാൽ അതു മുഴുവൻ മാവിനേയും സ്വാധീനിക്കുന്നു.

അതുപോലെതന്നെ തെറ്റായ ചിന്തകളും തെറ്റായ ഉപദേശങ്ങളും ചെറിയതായി തോന്നിയാലും നമ്മുടെ വിശ്വാസത്തെ ക്രമേണ ബാധിച്ചേക്കാം.

അവിശ്വാസം, അഹങ്കാരം, സ്വാർത്ഥത, അസൂയ, ക്ഷമയില്ലായ്മ,ലോകത്തിന്റെ തെറ്റായ മൂല്യങ്ങൾ, എന്നിവ ഹൃദയത്തിൽ പ്രവേശിക്കുമ്പോൾ അവ പതുക്കെ നമ്മുടെ ആത്മീയ ജീവിതത്തെ ദുർബലമാക്കും.

അതിനാൽ നമ്മുടെ ഹൃദയത്തിന്റെ വാതിൽ കാത്തുസൂക്ഷിക്കണം. എന്താണ് നാം കേൾക്കുന്നത്? എന്താണ് നാം വിശ്വസിക്കുന്നത്?എന്താണ് നമ്മുടെ ചിന്തകളെ നിയന്ത്രിക്കുന്നത്? എന്നിങ്ങനെ നാം സ്വയം പരിശോധിക്കണം.

**4.യഥാർത്ഥ വിശ്വാസം യേശുവിൽ ആശ്രയിക്കുന്നതാണ്.**

ഈ ഭാഗത്തിന്റെ പ്രധാന സന്ദേശം ഇതാണ്. അപ്പം മറന്നതിനേക്കാൾ ഗുരുവിനെ മറക്കുന്നതാണ് വലിയ പ്രശ്നം.

ശിഷ്യന്മാർക്ക് അപ്പം ഇല്ലാത്തതായിരുന്നു പ്രശ്നം. എന്നാൽ യേശുവിന്റെ സാന്നിദ്ധ്യം അവരുടെ കൂടെയുണ്ടായിരുന്നു.

നമുക്കും ജീവിതത്തിൽ പല കുറവുകൾ ഉണ്ടാകാം. ചിലപ്പോൾ പണം കുറയാം. ആരോഗ്യം സംബന്ധിച്ച ആശങ്കകൾ ഉണ്ടാകാം. കുടുംബത്തിൽ പ്രശ്നങ്ങളുണ്ടാകാം. ഭാവിയെക്കുറിച്ച് ഭയം തോന്നാം. എന്നാൽ ഒരു കാര്യം മറക്കരുത്.

“നമ്മുടെ കുറവുകളേക്കാൾ വലിയവനാണ് നമ്മുടെ കർത്താവ്.” യേശു കൂടെയുണ്ടെങ്കിൽ പ്രതീക്ഷയ്ക്ക് ഇടയുണ്ട്. അവന്റെ വചനത്തിൽ ഉറച്ചുനിൽക്കുമ്പോൾ ഭയത്തെ അതിജീവിക്കാം.

**ഉപസംഹാരം**

പ്രിയരേ, ഇന്നത്തെ വേദഭാഗം നമ്മോട് മൂന്നുകാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

ഒന്ന്- പുറമെയുള്ള പ്രശ്നങ്ങളിൽ മാത്രം ശ്രദ്ധിക്കാതെ ആത്മീയ യാഥാർത്ഥ്യങ്ങളെ തിരിച്ചറിയുക.

രണ്ട്- കഴിഞ്ഞ കാലങ്ങളിൽ ദൈവം നൽകിയ അനുഗ്രഹങ്ങൾ ഓർത്ത് അവന്റെ കരുതലിൽ വിശ്വസിക്കുക.

മൂന്ന് -നമ്മുടെ ഹൃദയത്തിൽ കടന്നുവരുന്ന തെറ്റായചിന്തകളേയും ഉപദേശങ്ങളേയും സൂക്ഷിക്കുക.

വിശ്വാസമില്ലാത്ത തലമുറ എന്നതിനുപകരം ദൈവത്തിന്റെ വചനത്തിൽ ഉറച്ചുനിൽക്കുന്ന ഒരു വിശ്വാസതലമുറയായി നമുക്ക് മാറാം.

നമ്മുടെ കണ്ണുകൾ അപ്പത്തിലല്ല, അപ്പം നൽകുന്ന കർത്താവിലാണ് പതിയേണ്ടത്. നമ്മുടെ പ്രതീക്ഷ സാഹചര്യങ്ങളിലല്ല,യേശുക്രിസ്തുവിലാണ്. കർത്താവ് നമ്മുടെ ഹൃദയങ്ങളെ ശുദ്ധീകരിക്കുകയും വിശ്വാസത്തിൽ ശക്തരാക്കുകയും എല്ലാ തെറ്റായ പുളിച്ച മാവുകളിൽ നിന്നു നമ്മെ കാത്തുകൊള്ളുകയും ചെയ്യട്ടെ.

**സ്ളീബാ പെരുന്നാളിനുശേഷം മൂന്നാം ഞായർ (04-10-2026) വി:മർക്കോസ് 02:23:28**
**ശബ്ബത്ത് മനുഷ്യനുവേണ്ടിയുള്ള ദൈവത്തിന്റെ ദാനം**

വി.മർക്കോസ് 2:23 - 28 ൽ ശബ്ബത്തിനെക്കുറിച്ചുള്ളഒരു പ്രധാന സംഭവം നാം കാണുന്നു. ശബ്ബത്ത് ദിവസം യേശുവും ശിഷ്യന്മാരും വയലിലൂടെ കടന്നുപോകുമ്പോൾ ശിഷ്യന്മാർ കതിരുകൾ പറിച്ചു തിന്നു. ഇതുകണ്ട പരീശന്മാർ ശബ്ബത്തിൽ ചെയ്യാൻ പാടില്ലാത്തത് ഇവർ ചെയ്യുന്നത് എന്തുകൊണ്ട് എന്ന് ചോദിച്ചു.

യേശുവിന്റെ മറുപടി വളരെ പ്രസക്തമാണ്.“ശബ്ബത്ത് മനുഷ്യനുവേണ്ടിയാണ് ഉണ്ടായത്.മനുഷ്യൻ ശബ്ബത്തിനുവേണ്ടിയല്ല.” (മർക്കോസ്2:27)ഈ വചനത്തിലൂടെ കർത്താവ് നമ്മെ ചില പ്രധാനപ്പെട്ട ആത്മീയ സത്യങ്ങൾ പഠിപ്പിക്കുന്നു.

**1.നിയമത്തെക്കാൾ കരുണയ്ക്ക് പ്രാധാന്യം**

പരീശന്മാർ നിയമത്തിന്റെ അക്ഷരത്തെ നോക്കി എന്നാൽ യേശു മനുഷ്യന്റെ അക്ഷരത്തെ നോക്കി. ശിഷ്യന്മാർ വിശന്നിരിക്കുകയായിരുന്നു. അവരുടെ വിശപ്പിനേക്കാൾ ശബ്ബത്തിന്റെ നിയമത്തെ വലുതാക്കുകയായിരുന്നു പരീശന്മാർ.

ക്രിസ്തീയ ജീവിതത്തിൽ നിയമങ്ങളും ആചാരങ്ങളും ആവശ്യമാണ്. എന്നാൽ അവയുടെ ലക്ഷ്യം മനുഷ്യനെ ദൈവത്തോട് അടുപ്പിക്കുകയും സ്നേഹത്തിലും കരുണയിലും വളർത്തുകയും ചെയ്യുക എന്നതാണ്.

നിയമം മനുഷ്യനെ രക്ഷിക്കുന്നതിനുപകരം മനുഷ്യനെ ഭാരപ്പെടുത്തുന്ന രീതിയാലകരുത്.

**2.ദൈവാരാധന ജീവിതത്തിൽ കരുണയായി മാറണം**

നാം ദൈവത്തെ ആരാധിക്കുന്നു. പ്രാർത്ഥിക്കുന്നു, വേദപുസ്തകം വായിക്കുന്നു. എന്നാൽ അതിന്റെ ഫലം നമ്മുടെ ജീവിതത്തിൽ കാണപ്പെടണം.

വിശക്കുന്നവന് ഭക്ഷണം പങ്കിടാനും,ദു:ഖിക്കുന്നവനെ ആശ്വസിപ്പിക്കാനും, വീണുപോയവനെ ഉയർത്താനും രോഗിയെ സന്ദർശിക്കാനും കഴിയുന്നില്ലെങ്കിൽ നമ്മുടെ ആരാധന അപൂർണ്ണമാണ്.

യേശുവിന്റെ ജീവിതം നമ്മെ പഠിപ്പിക്കുന്നത് ഇതാണ്. ദൈവസ്നേഹം മനുഷ്യസ്നേഹമായി പ്രകടമാകണം.

**3. ക്രിസ്തുവാണ് ശബ്ബത്തിന്റേയും ജീവിതത്തിന്റേയും കർത്താവ്**

യേശു പറഞ്ഞു, മനുഷ്യപുത്രൻ ശബ്ബത്തിനും കർത്താവാകുന്നു.

ഇവിടെ യേശു തന്റെ അധികാരം വ്യക്തമാക്കുന്നു. ദൈവത്തിന്റെ നിയമത്തിന്റെ യഥാർത്ഥ അർത്ഥം വെളിപ്പെടുത്താൻ വന്നവനാണ് ക്രിസ്തു.

നമ്മുടെ ജീവിതത്തിലും ക്രിസ്തുവിനാണ് ഒന്നാം സ്ഥാനം നൽകേണ്ടത്. നമ്മുടെ ആചാരങ്ങളേക്കാളും പാരമ്പര്യങ്ങളേക്കാളും സൗകര്യങ്ങളേക്കാളും ക്രിസ്തുവിന്റെ

സ്നേഹത്തിനും വചനത്തിനും പ്രാധാന്യം നൽകണം.

**4. പാരമ്പര്യം മനുഷ്യനെ നയിക്കണം: ബന്ധിക്കരുത്.**

പാരമ്പര്യങ്ങൾ സഭയുടെ ജീവിതത്തിൽ പ്രധാനപ്പെട്ടതാണ്. എന്നാൽ പാരമ്പര്യത്തിന്റെ പേരിൽ സ്നേഹവും കരുണയും നീതിയും മറക്കരുത്.

ഒരു വ്യക്തിയെ അവന്റെ ബലഹീനതയുടെ പേരിൽ കുറ്റപ്പെടുത്തുന്നതിനുപകരം അവനെ ഉയർത്തിപ്പിടിക്കുകയാണ് ക്രിസ്തുവിന്റെ മാർഗ്ഗം.

നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും സഭയിലും നമുക്ക് ഈ ചോദ്യം ചോദിക്കാം.

"നമ്മുടെ വിശ്വാസം മറ്റുള്ളവർക്ക് ആശ്വാസവും പ്രത്യാശയും നൽകുന്നുണ്ടോ?"

**5. യേശുവിൽ നിയമത്തിന്റെ ലക്ഷ്യം പൂർത്തിയാകുന്നു.**

ശബ്ബത്ത് വിശ്രമത്തിന്റേയും ദൈവസ്മരണയുടേയും ദിവസമാണ്.എന്നാൽ അതിന്റെ യഥാർത്ഥ അർത്ഥം മനുഷ്യന്റെ നന്മയിലാണ്.യേശു ശബ്ബത്തിനെ ഇല്ലാതാക്കുകയല്ല ചെയ്തത്;അതിന്റെ യഥാർത്ഥ ലക്ഷ്യം വ്യക്തമാക്കുകയായിരുന്നു. അതുകൊണ്ട് നമ്മുടെ ആരാധനയും പ്രാർത്ഥനയും മറ്റുള്ളവരോടുള്ള സ്നേഹത്തിലേക്ക് നമ്മെ നയിക്കണം.

**ഉപസംഹാരം**

പ്രിയപ്പെട്ടവരെ, ഇന്നത്തെ വേദഭാഗം നമ്മെ ഓർമ്മിപ്പിക്കുന്നത് വളരെ ലളിതമായ ഒരു സത്യമാണ്.

ദൈവത്തിന്റെ കല്പ്പന മനഷ്യനെ തകർക്കാനല്ല, ഉയർത്താനാണ്. ആരാധന മനുഷ്യനെ അകറ്റാനല്ല,സ്നേഹത്തിലേക്ക് അടുപ്പിക്കാനാണ്. വിശ്വാസം വാക്കുകളിൽ മാത്രം ഒതുങ്ങേണ്ടതല്ല, അത് കരുണയിലും സേവനത്തിലും പ്രകടമാകണം.

അതുകൊണ്ട് നമുക്ക് ക്രിസ്തുവിന്റെ മനോഭാവം സ്വന്തമാക്കാം.നിയമത്തിന്റെ അക്ഷരത്തിൽ മാത്രം ഒതുങ്ങാതെ അതിന്റെ ആത്മാവായ സ്നേഹവും കരുണയും ജീവിതത്തിൽ പ്രകടമാക്കാം.

ശബ്ബത്ത് മനുഷ്യനുവേണ്ടിയാണ് ഉണ്ടായത്.മനുഷ്യൻ ശബ്ബത്തിനുവേണ്ടിയല്ല.

ക്രിസ്തുവിനെ ജീവിതത്തിന്റെ കർത്താവായി സ്വീകരിച്ച് നമ്മുടെ വിശ്വാസം മറ്റുള്ളവർക്ക് ആശ്വാസവും അനുഗ്രഹവുമായി മാറട്ടെ.

**സ്ലീബാ പെരുന്നാളിനുശേഷം നാലാം ഞായർ (11-10-2026)**

വി.ലൂക്കോസ് 16:13-18 വരെയുള്ള വേദഭാഗം നമ്മുടെജീവിതത്തിലെ ഏറ്റവും പ്രധാനപ്പെട്ട ചില ആത്മീയ സത്യങ്ങളിലേക്ക് നമ്മെ നയിക്കുന്നു.

യേശുക്രിസ്തു പറയുന്നു, ഒരു ദാസനും രണ്ടു യജമാനന്മാരെ സേവിപ്പാൻ കഴിയുകയില്ല. ദൈവത്തിനേയും സമ്പത്തിനേയും ഒരുപോലെ സേവിക്കാനാവില്ല.

**1. ദൈവത്തിന് ഒന്നാം സ്ഥാനം നൽകുക**

നമ്മുടെ ജീവിതത്തിൽ പലകാര്യങ്ങൾക്കും പ്രാധാന്യമുണ്ട്. പണം,ജോലി, കുടുംബം,വിദ്യാഭ്യാസം, സ്ഥാനമാനം, സൗകര്യങ്ങൾ തുടങ്ങിയവ. ഇവയെല്ലാം ആവശ്യമാണ്. എന്നാൽ ഇവയൊന്നും ദൈവത്തിന്റെ സ്ഥാനത്ത് വരാൻ പാടില്ല.

സമ്പത്ത് നമ്മുടെ കയ്യിലെ ഒരു ഉപാധിയാണ്.അത് നമ്മുടെ ജീവിതത്തിന്റെ യജമാനനാകരുത്. പണം നമ്മെ നിയന്ത്രിക്കുമ്പോൾ നാം ദൈവത്തിൽനിന്ന് അകന്നുപോകുന്നു. എന്നാൽ ദൈവത്തെ ഒന്നാമതാക്കി സമ്പത്തിനെ ശരിയായ രീതിയിൽ ഉപയോഗിക്കുമ്പോൾ അത് അനുഗ്രഹമായി മാറുന്നു.

"നിങ്ങൾക്ക് ദൈവത്തേയും മാമോനേയും സേവിക്കാനാവില്ല"എന്ന യേശുവിന്റെ വാക്കുകൾ നമ്മുടെ മുൻഗണനകളെ പരിശോധിക്കാൻ നമ്മെ ക്ഷണിക്കുന്നു.

**2. ഹൃദയത്തിന്റെ യജമാനൻ ആരാണ്?**

മനുഷ്യന്റെ യഥാർത്ഥവിശ്വാസം അവൻ ഞായറാഴ്ച്ച പള്ളിയിൽ ചെല്ലുന്നതിൽ മാത്രം പ്രകടമാകുന്നില്ല. അവന്റെ സമയം എവിടെ ചെലവഴിക്കുന്നു, പണം എങ്ങനെ ഉപയോഗിക്കുന്നു, മറ്റുള്ളവരോട് എങ്ങനെ പെരുമാറുന്നു, തീരുമാനങ്ങൾ എടുക്കുമ്പോൾ ദൈവഹിതത്തിന് എത്ര സ്ഥാനം നൽകുന്നു- ഇവയിലൂടെയാണ് അവന്റെ ഹൃദയത്തിന്റെ യജമാനൻ ആരെന്നു വ്യക്തമാകുന്നത്.

നമ്മുടെ ഹൃദയത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനം നൽകുമ്പോൾ ജീവിതത്തിന് ശരിയായ ദിശ നൽകുന്നു.

**3. മനുഷ്യരുടെ പ്രശംസയല്ല,ദൈവത്തിന്റെ അംഗീകാരം**

ഈ ഭാഗത്ത് പരീശന്മാർ പണത്തെ സ്നേഹിക്കുന്നവരായിരുന്നുവെന്ന് പറയപ്പെടുന്നു. യേശുവിന്റെ വാക്കുകൾ കേട്ട് അവർ അവനെ പരിഹസിച്ചു. മനുഷ്യരുടെ മുമ്പിൽ തങ്ങളെ നീതിമാന്മാരായി കാണിക്കാൻ അവർ ശ്രമിച്ചു.

ഇത് നമ്മോടും ഒരു ചോദ്യം ചോദിക്കുന്നു. "മറ്റുള്ളവർ എന്നെ എങ്ങനെ കാണുന്നു?" എന്നതാണോ എന്റെ പ്രധാന ചിന്ത അതോ "ദൈവം എന്നെ എങ്ങനെ കാണുന്നു" എന്നതാണോ?

മനുഷ്യരുടെ പ്രശംസ മാറിപ്പോകാം. എന്നാൽ ദൈവത്തിന്റെ മുമ്പിലുള്ള സത്യസന്ധമായ ജീവിതമാണ് ശാശ്വതമായ മൂല്യമുള്ളത്.

**4. ദൈവവചനത്തിന് മാറ്റമില്ല.**

17-ാം വാക്യത്തിൽ യേശു പറയുന്നു,ആകാശവും ഭൂമിയും നീങ്ങിപ്പോകുന്നതിനേക്കാൾ ന്യായപ്രമാണത്തിൽ ഒരു ചെറിയ അക്ഷരം നീങ്ങിപ്പോകുന്നത് എളുപ്പം.

കാലം മാറുന്നു, സമൂഹം മാറുന്നു, മനുഷ്യരുടെ അഭിപ്രായങ്ങൾ മാറുന്നു, എന്നാൽ ദൈവവചനത്തിന്റെ അടിസ്ഥാനത്തിൽ പണിയണം.

**5. ദൈവരാജ്യത്തെ ലക്ഷ്യമാക്കി ജീവിക്കുക**

ഈ വേദഭാഗം നമ്മെ ഒരു ആത്മീയ പരിശോധനയിലേക്ക് നയിക്കുന്നു.

എന്റെ ജീവിതത്തിൽ ഒന്നാം സ്ഥാനം ആർക്കാണ്?

എന്റെ തീരുമാനങ്ങളെ നിയന്ത്രിക്കുന്നത് ദൈവഹിതമാണോ, ഭൗതിക താല്പ്പര്യങ്ങളാണോ?

സമ്പത്ത് എന്റെ കൈയ്യിലാണോ അതോ ഞാൻ സമ്പത്തിന്റെ കൈയ്യിലാണോ?

മനുഷ്യരുടെ പ്രശംസയാണോ ഞാൻ അന്വേഷിക്കുന്നത്,ദൈവത്തിന്റെ പ്രസാദമാണോ?

പ്രിയപ്പെട്ടവരേ, ക്രിസ്തീയ ജീവിതത്തിന്റെ വിജയമെന്നത് നമുക്ക് എത്രയുണ്ട് എന്നതിലല്ല, നമ്മുടെ ഹൃദയത്തിൽ ദൈവത്തിന് എത്ര സ്ഥാനമുണ്ട് എന്നതിലാണ്.

നമുക്ക് സമ്പത്ത് ഉണ്ടായിരിക്കാം,സ്ഥാനമുണ്ടാകാം, കഴിവുകളുണ്ടാകാം, എന്നാൽ അവയെല്ലാം ദൈവത്തിന്റെ മഹത്വത്തിനായി ഉപയോഗിക്കുമ്പോഴാണ് നമ്മുടെ ജീവിതം അർത്ഥവത്താകുന്നത്.

**ഉപസംഹാരം**

ദൈവത്തേയും മാമോനേയും സേവിക്കാനാവില്ല. എന്ന ക്രിസ്തുവിന്റെ വാക്കുകൾ ഇന്ന് നമ്മുടെ ഹൃദയത്തിൽ മുഴങ്ങട്ടെ. നമ്മുടെ ജീവിതത്തിന്റെ യഥാർത്ഥയജമാനനായി ദൈവത്തെ സ്വീകരിക്കാം. സമ്പത്തിനെ ദൈവത്തിന്റെ സ്ഥാനത്ത് നിർത്താതെ, ദൈവം നൽകിയ അനുഗ്രഹമായി കണ്ട് മറ്റുള്ളവരുടെ നന്മയ്ക്കായി ഉപയോഗിക്കാം. നമ്മുടെ ഹൃദയത്തിൽ ദൈവത്തിന് ഒന്നാം സ്ഥാനം നൽകാം. അപ്പോൾ നമ്മുടെ ജീവിതവും കുടുംബവും സമൂഹവും കൂടുതൽ അനുഗ്രഹീതമാകും.

# ഹൃദയത്തെ നോക്കുന്ന ദൈവം

**സണ്ണി ഇളംപുരയിടത്തിൽ,നെല്ലിക്കമൺ, റാന്നി**

യിരെമ്യാവ് 17:8:9:10

അവൻ വെള്ളത്തിനരികെ നട്ടിരിക്കുന്നതും നദിക്കരികെ വേരൂന്നതുമായ വൃക്ഷം പോലെയാകും. ചൂട് തട്ടുമ്പോൾ അത് ഭയപ്പെടുകയില്ല. അതിന്റെ ഇല പച്ചയായിരിക്കും. വരൾച്ചയുള്ള കാലത്തും വാട്ടം തട്ടാതെ ഫലം കായ്ച്ചുകൊണ്ടിരിക്കും. ഹൃദയം എല്ലാറ്റിനെക്കാൾ കാപട്യവും ദുഷ്ടതയും ഉള്ളതാകുന്നു. അത് ആരാഞ്ഞ് അറിയുന്നവൻ ആര്? യഹോവയായ ഞാൻ ഹൃദയത്തെ പരിശോധിക്കുന്നു. ഞാൻ അന്തരംഗങ്ങളെ പരിശോധിച്ച് അവനവന്റെ വഴികൾക്കും പ്രവൃത്തിയുടെ ഫലത്തിനും തക്കവണ്ണം കൊടുക്കും.

ശരീരശാസ്ത്രപ്രകാരം മനുഷ്യന്റെ ഒരു സുപ്രധാന അവയവമാണ് ഹൃദയം. അതിനെ ദൈവം കാണുന്നത് വികാരവിചാരവീക്ഷണങ്ങളുടെ ആസ്ഥാനമായിട്ടാണ്. മനുഷ്യഹൃദയത്തെ ബാഹ്യനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയാത്തതുപോലെ. ഹൃദയത്തിന്റെ നിരൂപണങ്ങളും നിരീക്ഷണങ്ങളും മനസ്സിലാക്കുവാനും അവന് സാദ്ധ്യമല്ല. അത്യുന്നതനായ ദൈവത്തിനാകട്ടെ മനുഷ്യഹൃദയത്തെ ആരാഞ്ഞറിയുവാനും ശോധനചെയ്യുവാനും കഴിയും. ഹൃദയം എല്ലാറ്റിനെക്കാളും കാപട്യവും ദുഷ്ടതയും ഉള്ളതാകുന്നു. അത് ആരാഞ്ഞ് അറിയുന്നവൻ ആര്? യഹോവയായ ഞാൻ ഹൃദയത്തെ പരിശോധിക്കുന്നു. ഞാൻ അന്തരംഗങ്ങളെ പരീക്ഷിച്ച് ഓരോരുത്തനും അവന്റെ വഴികൾക്കും പ്രവൃത്തികളുടെ ഫലത്തിനും തക്കവണ്ണം കൊടുക്കുന്നു. (യിരെമ്യ17-8-10)ശൗലിന് പകരം യിസ്രയേലിന് മറ്റൊരു രാജാവിനെ തെരഞ്ഞെടുക്കുവാനായി ശമുവേൽ പ്രവാചകനെ ദൈവം അയച്ചപ്പോൾ യിശ്ശായിയുടെ ആദ്യജാതനായിരിക്കും യഹോവയാൽ തെരഞ്ഞെടുക്കപ്പെട്ടവനെന്ന് ശമുവേൽ കരുതിയത്. അപ്പോൾ യഹോവ ശമുവേലിനോട് "അവന്റെ മുഖമോ പൊക്കമോ നോക്കരുത്. ഞാൻ അവനെ തള്ളിയിരിക്കുന്നു. മനുഷ്യൻ നോക്കുന്നതുപോലെയല്ല യഹോവ നോക്കുന്നത് എന്ന് അരുളിച്ചെയ്തു. (1 ശമുവേൽ 10: 7) അത്യുന്നതനായ ദൈവം ശമുവേലിനോട് അരുളിച്ചെയ്യുന്ന ഈ സത്യം ദൈവജനത്തിനു മാർഗ്ഗദീപം ആകണം. തങ്ങൾ ദൈവത്തിനു സമർപ്പിച്ചിട്ടും നിരന്തരമായി പ്രാർത്ഥിച്ചിട്ടും ദിവസങ്ങളോളം ഉപവസിച്ചിട്ടും ദാനധർമ്മങ്ങൾ ചെയ്തിട്ടും ദൈവം ഉത്തരം തരുന്നില്ല എന്ന് അനേക സഹോദരങ്ങൾ പരാതി പറയാറുണ്ട്. മനുഷ്യന്റെ ആചാരാനുഷ്ഠാനങ്ങളേക്കാൾ ഉപരി ദൈവം ആഗ്രഹിക്കുന്നത് മനുഷ്യൻ ദൈവസ്വഭാവത്തിൽ ആയിത്തീരുവാനാണ്. നമ്മുടെ പ്രാർത്ഥനകളും ഉപവാസങ്ങളുമെല്ലാം നമ്മുടെ ജീവിത വീക്ഷണങ്ങൾക്ക് മാറ്റം വരുത്തുന്നതും നമ്മെ ദൈവസ്വഭാവത്തോട് കൂടിയ പുതിയ സൃഷ്ടികളാക്കുന്നതുമാകണം. അസൂയയും അത്യാഗ്രഹങ്ങളും പകയും പരിഭവങ്ങളും ദുർഗ്രഹങ്ങളും ദുഷ്പ്രവൃത്തികളും നിറഞ്ഞ ഹൃദയത്തിൽനിന്ന് ഉയരുന്ന പ്രാർത്ഥനകൾ ദൈവത്തിന് സ്വീകാര്യമാവുകയില്ല. എന്തെന്നാൽ ദൈവം ഹൃദയത്തെയാണ് നോക്കുന്നത് അതുകൊണ്ടാണ് ദൈവജനമെന്ന് അഭിമാനിച്ചിരുന്ന ഒന്നാം യിസ്രയേലിനോട് അവരുടെ ഹൃദയത്തിന്റെ അഗ്രചർമ്മം പരിച്ഛേദന ചെയ്യുവാൻ ദൈവം ആവശ്യപ്പെടുന്നത് (ആവ: 10:16:20:6)

**424 വർഷം 3 മാസം 8 ദിവസം**

ഇന്ന് ഭൂമുഖത്ത് ലക്ഷക്കണക്കിന് ദേവാലയങ്ങൾ ക്രൈസ്തവർ പടുത്തുയർത്തുന്നുണ്ട്.പഴമയുടേയും പുതുമയുടേയും സമ്മിശ്രങ്ങളായ ശില്പകലയുടേയും കരകൗശലപ്പണികളുടേയും കേദാരങ്ങളുടേയും ആധുനിക സാങ്കേതിക വൈദഗ്ദ്ധ്യങ്ങളുടേയും കണ്ണിനേയും കരളിനേയും കവർന്നെടുക്കുന്ന വിസ്മയങ്ങളുമായി അവ നിലകൊള്ളുന്നു. ഈ ഭൂമിയുടെ വിവിധ സ്ഥലങ്ങളിൽ വിവിധസഭകളുടേയും ക്രൈസ്തവ സമൂഹങ്ങളുടേയും ഭൂമിയിലെ അഭിമാന സ്തംഭങ്ങളായി അവ തല ഉയർത്തി നിൽക്കുമ്പോൾ അവയിൽ ഊറ്റം കൊള്ളുന്ന ക്രൈസ്തവ നേതാക്കന്മാർ മറന്നു കളഞ്ഞ ഒരു ചരിത്രസത്യം ഉണ്ട്. സർവ്വശക്തനായ ദൈവം രൂപകല്പന ചെയ്തതും. (1 ദിന-28.19)ദാവീദിന് വെളിപ്പെടുത്തിയതും ശലോമോൻ പടുത്തുയർത്തിയതുമായ ഒന്നാമത്തെ യരൂശലേം ദേവാലയത്തോളം മനോഹരവും മഹത്വവും ഏറ്റവുമധികം നിർമ്മാണച്ചെലവ് വഹിക്കേണ്ടി വന്നതുമായ ഒരു ദേവാലയം ക്രൈസ്തവർക്കെന്നല്ല, ഭൂലോകത്ത് മറ്റാർക്കും പടുത്തുയർത്തുവാൻ ഇന്നലെയോളം കഴിഞ്ഞിട്ടില്ല. വലിപ്പത്തെക്കാൾ ഉപരി സ്വർണ്ണംകൊണ്ടും തൂക്കം നിർണ്ണയിക്കുവാൻ കഴിയാത്തത്ര പിച്ചളകൊണ്ടും അലംകൃതമായ ഒന്നാമത്തെ യരൂശലേം ദേവാലയം അത്യുന്നതനായ ദൈവത്തിന്റെ മഹിമയുടേയും മഹത്വത്തിന്റേയും പ്രതീകമാകുന്നു. അതുകൊണ്ട് ദൈവം അതിനെ ഒരിക്കലും നശിപ്പിക്കുകയില്ലായെന്ന് യിസ്രയേൽ മക്കൾ കരുതി അവർ ദൈവത്തെ മറന്ന് അന്യദൈവത്തെ ആരാധിക്കാൻ തുടങ്ങിയപ്പോൾ യെരുശലേമിനേയും ദേവാലയത്തേയും താൻ നശിപ്പിക്കുമെന്ന് ദൈവം തന്റെ പ്രവാചകൻമാരിലൂടെ മുന്നറിയിപ്പ് നൽകിയിട്ടും അവർ ദൈവസന്നിധിയിലേക്ക് മടങ്ങിവരുന്നതിന് തയ്യാറായില്ല. തന്റെ പ്രവാചകൻമാരെ കാരാഗ്രഹത്തിലടയ്ക്കുകയും പീഡിപ്പിക്കുകയും കൊല്ലുകയും തന്റെ വചനങ്ങൾ നിസ്സാരമാക്കി പതിറ്റാണ്ടുകളോളം പുറംതള്ളിക്കളയുകയും ചെയ്തപ്പോൾ ദൈവം തന്റെ പ്രചോദനമായി പടുത്തുയർത്തിയ യെറുശലേം ദേവാലയത്തെ അഗ്നിക്ക് ഇരയാക്കി അങ്ങനെ ഏഴുവർഷംകൊണ്ട് നിർമ്മിച്ചതും ദൈവം തന്റെ സാന്നിദ്ധ്യം കൊണ്ടും പ്രതിഷ്ഠാവേളയിൽ അനുഗ്രഹിച്ചതുമായ യെരുശലേം ദേവാലയത്തെ 424 വർഷം, 3-ാം മാസം, 8 ദിവസം കഴിഞ്ഞപ്പോൾ ദൈവം ബാബിലോണിയ സൈന്യത്തെ നിയോഗിച്ച് ചുട്ടുചാമ്പലാക്കി (യിരെമ്യ-52-13)സർവ്വശക്തനായ ദൈവത്തിൽ ആശ്രയിച്ച് അവന്റെ ഹിതം മനസ്സിലാക്കി നമ്മുടെ ഹൃദയത്തെ മാറ്റിയെടുക്കുന്നതിന് നമുക്ക് ഓരോരുത്തർക്കും കഴിയട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ലോകയിമ്പങ്ങളിൽ ഞാൻ ഭ്രമിച്ചു.
ലോകമോഹങ്ങളിൽ ഞാൻ മുഴുകി.
.......സ്വർഗ്ഗതാതൻ
ഹൃത്തിൽ മൂഢമായ് ഞാനുറച്ചു
സർവ്വനന്മയ്ക്കും സർവ്വദാനങ്ങൾക്കും
ഉറവിടമാം യെന്നേശുവേ നിന്നെ ഞാൻ
സ്തുതിച്ചീടുന്നു ദിനവും പരനേ നന്ദിയാൽ.
ആഴി ആഴത്തിൽ ഞാൻ കിടന്നു

കൂരിരുൾ എന്നെ പിടിച്ചു
താതൻ തിരുക്കരം തേടി എത്തി
തന്റെ മാറോടു ചേർത്തണച്ചു
പരിശുദ്ധാത്മാവാൽ നിറയ്ക്ക (സർവ്വനന്മ)
അനുദിനമെന്നെ പരനേ
തിരുവേലയെ തികച്ചിടുവാൻ
നൽവരങ്ങളെ നൽകീടുക (സർവ്വനന്മ)
ലോക ഇമ്പങ്ങളിൽ ഞാൻ ഭ്രമിച്ചു
ലോകമോഹങ്ങളിൽ ഞാൻ മുഴുകി
കാണില്ലൊരുനാളും സ്വർഗ്ഗതാതൻ
ഹൃത്തിൽ മൂഢമായി ഞാനുറച്ചു

സർവ്വനന്മകൾക്കും സർവ്വദാനങ്ങൾക്കും
ഉറവിടമാമെന്നേശുവേ നിന്നെ ഞാൻ
സ്തുതിച്ചീടുന്നു ദിനവും പരനേ നന്ദിയാൽ
ആഴി ആഴത്തിൽ ഞാൻ കിടന്നു
കൂരിരുൾ എന്നെ മറപിടിച്ചു.
താതൻ തിരുക്കരം തേടിയെത്തി
തന്റെ മാറോടു ചേർത്തണച്ചു(സർവ്വനന്മ)
പരിശുദ്ധാത്മാവാൽ നിറയ്ക്ക
അനുദിനമെന്നെ പരനേ
തിരുവേലയെ തികച്ചീടുവാൻ
നൽവരങ്ങളെ നൽകീടുക(സർവ്വനന്മ)

# എങ്ങനെയാണ് പരിശുദ്ധാത്മാവിനോടു പ്രാർത്ഥിക്കേണ്ടത്

**ജയ്നമ്മ മർക്കോസ്, നടുവിലെപറമ്പിൽ, കുഴിമറ്റം**

സഹായകനായ പരിശുദ്ധറൂഹാ
അദ്ധ്യാപകനായ പരിശുദ്ധറൂഹാ
സാക്ഷ്യവും ബോധ്യവും നൽകുന്ന റൂഹാ
സകലതും പൂർത്തിയാക്കുന്ന റൂഹാ

പിതാവും പുത്രനും പരിശുദ്ധറൂഹായും
ഒന്നു, തന്നെയാണല്ലോ മക്കളെ
ജ്ഞാനവും വെളിപ്പാടും നൽകുന്ന റൂഹായെ
ഞങ്ങളിൽ വന്നു നിറയണമേ.

ദൈവത്തെ വിശ്വസിക്കാത്തതാണ് പാപം
ലോകത്തിന്റെ അധികാരി പിശാചാണ്
പിശാചിനെ, പ്രീതിപ്പെട്ടതിൽ
പാപത്തിൽ മുക്കി, നരകത്തിലാക്കും

ഞാനെന്ന ദൗത്യം അഹങ്കാരമാണ്
അഹങ്കാരം മൂലം മാലാഖ പിശാചായി മാറി
അഹങ്കാരം മനുഷ്യരേയും ഈശനേയും
വെറുപ്പിക്കുന്നു
ഏഷണി പറയുന്നവൻ അഹങ്കാരിയാണ്

ആത്മീയലോകത്ത് വിശുദ്ധയായി ജീവിച്ചാൽ
ആത്മീയ നിലവാരം ഉയരും മക്കളേ
ഈശന്റെ രണ്ടാം വരവിൽ മാത്രമേ
ഈശൻ, ലൂസിഫറിനെ, ബന്ധിക്കത്തുള്ളു

ആത്മീയ ലോകത്ത് പരിശുദ്ധറൂഹായുള്ളതുപോലെ
ദുഷ്ടാത്മാക്കളും ഉണ്ടുപോലും
ആത്മീയ നിലവാരം ഉയർന്നവൻ പറഞ്ഞാലേ
പിശാച്, തോറ്റോടത്തുള്ളു മക്കളേ

അന്തിയാക്കോസ് രാജാവ് (2 മക്കാബിയർ 9:4–8)
നെബൂ ഖദ്നേസർ രാജാവ് (ദാനിയേൽ 4:29–33)
ഹേറോദേസ് രാജാവ് എന്നീ രാജാക്കന്മാർ 12:21–23)
അഹങ്കാരം മൂലം പുഴു അരിച്ചു മരിച്ചു.

ഈശോ, ഈശോയ്ക്കുവേണ്ടി പ്രാർത്ഥിച്ചു
ഈശോ ശിഷ്യർക്കുവേണ്ടി പ്രാർത്ഥിച്ചു.
ശിഷ്യരിലൂടെ ക്രിസ്തുവിലായവർക്കുവേണ്ടി പ്രാർത്ഥിച്ചു
നമ്മളും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കണം

പ്രാർത്ഥനയിലൂടെ ലോകത്തെ ചേർത്തുപിടിക്കു!
പ്രത്യാശയോടെ ജീവിക്കണം
പ്രതീക്ഷയിൽ ജീവിക്കണം
ഐക്യത്തിൽതന്നെ ജീവിച്ചു മടങ്ങണം
സഭാ, ഐക്യത്തെ മുറിക്കുന്നത്
ദൈവത്തെ വേദനിപ്പിക്കുമല്ലോ
ഐക്യത്തിനുവേണ്ടി പ്രാർത്ഥിക്കണം
വിശ്വാസത്തോടെ പ്രാർത്ഥിക്കണം.

ധാർമ്മികതയെക്കുറിച്ചുള്ള ഐക്യം
ക്രിസ്തുവിനു ചേർന്ന് പ്രവൃത്തിയിലുള്ള ഐക്യം
ഹൃദയത്തിന്റെ ഐക്യം എന്നിവയൊക്കെ
ദൈവം ഇഷ്ടപ്പെടുന്നവയല്ലോ

മരിച്ചു കഴിഞ്ഞാൽ ലേബൽ ഒന്നുമില്ല
ക്രിസ്തുവിൽ ഒന്നാകുവാൻ
പ്രബോധനം കേട്ടു വളരാൻ
ഞങ്ങളുടെ പാപങ്ങൾ മോചിച്ചിടൂ

ക്രിസ്തുവിന്റെ മഹത്വം ഞങ്ങളിൽ നിറയാൻ
വിശുദ്ധിയിൽ വളർന്നു മടങ്ങിടുവാൻ
സോദരനെ, ചേർത്തു പിടിക്കാൻ ഈശോയേ
നിൻ കൃപ ഞങ്ങളിൽ നിറച്ചിടുക.

വിശുദ്ധിയായി, വിശ്വാസത്തോടെ പ്രാർത്ഥിക്കൂ
ഉള്ളിലെ ഈശോ നമ്മളെ അനുഗ്രഹിക്കും
സകലതും പൂർത്തിയാക്കുന്ന റൂഹാ
നമ്മുടെ ജീവിതം ധന്യമാകും

# സുവർണ്ണവാതിൽ

**കൊച്ചുമോൻ, പള്ളിക്കപ്പറമ്പിൽ**

അനന്തരം അവൻ എന്നെ വിശുദ്ധ മന്ദിരത്തിന്റെ കിഴക്കോട്ട് ദർശനമുള്ള പുറത്തെ ഗോപുരത്തിലേക്കു മടക്കിക്കൊണ്ടുവന്നു, എന്നാൽ അത് അടച്ചിരുന്നു. അപ്പോൾ യഹോവ എന്നോടു അരുളിയത് ഈ ഗോപുരം തുറക്കാതെ അടച്ചിരിക്കണം. ആരും അതിൽ കടക്കരുത്; യിസ്രയേലിന്റെ ദൈവമായ യഹോവ അതിലൂടെ അകത്ത് കടന്നതുകൊണ്ട് അത് അടച്ചിരിക്കണം (യെഹ.44:1).

ഈ ഗോപുരവാതിൽ ഏതാണെന്നും, എന്ന് യഹോവ അതിൽ കൂടെ അകത്തു കടന്ന സംഭവമാണ് ഈ വചനത്തിന്റെ പൊരുൾ എന്താണെന്നുള്ള വിശദീകരണമാണ് ഈ ലേഖനം. ശാലോമോൻ രാജാവ് പണിതിരുന്ന ജറുശലേം ദൈവാലയം എ.ഡി. 70 ൽ റോമൻ സൈന്യാധിപൻ തീത്തൂസ്, ജറുശലേം ആക്രമിച്ചു റോമൻ ഭരണത്തിൻ കീഴിൽ ആക്കിയപ്പോൾ ജറുശലേം ദൈവാലയവും നശിപ്പിച്ചു. കല്ലിന്മേൽ കല്ല് ശേഷിപ്പിക്കാതെ അത് നശിക്കുമെന്നു യേശുവും പ്രവചിച്ചിരുന്നു. (മത്ത. 24:2) പിന്നീട് ജറുശലേം മുസ്ലീം ഭരണത്തിൽ ആയിത്തീർന്നു. അപ്പോൾ ഈ ദൈവാലയം അവരുടെ പള്ളിയാക്കി മാറ്റി സ്ഥാപിച്ചു. അതിനു ചുറ്റും മതിലുകൾ ഉണ്ടായിരുന്നു. ഈ പള്ളിക്കു കിഴക്കു സ്ഥിതി ചെയ്യുന്ന കോട്ടമതിലിന് ഒരു വാതിൽ ഉണ്ട്.സുവർണ്ണവാതിൽ(Golden gate) എന്നാണ് അത് അറിയപ്പെടുന്നത്. ഈ വാതിൽ നൂറ്റാണ്ടുകൾ ആയിട്ട് അടഞ്ഞു കിടക്കുകയാണ്. മുമ്പ് തുറന്നു കിടന്നിരുന്ന വഴിയായിരുന്നു. ഇതിൽകൂടെ യേശു കഴുതപ്പുറത്ത് ഊശാനായ്ക്ക് ജറുശലേം ദൈവാലയത്തിലേക്ക് എഴുന്നള്ളിയതും, പിന്നീടു യേശുവിനെ ക്രൂശിക്കാനായിക്കൊണ്ടുപോയതും ഈ വാതിലൂടെ ആയിരുന്നു. അതിനുശേഷം പൂട്ടിയ ഈ വാതിൽ ഇന്നുവരെ അടഞ്ഞു കിടക്കുന്നു. തങ്ങളുടെ മിശിഹാ താമസിയാതെ ഈ വാതിൽ തുറന്ന് രാജാവായി ജറുശലേമിലേക്കു പ്രവേശിക്കുമെന്നും യൂദന്മാർ പൊതുവിൽ വിശ്വസിക്കുന്നതായി കരുതുന്നു.

1540 ൽ സുലൈമാൻ സുൽത്താൻ ഈ മതിൽ പുതുക്കി പണിതപ്പോൾ ഈ വാതിലും തുറന്നു. അപ്പോൾ ആരോ ഈ പ്രവചനം അദ്ദേഹത്തെ വായിച്ചു കേൾപ്പിച്ചു, ദൈവഹിതത്തിനു വിപരീതമായി പ്രവർത്തിപ്പാൻ താൻ ഭയപ്പെട്ട്, ആ വാതിൽ അന്നു തന്നെ അടച്ചുകളഞ്ഞു. എന്നാൽ അതിനുശേഷം ഈ മതിലിനോടുള്ള ബന്ധത്തിൽ അത്ഭുതകരമായ ഒരു സംഭവം ഉണ്ടായി. 1967 ൽ ജോർഡാനിലെ ഹുസൈൻ രാജാവ് ഈ വാതിൽ തുറക്കുവാൻ ജൂൺ 24 ന് തീരുമാനിച്ചിരുന്നു. എങ്കിലും ദൈവ നിശ്ചയംപോലെ ആയത് നടപ്പിലായില്ല. 1967 ജൂൺ 6-ാം തീയതി യിസ്രായേൽ ജറുശലേം മുഴുവൻ കൈവശം അടക്കി. ഈ വാതിൽ ഇന്നും അടഞ്ഞു തന്നെ കിടക്കുന്നു.

ഈ പ്രവചനം പ്രധാനമായി നമ്മിൽ അങ്കുരിപ്പിക്കുന്നത് ദൈവം ത്രിത്വമാണെന്ന സത്യം ആകുന്നു. മോശയ്ക്കു മുൾപ്പടപ്പിൽ പ്രത്യക്ഷപ്പെട്ട യഹോവ അല്ല, സുവർണ്ണവാതിലൂടെ കടന്നത് യേശു ആണ്. വാതിലിലൂടെ കടക്കുന്നവൻ ആടുകളുടെ ഇടയനാകുന്നു. ആടുകളുടെ വാതിൽ ഞാനാകുന്നു. യോഹ.10:7 അതിനാൽ യേശു ദൈവപുത്രനാണെന്ന സത്യം അറിയുന്നതാണ് നിത്യജീവൻ (യോഹ. 17:3). അതിനാലാണു സഭ പിതാവിനും, പുത്രനും, പരിശുദ്ധാത്മാവിനും സ്തുതിച്ച് പ്രാർത്ഥന ആരംഭിക്കുന്നത് ●

# ക്നാനായ കൺവൻഷൻ രജതജൂബിലി നിറവിൽ മന്ത്രി മോൻസ്ജോസഫ് ആഘോഷങ്ങളുടെ ഉദ്ഘാടനം നിർവഹിച്ചു.

ക്നാനായ സുവിശേഷ സമാജം 88—ാമത് വാർഷിക ധ്യാനയോഗവും ക്നാനായ കൺവൻഷൻ രജതജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനവും ചിങ്ങവനം സെന്റ് ജോൺസ് പുത്തൻപള്ളിയിൽ ഓഗസ്റ്റ് 28, 29 തീയതികളിൽ നടന്നു.

ഓഗസ്റ്റ് 28 വെള്ളിയാഴ്ച ധ്യാനയോഗത്തിന്റെ ഉദ്ഘാടനം ക്നാനായ സമുദായ വലിയ മെത്രാപ്പോലീത്തയും സുവിശേഷ സമാജം പ്രസിഡന്റുമായ ആർച്ച് ബിഷപ്പ് അഭി. കുറിയാക്കോസ് മോർ സേവേറിയോസ് തിരുമേനി നിർവഹിച്ചു. വൈസ് പ്രസിഡന്റ് ഫാ. ബെന്നി ഏബ്രഹാം മാമലശ്ശേരിൽ അദ്ധ്യക്ഷത വഹിച്ചു. റവ. സുനിൽ എ. ജോൺ ധ്യാനത്തിന് നേതൃത്വം നൽകി. രണ്ടു മണിക്ക് ക്നാനായ കൺവൻഷൻ രജത ജൂബിലി ആഘോഷങ്ങളുടെ ഉദ്ഘാടനം കേരള ജലവിഭവ നിർമ്മാണ വകുപ്പ് മന്ത്രി അഡ്വ. മോൻസ് ബിഷപ്പ് കുറിയാക്കോസ് മോർ സേവേറിയോസ് അദ്ധ്യക്ഷത വഹിച്ചു. സുവിശേഷ സമാജം ജനറൽ സെക്രട്ടറി ജിജി ഏബ്രഹാം കറുകേലിൽ സ്വാഗതം ആശംസിച്ചു. വികാരി ജനറൽ ഫാ.വി.എ. ഏബ്രഹാം ഇളയശ്ശേരിൽ, സമുദായ സെക്രട്ടറി റ്റി. ഒ. ഏബ്രഹാം തോട്ടത്തിൽ, സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ, ഫാ.ജേക്കബ് കല്ലുകുളം, കെ.കെ. ചാക്കോ കൂർക്കക്കാലായിൽ, സുവിശേഷ സമാജം ട്രസ്റ്റി സജി മുണ്ടയ്ക്കൽ, സാബു തോട്ടുങ്കൽ എന്നിവർ പ്രസംഗിച്ചു. ഫാ. ബിബി ഏബ്രഹാം കിഴക്കേമുറിയിൽ, ഫാ.ലിജോ ജോസഫ് പട്ടുകാലായിൽ എന്നിവർ ഓരോ ദിവസവും വിശുദ്ധ കുർബ്ബാനയ്ക്ക് നേതൃത്വം നൽകി.

തുടർന്ന് നടന്ന സുവിശേഷ സമാജം ജനറൽ ബോഡി യോഗത്തിൽ വാർഷിക പ്രവർത്തന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും അവതരിപ്പിക്കുകയും അംഗീകരിക്കുകയും ചെയ്തു. സുവിശേഷ സമാജത്തിന്റെ വിവിധ ആത്മീയ, സാമൂഹിക, ജീവകാരുണ്യ പ്രവർത്തനങ്ങളും യോഗത്തിൽ വിലയിരുത്തപ്പെട്ടു. 25-ാ മത് ക്നാനായ കൺവൻഷൻ ജനറൽ കൺവീനറായി ശ്രീ.എം. പി. തോമസ് മംഗലത്തിനെ തിരഞ്ഞെടുത്തു. ●




ഒരു ദിവസം അപ്പു കൂട്ടുകാരനുമായി കളിക്കുമ്പോൾ ചെറിയൊരു തർക്കമുണ്ടായി. കൂട്ടുകാരൻ ദേഷ്യപ്പെട്ട് അപ്പുവിനോട് മോശമായി സംസാരിച്ചു. അപ്പുവിനും ദേഷ്യം വന്നു. എന്നാൽ ഉടൻ തിരിച്ചുപറയാതെ അവൻ കുറച്ചുനേരം നിശ്ശബ്ദനായി. പിന്നീട് അപ്പു പറഞ്ഞു,നമ്മൾ രണ്ടുപേരും ദേഷ്യപ്പെട്ടാൽ പ്രശ്നം കൂടുതൽ വലുതാകും. നമുക്ക് സംസാരിച്ച് പരിഹരിക്കാം. കൂട്ടുകാരന് തന്റെ തെറ്റ് മനസ്സിലായി. അവൻ അപ്പുവിനോട് ക്ഷമചോദിച്ചു. അപ്പു പുഞ്ചിരിയോടെ അവനോട് ക്ഷമിച്ചു.

**ഗുണപാഠം**

ദേഷ്യത്തിന് ദേഷ്യത്തോടെ മറുപടി നൽകാതിരിക്കുകയും തെറ്റുകൾ ക്ഷമിക്കുകയും ചെയ്യുന്നതാണ് യഥാർത്ഥ പക്വത.

## Answers for the month of August
## Book of Zephaniah

1. Malachi
2. My messenger
3. Israel
4. “How have you loved us?”
5. Polluted/blemished offerings
6. His name
7. The full tithe
8. The devourer
9. Elijah the prophet
10. Horeb

# ബാലദീപം ക്വിസ്

**അമ്പിളി ഷെറിൻ, കൊല്ലംപറമ്പിൽ**

**യിരെമ്യാവ്**

1. യിരെമ്യാവ് ആരുടെ മകനായിരുന്നു?
2. യിരെമ്യാവ് ഏത് പട്ടണത്തിൽ നിന്നുള്ളവനായിരുന്നു?
3. യിരെമ്യാവ് ഏത് ഗോത്രത്തിൽപ്പെട്ടവനായിരുന്നു?
4. യിരെമ്യാവിന്റെ വിളി ഏത് രാജാവിന്റെ കാലത്താണ് ഉണ്ടായത്?
5. യിരെമ്യാവിന് ദൈവം കാണിച്ച ആദ്യ ദർശനം എന്തായിരുന്നു?
6. യിരെമ്യാവ് ഏത് പ്രവൃത്തിയുമായി താരതമ്യം ചെയ്തു?
7. യിരെമ്യാവ് തകർത്ത പാത്രം എന്തിന്റെ പ്രതീകമായിരുന്നു?
8. യിരെമ്യാവിനെ കിണറ്റിൽ നിന്ന് രക്ഷിച്ചത് ആര്?
9. യിരെമ്യാവ് പ്രവചിച്ച പുതിയ ഉടമ്പടി ഏത് അദ്ധ്യായത്തിലാണ്?
10. യിരെമ്യാവ് വാങ്ങിയ വയൽ ഏത് സ്ഥലത്തായിരുന്നു?

**ഓഗസ്റ്റ് മാസത്തിലെ ഉത്തരങ്ങൾ**

**മലാഖി**

1. 4
2. എന്റെ ദൂതൻ (My Messenger)
3. പഴയ നിയമം
4. യാക്കോബ്
5. ഏശാവ്
6. ഏലിയാ പ്രവാചകൻ (മലാഖി) 4:5)
7. മലാഖി 3:6
8. മലാഖി
9. മലാഖി 4:2
10. ദൈവത്തോടുള്ള വിശ്വസ്തത, ആത്മാർത്ഥ ആരാധന, അനുസരണം, മാനസാന്തരം

## Bible Quiz (English)
## Malachi

1. Who was the prophet who received the word of the Lord recorded in this book?
2. What does the name Malachi mean?
3. To whom was the message of Malachi addressed?
4. What question did the Israelites ask when God said, “I have loved you”?
5. What did the priests offer on God's altar that displeased Him?
6. What did God say would be great among the nations?
7. What did God command the people to bring into the storehouse?
8. What did God promise to rebuke for their sake?
9. Who did God say would come before the great and dreadful day of the Lord?
10. Which mountain is mentioned in connection with the law of Moses?

# NAMKC
## North American Malankara Knanaya Community
## Executive & Managing Committee 2026-30


Mr. Rajan P. Kuriakose,
Punnattusseril,
President


Mr. Renny Eranackal,
Secretary


Mrs. Jessy Prasad
Vadavuparambil,
Trustee


Mr. Thomas Joseph (Siby),
Charivuparampil,
Vice President


Mrs. Nimisha Nikhil
Puthuchirayil,
Joint Secretary


Mr. Ajay Mathew Vazhackal,
Detroit


Mr. Tiju Thomas,
Moozhiparampil,
New York


Mr. Edavazhikal Philip
Kuriakose,
Houston


Mr. Jacob Abraham (Ani),
Malikarukayil,
Dallas


Mrs. Dayana Markose,
Thoompunkal,
Tampa


Mr. Saji Punnoose,
Eranackal,
Hartford


Mr. Jacob Kuriakose,
Edasseril,
New Jersey,


Mr. Prijoe Abraham,
Kallamparampil,
Boston

Advt - O



മലങ്കര സുറിയാനി ക്നാനായ അസ്സോസിയേഷൻ ചിങ്ങവനം മോർ അഫ്രേം സെമിനാരിയിൽ അസ്സോസിയേഷൻ പ്രസിഡന്റ് ഫാ. വി. എ. ഏബ്രഹാം ഇളയശ്ശേരിയുടെ അദ്ധ്യക്ഷതയിൽ കുടിയ യോഗത്തിൽ സമുദായ സെക്രട്ടറി ടി. ഒ. ഏബ്രഹാം തോട്ടത്തിൽ ആമുഖ പ്രസംഗം നടത്തുന്നു. ക്നാനായ മാനേജിംഗ് കമ്മിറ്റി അംഗങ്ങളായ ലിനു ചെറിയാൻ വരാത്ര, സജി ചാക്കോ താന്നിക്കൽ, ട്രസ്റ്റി ടി. സി. തോമസ് തോപ്പിൽ, ഫാ. നോബിൻ തോമസ് ഇളകുറ്റൂർ, രെഞ്ചു കോഴിമറ്റം, സാബു കണ്ണാട്ടിപ്പുഴ, തോമസ്കുട്ടി തേവരുമുറിയിൽ, ജോബി ജോസഫ് കാരിക്കോട്ട് എന്നിവർ സമീപം.



മുളയ്ക്കാംതുരുത്തി സെന്റ് ജോർജ് ക്നാനായ പള്ളി അങ്കണത്തിൽ, ക്നാനായ കോൺഗ്രസിന്റെ നേതൃത്വത്തിൽ ബൈബിൾ, പുരാതന പാട്ടുപുസ്തക വിതരണവും, ലഘുഭക്ഷണ (മന്ന) വിതരണ ഉദ്ഘാടനവും ക്നാനായ സമുദായ സെക്രട്ടറി റ്റി.ഒ.ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്യുന്നു. മുൻ ഭദ്രാസന സെക്രട്ടറി വികാരി ഫാ. എലിയാസ് സ്കറിയ ഇളവൻകളം, ക്നാനായ കോൺഗ്രസ് കേന്ദ്ര ജനറൽ സെക്രട്ടറി റോയി പുത്തൻപുരയ്ക്കൽ, ക്നാനായ കോൺഗ്രസ് മേഖല സെക്രട്ടറി ലിൻസോ എലിയാസ് ഇളവൻകളം, തമ്പി സ്കറിയ ആലുംശ്രാക്കൽ, സജി ജേക്കബ് മുട്ടഞ്ചേരി, ജിജു സ്കറിയ പള്ളത്തുശ്ശേരിൽ, രാജു മുട്ടഞ്ചേരി, സാജൻ കാരിമറ്റത്തിൽ, ഷിബു തേർവാലടി, ബെറ്റ്സി മുട്ടഞ്ചേരി എന്നിവർ സമീപം



**റാന്നി പഴവങ്ങാടി ഗ്രാമപഞ്ചായത്തിലെ ഏറ്റവും മികച്ച കർഷകനുള്ള അവാർഡ് നേടിയ ക്നാനായദീപം ചീഫ് എഡിറ്റർ റോയി മാത്യൂസ് കോർ–എപ്പിസ്കോപ്പ മുളമൂട്ടിലിന് ആശംസകൾ**



**ഓതറ നസ്രേത്ത് ആശ്രമത്തിൽ ഈ വർഷത്തെ ഓണാഘോഷത്തിനോടനുബന്ധിച്ച് കൗൺസിൽ അംഗങ്ങളും, കുട്ടികളും ജീവനക്കാരും ഒത്തുചേർന്നുപോൾ പകർത്തിയ ചിത്രം**

## YOUTH ACHIEVEMENT

### 16-Year-Old Rylen Anil Appointed at IIT Kanpur



**Rylen Anil (16)**, son of Anil Abraham & Swapna Anil, Perumkannaril, Mannar, and a member of St. George Knanaya Church, Dubai, has been appointed as a Junior Cybersecurity Engineer at C3iHub, IIT Kanpur.

A Class 12 student in Dubai, Rylen earned this opportunity by responsibly identifying and reporting security vulnerabilities in the NEET and JEE Advanced examination portals. This remarkable achievement at such a young age brings great pride to his family and the Knanaya community. Congratulations and prayers for God's abundant blessings and a bright future.

Advt - O



## 3rd Death Anniversary
**04-09-2026**

# JUBY SKARIAH
**Manimalaparayil,**
**Chingavanam (USA)**

Advt -O

*"The souls of the righteous are in the hand of God, and no torment will ever touch them"*
*Wisdom 3:1*

*By Loving Family*

## 40 –ാം ചരമദിനം
**06 – 10 – 2026**



Advt -G

# K.C.Andrews (പാപ്പച്ചൻ)
**കളത്തിൽ, കുറിച്ചി**
(12 – 10 – 1952 – 28 – 08 – 2026)

**ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ**

*സന്തപ്ത കുടുംബാംഗങ്ങൾ*

**അബ്രഹാം ഇസഹാക്ക് യാക്കോബ് പിതാക്കന്മാരുടെ വഴിയിലൂടെ**

## സ്വർഗത്തിലെ 7 –ാം പിറന്നാൾ
**14 – 09 – 2026**



Advt -O

# N.C. ഫിലിപ്പ്
**നെടുംപറമ്പിൽ, ചിങ്ങവനം**

സ്നേഹാദരവോടെ N.C.K.

## 36th Death Anniversary

27-09-2026



**LIZY THOMAS**

Kadaketh Happy Villa,
Vaikom, Ranny

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
സന്തപ്ത കുടുംബാംഗങ്ങൾ

Advt -O

## 9th Death Anniversary

27-09-2026



**ABIN ABRAHAM**

Elayasseril, Kuttoor, Thiruvalla

"You will live forever in our heart's"

By Loving Family

Advt - O

## 29-ാം ചരമവാർഷികം

30- 12 -2026

## 11-ാം ചരമവാർഷികം

17- 09 -2026





**കെ.റ്റി. തോമസ്** **മേരിക്കുട്ടി തോമസ്**

കണ്ണന്താനത്ത്,
പഴവങ്ങാടി, റാന്നി

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S

## 8-ാം ചരമവാർഷികം

20-09-2026



**കുരുവിള തോമസ് (ബേബി)**

(Rtd. CRPF)

താമല്ലിൽ ഹൗസ്, തിരുവൻവണ്ടൂർ

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -S

# 3-ാം ചരമവാർഷികം

**29-08-2026**



## ശോഭാ ജേക്കബ്

**പനച്ചമൂട്ടിൽ ഹൗസ്, മാന്നാർ**

"ഒരിക്കലും മരിക്കാത്ത
ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള
പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 4 – ാം ചരമവാർഷികം

5 – 9 – 2026



Advt -R

## ചാക്കോ തോമസ് (രാജു)

**ഒറ്റപ്ലാമൂട്ടിൽ, ചിങ്ങവനം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*ഭാര്യ : സൂസമ്മ*
*മക്കൾ: രഞ്ചു, രബി, റിന്റാ*
*മരുമക്കൾ: മിന്റു, മിനു, ജോഫിറ്റ്*
*കൊച്ചുമക്കൾ: റിസ്റ്റോ, റിനോ, റബേക്ക, ഇമ്മാനുവേൽ, ജിയോണ*

## 16 – ാം ചരമവാർഷികം

02 – 09 – 2026



Advt -S

## കുര്യൻ ഇട്ടിയവിര (ബേബി കുര്യൻ)

**കല്ലൻകുന്നിൽ, വള്ളംകുളം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

## 29 – ാം ചരമവാർഷികം

14 – 09 – 2026



Advt - R

## സിൽജി മോൾ

**D/o സാബു & കുഞ്ഞുമോൾ**

**പുറയാറ്റ്, കുഴിമറ്റം**

"ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ"

*സന്തപ്ത കുടുംബാംഗങ്ങൾ*

## ഒന്നാം ചരമവാർഷികം

15 – 08 – 2026



Advt -O

## അച്ചാമ്മ സ്കറിയാ (കുഞ്ഞമ്മ)

**മാവേലിൽ, കുഴിമറ്റം**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*



## 4 –ാം ചരമവാർഷികം

13–10–2026

# എ. എം. തോമസ്

## കുഴികണ്ടത്തിൽ,
## പ്ലാംതോട്ടത്തിൽ
## കല്ലിശ്ശേരി



## 12 –ാം ചരമവാർഷികം

09–09–2026

# കുഞ്ഞമ്മ തോമസ്

**യേശു പറഞ്ഞു: ഞാനാണ് പുനരുത്ഥാനവും ജീവനും. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. അങ്ങനെ ജീവിക്കുകയും എന്നിൽ വിശ്വസിക്കുകയും ചെയ്യുന്നവൻ ഒരിക്കലും മരിക്കുകയില്ല.**

**യോഹ. 11:25–26**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt - S



## 7th Death Anniversary

15-09-2026

## കെ.എ. കുറിയാക്കോസ്

(ബാബു)

കക്കുഴിയിൽ, തോട്ടമൺ, റാന്നി

(ഫിലാഡെൽഫിയ)

Advt - O

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

Treasured in our hearts you'll stay unit
we meet again someday

By Sorrowing Family

## 40-ാം ചരമദിനം

11-09-2026



Advt -O

## മത്തായി കുര്യൻ (90) (കുഞ്ഞച്ചൻ)

മുളമൂട്ടിൽ, കുറ്റൂർ

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ

## 2-ാം ചരമവാർഷികം

14-09-2026



Advt -O

## ചിന്നമ്മ ഉപ്പായി

പാലക്കുടിയിൽ, ചിങ്ങവനം

"കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ"

സന്തപ്ത കുടുംബാംഗങ്ങൾ



1st Death Anniversary
06-10-2026

# RANI THOMAS

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

11th Death Anniversary
06-07-2026

17th Death Anniversary
11-07-2026





## P.T. MATHEW

## CHINNAMMA MATHEW

**Pulimoottil, Mumbai**

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

# IN LOVING MEMORY

August 27, 2026



**Prof. T. P. Philip**
20th Death anniversary

**Mrs. Jayamol Philip**
40th Day of demise

**Thamarappallil Paruthicadu**

Advt - S

## 40 – ാം ചരമദിനം

29 – 09 – 2026



Advt - O

## P.C. ANDREWS

**Parayil house, Neelamperoor**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി
നിത്യതയുടെ തീരത്ത് വീണ്ടും
കാണാമെന്നുള്ള പ്രത്യാശയോടെ

By Sorrowing family

## 3 – ാം ചരമവാർഷികം

26 – 09 – 2026



Advt -G

## വി.കെ. കുറിയാക്കോസ് (തങ്കച്ചൻ)

**വേലംകടവിൽ, കുറിച്ചി**

"നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ"

*സന്തപ്ത കുടുംബാംഗങ്ങൾ*

# 40th Day of Demise

**11-09-2026**



## Mrs. Annamma Abraham

**VELLAYAMPALLIL (H), KATTODE, THIRUVALLA (HENNUR GARDENS, BANGALORE)**

Ecclesiastes 12:7. "And the dust returns to the Earth as it was, and the spirit returns to God who gave it"

*Lovingly remembered by*
*Children, grand children, great grand children relatives and friends*

Advt -O



# 10th Death Anniversary

**23-09-2026**

## K.A. JOSEPH

**Manimalaparayil,**
**Chingavanam (Mavilangu)**

ഒരിക്കലും മരിക്കാത്ത ഓർമ്മകളുമായി നിത്യതയുടെ
തീരത്ത് വീണ്ടും കാണാമെന്നുള്ള പ്രത്യാശയോടെ

*സന്തപ്ത കുടുംബാംഗങ്ങൾ*

Advt -O

## 40 – ാം ചരമദിനം

23-08-2026



Advt - O

## CHANDY KURIAKOSE (BABY) 86

**KAROTTU, VALLAMKULAM**

By Sorrowing family

## 3rd Death Anniversary

13-09-2026



Advt - O

## M.T.ANDREWS

**MANALELCHIRAYIL, CHENGALAM**

“കരുണനിറഞ്ഞവനെ പുനരുത്ഥാനത്തിൽ
നിന്നുടെ സൃഷ്ടിയെ നീ പുതുതാക്കീടണമെ”

By Sorrowing family

## 40th Day of Demise

18/09/2026



Advt - O

## A.C. PUNNOOSE (87)

ALAMUTTATHU
KATTODE

"JESUS SAID.. I AM THE RESURRECTION AND THE LIFE. THE ONE WHO BELIEVES IN ME WILL LIVE, EVEN THOUGH THEY DIE"

## 40 – ാം ചരമദിനം

25-08-2026



Advt -O

## സണ്ണി ഏബ്രഹാം

**അറയ്ക്കപ്പെരുമേത്ത്, തോട്ടമൺ – റാന്നി**

“നിന്റെ മഹത്വമുദിക്കുംനാൾ
നിൽക്കണമിവൻ വലഭാഗത്തിൽ ”

സന്തപ്ത കുടുംബാംഗങ്ങൾ

# Wi-Fi Full Signal പക്ഷേ Heaven-ലേക്ക് No Connection

**Renjit Raju, Thekkekarot, UK**

ഒരു കാലത്ത് ദൈവത്തെ അന്വേഷിച്ച മനുഷ്യൻ...ഇന്ന് Google-ൽ എല്ലാം അന്വേഷിക്കുന്നു!

രാവിലെ അലാറം മുഴങ്ങുന്നതിനുമുൻപേ നമ്മുടെ കൈ ഫോൺ തേടും. കണ്ണ് പൂർണ്ണമായി തുറന്നിട്ടില്ല.പക്ഷെ ഫോൺ തുറന്നുകഴിഞ്ഞു.

"Good Morning" മെസ്സേജുകൾ വന്നോ?

WhatsApp-ൽ ആരൊക്കെ Online?

Facebook-ൽ എന്താണ് പുതിയ വിശേഷം? Instagram-ൽ ആരൊക്കെ എന്തൊക്ക പോസ്റ്റ് ചെയ്തു?YouTube-ൽ ഇന്നലെ കണ്ട വീഡിയോയ്ക്ക് അടുത്തഭാഗം വന്നോ? ഇതെല്ലാം പരിശോധിച്ചശേഷം മാത്രമാണ് പലരുടേയും ദിവസം ആരംഭിക്കുന്നത്. ഒരു കാലത്ത് രാവിലെ എഴുന്നേറ്റാൽ കർത്താവേ നന്ദി എന്നായിരുന്നു ആദ്യവാക്ക്. ഇന്ന് ചിലപ്പോൾ

"Wi-Fi connected"

എന്നതാണ് ആദ്യത്തെ സന്തോഷവാർത്ത. നമ്മുടെ ജീവിതത്തിൽ ടെക്നോളജി വളരെയധികം സഹായിക്കുന്നു.അതിൽ തെറ്റൊന്നുമില്ല. പ്രശ്നം ടെക്നോളജി ഉപയോഗിക്കുന്നതിലല്ല;ടെക്നോളജി നമ്മുടെ ജീവിതത്തിൽ ഏത് സ്ഥാനത്താണ് ഇരിക്കുന്നത് എന്നതാണ്. ഫോൺ നമ്മുടെ കയ്യിൽ ആയിരിക്കണം .പക്ഷെ ദൈവം നമ്മുടെ ഹൃദയത്തിൽ ആയിരിക്കണം.

എല്ലാവരും Online…പക്ഷെ ദൈവത്തോട് Available ആണോ? ഒരു കുടുംബത്തിന്റെ പ്രഭാതം നമുക്ക് ഒന്നു നോക്കാം.

അപ്പൻ മൊബൈലിൽ വാർത്തവായിക്കുന്നു.

അമ്മ വാട്ട്സ് ആപ്പ് ഗ്രൂപ്പുകളിൽ വന്ന മെസ്സേജുകൾ പരിശോധിക്കുന്നു.

മകൻ YouTube-ൽ Shorts കാണുന്നു.

മകൾ Instagram ൽ Reels കാണുന്നു.

അപ്പൂപ്പൻപോലും വാട്ട്സ് ആപ്പിൽ ഗുഡ്മോർണിംഗ് പൂക്കൾ അയക്കുന്ന തിരക്കിലാണ്.

വീട്ടിലുള്ള എല്ലാവരുടേയും സ്റ്റാറ്റസ്സ്:

Online.

അമ്മ വിളിക്കുന്നു.

എല്ലാവരും വാ...നമുക്ക് കുടുംബപ്രാർത്ഥന നടത്താം.

അപ്പൻ : ഒരുമിനിറ്റ്.

മകൻ : ഈ വീഡിയോ തീരട്ടെ.

മകൾ : ഞാൻ വരാം.

അപ്പൂപ്പൻ : ആദ്യം ഈ മെസ്സേജ് ഫോർവേഡ് ചെയ്യണം.

അങ്ങനെ അഞ്ചുമിനിറ്റുകഴിഞ്ഞു. പത്തുമിനിറ്റുകഴിഞ്ഞു.അവസാനം കുടുംബപ്രാർത്ഥന തുടങ്ങി.അപ്പോഴാണ് ഒരാളുടെ ഫോൺ വൈബ്രേറ്റ് ചെയ്തത്. പ്രാർത്ഥനനിർത്തി എല്ലാവരും ഫോണിലേക്ക് നോക്കി. ദൈവം വിളിച്ചപ്പോൾ ഒരു മിനിറ്റ് പറഞ്ഞ നമ്മൾ WhatsApp വിളിച്ചപ്പോൾ ഉടനെ Answer ചെയ്യുന്നു.

ഇതാണ് നമ്മുടെ കാലത്തിന്റെ ചെറിയൊരു വിരോധാഭാസം.പക്ഷെ ഇവിടെ വലിയൊരു ചോദ്യം നമ്മോടുതന്നെ ചോദിക്കാം.

**"ഞാൻ ദൈവത്തോട് എത്രസമയം സംസാരിക്കുന്നു."**

ദൈവവുമായി ബന്ധം നിലനിർത്താൻ വലിയ കാര്യങ്ങൾ ആവശ്യമില്ല. രാവിലെ എഴുന്നേറ്റ് ഒരു ചെറിയ:

കർത്താവേ, ഇന്നത്തെ ദിവസം എന്നോടൊപ്പം നടക്കേണമേ.

എന്ന് പറയുന്നതിൽ നിന്ന് തുടങ്ങാം. ഭക്ഷണത്തിനുമുമ്പുള്ള ഒരു നന്ദി. യാത്രതുടങ്ങുന്നതിനുമുമ്പുള്ള ഒരു ചെറിയ പ്രാർത്ഥന, ഒരു ബുദ്ധിമുട്ട് വരുമ്പോൾ

കർത്താവേ, എനിക്ക് വഴികാണിച്ചു തരേണമേ എന്നു പറയുന്ന ഒരു നിമിഷം. രാത്രി ഉറങ്ങുന്നതിനുമുമ്പ്, ഇന്നുവരെ എന്നെ കാത്തതിനു നന്ദി.

എന്നു പറയുന്ന ഒരു വാക്ക്, ഇവയാണ് ദൈവബന്ധത്തിന്റെ ചെറിയ വിത്തുകൾ. ദൈവം നമ്മുടെ എമർജൻസി കോൺടാക്റ്റ് മാത്രമാകരുത്. നമ്മുടെ ഫോണിൽ എമർജൻസി കോൺടാക്റ്റ് ഉണ്ടാകും. പ്രശ്നമുണ്ടായാൽ മാത്രം വിളിക്കുന്ന ചില ആളുകളും ജീവിതത്തിലുണ്ട്. ചിലപ്പോൾ ദൈവത്തേയും നമ്മൾ അങ്ങനെ തന്നെയാണ് കാണുന്നത്.

ജോലികിട്ടുന്നില്ലേ? കർത്താവേ

പണം കുറവാണോ? കർത്താവേ

രോഗം വന്നോ? ദൈവമേ

വിസ പ്രശ്നമുണ്ടോ? കർത്താവേ, ഇത്,ഒന്ന് ശരിയാക്കണേ!

എക്സാം ആണോ?

കർത്താവേ ഇത്തവണ മാത്രം രക്ഷിക്കണേ!

എക്സാം കഴിഞ്ഞാൽ? Thank you God

അടുത്ത ദിവസം വീണ്ടും പഴയ ജീവിതം

ദൈവം നമ്മുടെ എമർജൻസി സർവ്വീസ് മാത്രമല്ല. അവിടുന്ന് നമ്മുടെ എവരിഡേ കംപാനിയൻ ആണ്.നമ്മുടെ സന്തോഷത്തിലും ദൈവം വേണം.നമ്മുടെ ദു:ഖങ്ങളിലും ദൈവം വേണം.വിജയത്തിലും ദൈവം വേണം.പരാജയത്തിലും ദൈവം വേണം. നമ്മൾ ഒറ്റയ്ക്കായിരിക്കുമ്പോഴും ദൈവം നമ്മോടൊപ്പമുണ്ട്. കാരണം ദൈവവുമായുള്ള ബന്ധം എന്നത് പ്രശ്നങ്ങൾ വരുമ്പോൾ മാത്രം സഹായം ചോദിക്കുന്ന ബന്ധമല്ല.

നമ്മുടെ ജീവിതം തന്നെ അവിടുത്തെ കൈകളിൽ ഏൽപ്പിക്കുന്ന ബന്ധമാണ്.

ദൈവവുമായി ബന്ധമുള്ളപ്പോൾ എന്താണ് മാറുന്നത്?

ദൈവത്തിൽ വിശ്വസിക്കുന്നു എന്ന് പറയുന്നത് മാത്രം പോരാ.ദൈവത്തെ അറിയുക, ദൈവത്തോട് സംസാരിക്കുക, ദൈവത്തിൽ ആശ്രയിക്കുക, ദൈവത്തിന്റെ സ്നേഹം അനുഭവിക്കുക, അതാണ് ബന്ധം.

ഒരു സുഹൃത്തിനോട് നമ്മൾ ദിവസങ്ങളോളം സംസാരിക്കാതെയിരുന്നാൽ ബന്ധം എങ്ങനെ മാറും? അതുപോലെ തന്നെയാണ് ദൈവബന്ധവും.പ്രാർത്ഥനയില്ലെങ്കിൽ ബന്ധം ദുർബലമാകും. വചനമില്ലെങ്കിൽ ദൈവത്തിന്റെ ശബ്ദം കേൾക്കാൻ ബുദ്ധിമുട്ടാകും. നന്ദിയില്ലെങ്കിൽ അനുഗ്രഹങ്ങൾ കാണാതെപോകും. ക്ഷമയില്ലെങ്കിൽ ഹൃദയം ഭാരപ്പെടും. സ്നേഹമില്ലെങ്കിൽ വിശ്വാസം വെറും വാക്കായി മാറും. പക്ഷെ ദൈവത്തോട് അടുത്തുനിൽക്കുമ്പോൾ നമ്മുടെ ഉള്ളിൽ ചിലമാറ്റങ്ങൾ സംഭവിക്കും. പ്രശ്നങ്ങൾ മാറണമെന്നില്ല. പക്ഷെ പ്രശ്നങ്ങളെ നേരിടുന്ന നമ്മുടെ ശക്തിമാറും.

കണ്ണുനീർ ഇല്ലാതാകണമെന്നില്ല. പക്ഷെ കണ്ണുനീരിൽ നമ്മോടൊപ്പം നിൽക്കുന്ന ഒരാൾ ഉണ്ടാകും.

ചോദ്യങ്ങൾക്ക് ഉടൻ ഉത്തരം ലഭിക്കും. ഇതാണ് ദൈവബന്ധത്തിന്റെ ഏറ്റവും വലിയ അനുഗ്രഹം.

Google ന് എല്ലാം അറിയാം. പക്ഷെ എന്റെ ഹൃദയം ആരറിയും?

ഇന്ന് എന്തെങ്കിലും സംശയം വന്നാൽ നമ്മൾ ആരെയാണ് ആദ്യം സമീപിക്കുന്നത്.

Google.എങ്ങനെ പാചകം ചെയ്യാം?

Google.കാർ എങ്ങനെ ശരിയാക്കാം?

Google.വിസ എങ്ങനെ എടുക്കാം?

Google.ഈ ഞായറാഴ്ച്ച മഴ പെയ്യുമോ?

Google.എന്തിന്, ചിലപ്പോൾ...

എന്റെ ഭാര്യ എന്നോട് ദേഷ്യപ്പെട്ടത് എന്തുകൊണ്ട്?

എന്നുപോലും ഗൂഗിളിനോടു ചോദിച്ചേക്കാം.

പക്ഷെ ജീവിതത്തിലെ ചില ചോദ്യങ്ങൾക്ക് ഗൂഗിൾ ഉത്തരം നൽകില്ല.

എനിക്ക് എന്തിനാണ് ഈ ജീവിതം?

എന്റെ വേദനയ്ക്ക് അർത്ഥമെന്താണ്?

എനിക്ക് ക്ഷമിക്കാൻ എങ്ങനെ കഴിയും?

ഞാൻ പരാജയപ്പെട്ടാൽ വീണ്ടും എങ്ങനെ എഴുന്നേൽക്കും. എനിക്ക് സമാധാനം എവിടെക്കിട്ടും. ഇവിടെ നമുക്ക് വേണ്ടത് സേർച്ച് എൻജിൻ അല്ല. ഒരു സേവിയർ ആണ്. പ്രാർത്ഥനയിൽ നാം ദൈവത്തോട് സംസാരിക്കുമ്പോൾ നമ്മുടെ പ്രശ്നങ്ങൾ മാത്രം പറയുന്നില്ല. നമ്മുടെ ഹൃദയം അവിടുത്തെ മുമ്പിൽ തുറക്കുകയാണ്. ചിലപ്പോൾ പ്രാർത്ഥനയുടെ അവസാനം പ്രശ്നം മാറിയിട്ടില്ല. പക്ഷെ പ്രശ്നത്തെക്കുറിച്ചുള്ള നമ്മുടെ മനോഭാവം മാറിയിരിക്കും. അതുതന്നെ ദൈവത്തിന്റെ പ്രവർത്തനമായിരിക്കാം.

**ആത്മാവിന്റെ ബാറ്ററി എത്ര ശതമാനം?**

ഫോണിന്റെ Battery 20% ആയി എന്നു കണ്ടാൽ നമ്മൾ charger അന്വേഷിക്കും.10% ആയാൽ വിഷമം. 5% ആയാൽ അടിയന്തരാവസ്ഥ.

ചാർജർ എവിടെ?

കാറിൽ ചാർജർ.

വീട്ടിൽ ചാർജർ.

ഓഫീസിൽ ചാർജർ.

യാത്രയ്ക്ക് പവർബാങ്ക്.

ഫോണിന്റെ ബാറ്ററി തീരാതിരിക്കാൻ ഇത്രയും ശ്രദ്ധ.

**പക്ഷെ നമ്മുടെ ആത്മീയ ബാറ്ററി എത്ര ശതമാനമാണ്?**

പ്രാർത്ഥന കുറയുന്നു,

വിശുദ്ധ കുർബാനയോടുള്ള താല്പര്യം കുറയുന്നു. ബൈബിൾ വായന കുറയുന്നു.

സ്നേഹം കുറയുന്നു.

സമാധാനം കുറയുന്നു. എങ്കിലും നമ്മൾ ചോദിക്കുന്നില്ല.

എന്റെ ആത്മാവിന്റെ ബാറ്ററി എത്രയാണ്?

ഒരു പക്ഷെ അത് 1% ആയിരിക്കാം. അപ്പോൾ വേണ്ടത് പുതിയൊരു ഫോൺ അല്ല. ഒരുസ്പിരിച്ചൽ റീച്ചാർജ് ആണ്.

അതിനുള്ള ചാർജർ ? പ്രാർത്ഥന.

അതിനുള്ള പവർ? ദൈവവചനം.

അതിനുള്ള നെറ്റ് വർക്ക്? **ദൈവത്തോടുള്ള ബന്ധം.**

(തുടരും)

# അഖില ക്നാനായ ബാഡ്മിന്റൺ ടൂർണ്ണമെന്റ്

ക്നാനായ കോൺഗ്രസ് കല്ലിശ്ശേരി മേഖലയുടെ ആഭിമുഖ്യത്തിൽ തമ്പി ചാക്കോ പാലത്തറ മലയിൽ മെമ്മോറിയൽ ട്രോഫിക്കുവേണ്ടിയും, ജേക്കബ് ചാക്കോ മണ്ണാട്ട് കോയിപ്പുറത്തുപറമ്പിൽ മെമ്മോറിയൽ ട്രോഫിക്കുവേണ്ടിയുമുള്ള രണ്ടാമത് 'അഖില ക്നാനായ ബാഡ്മിന്റൺ ടൂർണമെന്റ്' തിരുവല്ല വൈ.എം.സി.എയിൽ വെച്ച് നടന്നു. ഫാ. മാത്യു ഉതുപ്പാന്റെ അദ്ധ്യക്ഷതയിൽ, സമുദായ സെക്രട്ടറി റ്റി.ഒ. ഏബ്രഹാം തോട്ടത്തിൽ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളന ഉദ്ഘാടനവും സമ്മാനദാനവും സമുദായ ട്രസ്റ്റി റ്റി.സി. തോമസ് തോപ്പിൽ നിർവഹിച്ചു. കല്ലിശ്ശേരി മേഖല ക്നാനായ കോൺഗ്രസ് സെക്രട്ടറി ബൈജുമോൻ ചാക്കോ സ്വാഗതവും ക്നാനായ കമ്മിറ്റി അംഗം തോമസുകുട്ടി തേവർ മുറിയിൽ ആശംസയും അറിയിച്ചു. കല്ലിശ്ശേരി മേഖല പ്രവർത്തകരായ ഷാജി സി.സി, ബിജു മുണ്ടയ്ക്കൽ, സുനിലാ ജോസഫ് എന്നിവർ പങ്കെടുത്തു. മേഖലാ ട്രസ്റ്റ് ബിനോയ് ചെട്ടിപ്പറമ്പിൽ കൃതജ്ഞത അർപ്പിച്ചു. കല്ലിശ്ശേരി സെന്റ്മേരീസ് ക്നാനായ വലിയപള്ളി, ഒന്നാം സമ്മാനവും തുരുത്തിക്കാട് സെന്റ് ജോൺസ് പള്ളി രണ്ടാം സ്ഥാനവും, മാമംഗലം സെന്റ്മേരീസ് പള്ളി മൂന്നാം സ്ഥാനവും കരസ്ഥമാക്കി. വിവിധ പള്ളികളിൽ നിന്നായി 18 ഓളം ടീമുകൾ പങ്കെടുത്തു.

# ക്രിമിനൽ കേസുകൾ എങ്ങനെ തടയാം? കേസുണ്ടായാൽ ആരംഭഘട്ടത്തിൽ സ്വീകരിക്കേണ്ട പ്രായോഗിക മാർഗ്ഗങ്ങൾ

**Ad. Fenu Scaria**
**High Court Advocate, Ernakulam & Kottayam**

ലോകത്തെവിടെ ജീവിച്ചാലും നിയമത്തോടുള്ള അജ്ഞത ഒരു കുറ്റത്തിൽ നിന്നും നമ്മെ ഒഴിവാക്കുന്നില്ല. (Ignorantia Juris non excusat)പലപ്പോഴും ക്രിമിനൽ മാനസികാവസ്ഥ കൊണ്ടല്ല, മറിച്ച് അനാസ്ഥ, വൈകാരികമായ പ്രതികരണങ്ങൾ, സാമ്പത്തിക സൂക്ഷ്മതയില്ലായ്മ, എന്നിവ മൂലമാണ് വ്യക്തികൾ അറിയാതെ ക്രിമിനൽ കേസുകളിൽ അകപ്പെടുന്നത്. ഭാവിയിലെ ഔദ്യോഗിക സ്വകാര്യജീവിതത്തെ തകരാറിലാക്കാതെ കേസുകൾ എങ്ങനെ ഒഴിവാക്കാമെന്നും കേസുണ്ടായാൽ പ്രാരംഭഘട്ടത്തിൽ തന്നെ എങ്ങനെ രക്ഷപെടാമെന്നും അറിയേണ്ടത് അത്യാവശ്യമാണ്.

**1. ക്രിമിനൽ കേസുകളിൽ അകപ്പെടാതിരിക്കാൻ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ**

*__സൈബർ സുരക്ഷയും സോഷ്യൽ മീഡിയ ഉപയോഗവും__-സോഷ്യൽ മീഡിയയിലൂടെ വംശീയ- വ്യക്തിഹത്യ നടത്തുന്ന സന്ദേശങ്ങൾ അയക്കുകയോ ഷെയർ ചെയ്യുകയോ ചെയ്യരുത്. വ്യാജ ഐഡന്റിറ്റികൾ ഉപയോഗിക്കുന്നതും ഡിജിറ്റൽ സാമ്പത്തിക തട്ടിപ്പുകളിൽ അകപ്പെടുന്നതും ഗുരുതരമായ കുറ്റമാണ്.

*ലഹരിവസ്തുക്കളും ട്രാഫിക് നിയമങ്ങളും:വാഹനാപകടങ്ങൾ, മദ്യപിച്ച് വാഹനമോടിക്കൽ, (DUI)നിരോധിത ലഹരിവസ്തുക്കളുടെ ഉപയോഗം, കൈവശം വെക്കൽ എന്നിവയിൽ അന്താരാഷ്ട്രതലത്തിൽ സീറോ ടോളൻസ് നയമാണുള്ളത്.

*കയ്യാങ്കളിയും തർക്കങ്ങളും ഒഴിവാക്കുക,അനാവശ്യ തർക്കങ്ങളിൽ നിന്നും സംഘട്ടനങ്ങളിൽ നിന്നും മാറി നിൽക്കുക,കോപത്തോടെയുള്ള പ്രതികരണങ്ങൾ Assault/ battery കേസുകളിലേക്ക് നയിക്കാം.

*__സാമ്പത്തിക ഇടപാടുകളിലെ ജാഗ്രത:__ ചെക്കുകൾ നൽകുമ്പോഴും എഗ്രിമെന്റുകളിൽ ഒപ്പിടുമ്പോഴും വഞ്ചനാക്കുറ്റമോ (Cheating/ Fraud) സാമ്പത്തികകുറ്റകൃത്യങ്ങളോ വരാത്ത രീതിയിൽ നിയമോപദേശം തേടുക.

**2. കേസ് ഉണ്ടായാൽ ആരംഭഘട്ടത്തിൽ സ്വീകരിക്കേണ്ട നടപടികൾ(Protocols)**

1. **മൗനം പാലിക്കാനുള്ള അവകാശം വിനിയോഗിക്കുക:** അറസ്റ്റോ കേസോ ഉണ്ടായാൽ പരിഭ്രാന്തരാകാതെ ശാന്തത പാലിക്കുക.അഭിഭാഷകന്റെ സാന്നിദ്ധ്യമില്ലാതെ പോലീസിനോട് ഔദ്യോഗിക മൊഴികളോ കുറ്റസമ്മതമോ നടത്താതിരിക്കാനുള്ള അവകാശം (Right to silence) വിനിയോഗിക്കുക

2. **നിയമസഹായം ഉടൻ ഉറപ്പാക്കുക:** കേസ് വിവരങ്ങൾ അറിഞ്ഞ ഉടൻ തന്നെ പരിചയസമ്പന്നനായ ഒരു ക്രിമിനൽ അഭിഭാഷകന്റെ സഹായം തേടുക. സ്വന്തം നിലയിൽ പോലീസുമായി ഒത്തുതീർപ്പിന് ശ്രമിക്കുന്നത് തിരിച്ചടിയായേക്കാം.

3. **തെളിവുകൾ സമാഹരിക്കുകയും സംരക്ഷിക്കുകയും ചെയ്യുക:** ചാറ്റുകൾ, സി.സി. ടി.വി ദൃശ്യങ്ങൾ, ബാങ്ക് രേഖകൾ, കോൾ റെക്കോഡുകൾ തുടങ്ങിയ തെളിവുകൾ സുരക്ഷിതമായി സൂക്ഷിക്കുക.

4. മുൻകൂർ ജാമ്യം(Anticipatory Bail) തേടുക: അറസ്റ്റ് ഒഴിവാക്കാനും മാന്യത സംരക്ഷിക്കാനും ഇന്ത്യയിലാണെങ്കിൽ കോടതിയേയോ അല്ലെങ്കിൽ ബന്ധപ്പെട്ട രാജ്യത്തെ ലീഗൽ സംവിധാനത്തെയോ  സമീപിച്ച് മുൻകൂർ ജാമ്യം (Anticipatory Bail)നേടുക.

5. കേസ് റദ്ദാക്കൽ: (Quashing)& ഒത്തുതീർപ്പ്: പരസ്പര ധാരണയിൽ പരിഹരിക്കാവുന്ന വ്യാജകേസുകളോ വ്യക്തിഗത തർക്കങ്ങളോ ആണെങ്കിൽ ഹർജി നൽകി കേസ് തുടക്കത്തിൽ തന്നെ റദ്ദാക്കാനും (Quashing of FIR)കേസ് റെക്കോർഡുകളിൽ ഇടം പിടിക്കാതെ ഒത്തുതീർപ്പാക്കാനും സാധിക്കും.

**House Plots for Sale**

Dream Valley, Saippukavala
Chingavanam
1 KM from M.C. Road
Tel. 9744881237
Email: kelachandra@gmail.com

**Vacancy**
**CORRESPONDENCE ASSISTANT**

Mor Aphrem Seminary, Chingavanam
Candidates with good English proficiency and computer skills required for official correspondence.Retired persons may also apply.
E mail: knanayaarchbishop@gmail.com

# അത്ഭുതങ്ങൾക്കപ്പുറം മഹത്വം കാത്തിരിക്കുന്നു

**Seema Shinto Kanniyel, Ranni**

ജീവിതത്തിൽ അത്ഭുതങ്ങൾ സംഭവിക്കണമെന്ന് ആഗ്രഹിക്കാത്തവർ വിരളമാണ്. നടക്കാൻ സാധ്യതയില്ലെന്ന് ലോകം വിധിയെഴുതിയ ചില സ്വപ്നങ്ങളെയും, ഹൃദയത്തിന്റെ ആഴങ്ങളിൽ നാം നിശ്ശബ്ദമായി സൂക്ഷിക്കുന്ന ചില ആഗ്രഹങ്ങളെയും, ഒരുനാൾ യാഥാർഥ്യമാകുമെന്ന പ്രതീക്ഷയിൽ നാം താലോലിച്ചുകൊണ്ടിരിക്കുന്നു. മനുഷ്യന്റെ കാഴ്ചയിൽ അസാധ്യമായി തോന്നുന്ന ചില കാര്യങ്ങൾ, നമ്മുടെ ഹൃദയത്തിൽ അത്ഭുതങ്ങളായി ജീവിക്കുന്നു.

എന്നാൽ ദൈവകൃപയിൽ ആശ്രയിച്ച് ജീവിക്കുന്നവർക്ക് ബൈബിൾ നൽകുന്ന പ്രത്യാശ അതിലും മഹത്തായതാണ്. ദൈവം പ്രവർത്തിക്കുമ്പോൾ അത് വെറും ഒരു അത്ഭുതത്തിൽ ഒതുങ്ങുന്നില്ല. മനുഷ്യന്റെ പ്രതീക്ഷകൾക്കും ചിന്തകൾക്കും അതീതമായി, അസാധ്യത്തിന്റെ അതിരുകൾ ഭേദിച്ച് മഹാ അത്ഭുതങ്ങൾ തന്നെ സംഭവിക്കാം കാരണം, നമ്മുടെ കണക്കുകൾ അവസാനിക്കുന്നിടത്താണ് ദൈവത്തിന്റെ പ്രവർത്തനം ആരംഭിക്കുന്നത്. മനുഷ്യന് അസാധ്യമെന്ന് തോന്നുന്നിടത്ത് ദൈവത്തിന്റെ കൃപയ്ക്ക് വഴികൾ തുറക്കപ്പെടുന്നു. അതുകൊണ്ട്, ഇന്ന് സ്വപ്നമായി മാത്രം തോന്നുന്ന കാര്യങ്ങളെക്കുറിച്ച് നിരാശപ്പെടേണ്ടതില്ല. ദൈവത്തിൽ പ്രത്യാശവെച്ച ഹൃദയത്തിന്, അത്ഭുതം പ്രതീക്ഷിക്കാം, അതിനുമപ്പുറം മഹാ അത്ഭുതത്തിനായി കാത്തിരിക്കാം. ഓരോ ദിവസവും കടന്നുവരുന്നത് പുതിയൊരു അത്ഭുതത്തിന്റെ വാതിൽ തുറന്നുകൊണ്ടാണ്. ഉറക്കത്തിൽ നിന്ന് ഉണരുന്ന ആ നിമിഷം മുതൽ രാത്രി കണ്ണുകൾ അടയ്ക്കുന്നതുവരെ, നമ്മുടെ ജീവിതത്തിലൂടെ കടന്നുപോകുന്ന ഓരോ ശ്വാസവും ഓരോ അനുഭവവും ദൈവത്തിന്റെ അദൃശ്യമായ കരുതലിന്റെ അടയാളങ്ങളാണ്.

പ്രഭാതത്തിൽ കണ്ണുതുറക്കാൻ കഴിയുന്നത്, സ്വന്തം കാലുകളിൽ എഴുന്നേറ്റു നിൽക്കാൻ കഴിയുന്നത്, സ്വതന്ത്രമായി നടക്കാനും സംസാരിക്കാനും ചിന്തിക്കാനും സ്നേഹിക്കാനും കഴിയുന്നത് ഇവയെല്ലാം നാം സാധാരണയായി കരുതുന്ന അസാധാരണമായ അനുഗ്രഹങ്ങളാണ്. കിടക്കയിൽ നിന്ന് എഴുന്നേൽക്കാൻപോലും കഴിയാതെ, മറ്റൊരാളുടെ സഹായത്തെ ആശ്രയിച്ച് ജീവിതം മുന്നോട്ടുകൊണ്ടുപോകുന്ന എത്രയോ മനുഷ്യരുണ്ട്. അതുകൊണ്ടുതന്നെ, നമുക്ക് ലഭിക്കുന്ന ഓരോ പുതിയ പ്രഭാതവും ഒരു പുതിയ അവസരമാണ്. ജീവിതത്തെ തിരിച്ചറിയാനും ദൈവത്തിന്റെ ഉപകാരങ്ങളെ ഓർക്കാനും അവന്റെ നന്മയെ പാടി പുകഴ്ത്താനും. വലിയ അത്ഭുതങ്ങൾ സംഭവിക്കുമ്പോൾ മാത്രമല്ല ദൈവത്തെ സ്തുതിക്കേണ്ടത്. നമ്മൾ അത്ഭുതങ്ങൾ കാണാതെ കടന്നുപോകുന്ന ചെറിയ അനുഗ്രഹങ്ങളിലാണ് പലപ്പോഴും ഏറ്റവും വലിയ അത്ഭുതങ്ങൾ ഒളിഞ്ഞിരിക്കുന്നത്. ഇന്നത്തെ പ്രഭാതം തന്നെ ഒരു സമ്മാനമാണ്, ഇന്നത്തെ ശ്വാസം ഒരു കൃപയാണ്; ഇന്നത്തെ ദിവസം ദൈവം നമുക്കായി വീണ്ടും തുറന്നു വെച്ച ഒരു സാധ്യതയാണ്. അതുകൊണ്ട്, ഓരോ പ്രഭാതത്തെയും ഒരു സാധാരണ ദിവസമായി കാണാതെ "ഇന്നും ദൈവം എനിക്ക് നൽകിയ ഒരു അത്ഭുതകരമായ അവസരമാണ്" എന്ന് നന്ദിയോടെ സ്വീകരിക്കാം. ജീവിതത്തിൽ ലഭിച്ചിരിക്കുന്ന ഓരോ നിമിഷവും അവന്റെ നന്മയെ ഓർക്കാനും, സ്നേഹിക്കാനും, നന്മ ചെയ്യാനും, അവനെ മഹത്വപ്പെടുത്താനും ഉള്ള അവസരമാകട്ടെ. ബൈബിളിലെ ദാനിയേലിന്റെ പുസ്തകത്തിൽ കാണുന്ന ഒരു അത്ഭുതകരമായ സംഭവമാണ് തീച്ചൂളയിൽ നിന്നുള്ള മൂന്ന് യുവാക്കളുടെ കഥ.

ബാബിലോൺ രാജാവായ നെബൂഖദ്നേസർ ഒരു വലിയ സ്വർണ്ണപ്രതിമ നിർമ്മിച്ച്, അതിന് മുന്നിൽ എല്ലാവരും വീണ് ആരാധിക്കണമെന്ന് കല്പന നൽകി. എന്നാൽ ദൈവത്തെ മാത്രം ആരാധിക്കുമെന്ന് ഉറച്ച വിശ്വാസം പുലർത്തിയ ശദ്രക്ക്, മേശക്ക്, അബേദ്നേഗോ എന്നീ മൂന്ന് യുവാക്കൾ ആ കല്പന അനുസരിക്കാൻ തയ്യാറായില്ല. ഇത് കേട്ട് രാജാവ് അത്യന്തം കോപിതനായി. അവരെ കത്തുന്ന തീച്ചൂളയിലേക്ക് എറിയാൻ അദ്ദേഹം ഉത്തരവിട്ടു. തീ സാധാരണയേക്കാൾ ഏഴിരട്ടി ചൂടാക്കി, അവരെ ബന്ധിച്ച് അകത്തേക്ക് തള്ളിയിട്ടു. എന്നാൽ അത്ഭുതകരമായി, അവർ തീയിൽ വീണിട്ടും കത്തിപ്പോകാതെ സുരക്ഷിതരായി നിന്നു. അവരോടൊപ്പം നാലാമതായി ഒരാൾ കൂടി തീച്ചൂളയിൽ നടക്കുന്നതായി രാജാവ് കണ്ടു. അവൻ ദൈവപുത്രനെപ്പോലെ ദിവ്യരൂപത്തിലുള്ളവനായിരുന്നു. ദൈവം അവരെ സംരക്ഷിച്ചതിനാൽ തീ അവരെ സ്പർശിക്കാനായില്ല. അവസാനം രാജാവ് അത്ഭുതത്തോടെ അവരെ പുറത്തേക്ക് വിളിച്ചു. അവരുടെ ശരീരത്തിൽ തീയുടെ ഒരു അടയാളവും ഉണ്ടായിരുന്നില്ല; മുടിപോലും കരിഞ്ഞിരുന്നില്ല. ഈ സംഭവത്തിലൂടെ രാജാവ് ഇസ്രായേലിന്റെ ദൈവത്തിന്റെ ശക്തിയെ അംഗീകരിച്ചു. ഈ കഥ നമ്മെ പഠിപ്പിക്കുന്നത്, ദൈവത്തിൽ വിശ്വസിക്കുന്നവരെ ഏറ്റവും കടുത്ത പരീക്ഷണങ്ങളിലും അവൻ കൈവിടില്ല എന്നതാണ്. വേദപുസ്തകവും നമ്മോട് പറയുന്നത് അത്ഭുതങ്ങളുടെ കഥകൾ മാത്രമല്ല, മനുഷ്യന്റെ പരിധികൾക്കപ്പുറമുള്ള ദൈവിക ഇടപെടലുകളുടെ ആഴമേറിയ സാക്ഷ്യങ്ങളാണ്. തീച്ചൂളയുടെ ഉഗ്രമായ ജ്വാലകളിലേക്ക് എറിയപ്പെട്ട മൂന്ന് യുവാക്കൾ അഗ്നിക്കുള്ളിലൂടെ കടന്നുപോയിട്ടും ഒരു രോമംപോലും കരിയാതെ പുറത്തുവന്ന കഥ അതിൽ ഏറ്റവും ശക്തമായൊരു സാക്ഷ്യമാണ്.

മനുഷ്യന്റെ കണക്കുകൂട്ടലുകൾ അവസാനിക്കുന്നിടത്താണ് പലപ്പോഴും ദൈവത്തിന്റെ അത്ഭുതങ്ങൾ ആരംഭിക്കുന്നത്, നശിപ്പിക്കേണ്ടിയിരുന്ന തീ, ദൈവിക സാന്നിധ്യത്തിന്റെ മുമ്പിൽ സംരക്ഷണത്തിന്റെ ഇടയായി മാറി. ആ കഥ നമ്മെ ഓർമ്മിപ്പിക്കുന്നത് ഇതാണ്– വിശ്വാസത്തോടെ ദൈവത്തിൽ ആശ്രയിക്കുന്ന ജീവിതത്തെ പരീക്ഷണങ്ങളുടെ തീച്ചൂളകൾ നിർവചിക്കുന്നില്ല. അതിലൂടെ നമ്മെ കാത്തുസൂക്ഷിക്കുന്ന ദൈവികസാന്നിധ്യമാണ് അതിന്റെ യഥാർത്ഥ അർത്ഥം. കത്തിജ്വലിക്കുന്ന അഗ്നിയെപ്പോലും കീഴടക്കിയ വിശ്വാസത്തിന്റെ ശക്തി ഒരു അത്ഭുതത്തിന്റെ കഥ മാത്രമല്ല, ദൈവസാന്നിധ്യത്തിന്റെ സാക്ഷ്യമാണ്. ജീവിതത്തിലേക്ക് ഒന്ന് തിരിഞ്ഞുനോക്കിയാൽ, കാണാതെ പോയ അനേകം അത്ഭുതങ്ങളുടെ അടയാളങ്ങൾ നമുക്ക് കണ്ടെത്താനാകും. ഓരോ ശ്വാസവും ദൈവകൃപയുടെ ദാനമാണെന്ന് തിരിച്ചറിഞ്ഞ്, ആ കൃപയിൽ ജീവിക്കാൻ എല്ലാവർക്കും കഴിയട്ടെ.

# എന്നെത്തന്നെ സന്നിധിയിൽ കാഴ്ചയായി അണപ്പാനും നാഥാ...

സണ്ണി ജേക്കബ്, കാട്ടുവേലിൽ

"തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ നൽകുവാൻ തക്കവണ്ണം ലോകത്തെ സ്നേഹിച്ചു."

നാം ഞായറാഴ്ച ദിവസത്തെ ശാബത്തായി ആചരിച്ച്, വിശുദ്ധ കുർബ്ബാന ദിവ്യബലിയായി ദൈവത്തിന് അർപ്പിക്കുന്നു. ഇത് ദൈവത്തിന് അർപ്പിക്കുന്ന ഒരു പ്രവൃത്തിയോ വഴിപാടോ ആണ്. ഒരു യാഗം പ്രായശ്ചിത്തത്തിനായിട്ടാകാം., അല്ലെങ്കിൽ ഒരു യാഗം ദൈവത്തോടുള്ള സ്തുതിയുടെയും നന്ദിയുടെയും വഴിപാട് ആയിരിക്കാം; അങ്ങനെ ദൈവീക പ്രീതി നേടുകയോ ദൈവീക പ്രതികാരം ഒഴിവാക്കപ്പെടുകയോ ചെയ്യുന്നു. ഇത് പ്രായശ്ചിത്തം എന്ന ആശയവുമായി ബന്ധപ്പെട്ടിരിക്കുന്നു; അല്ലെങ്കിൽ പ്രായശ്ചിത്തം വരുത്തൽ എന്നത്, ഒരു വ്യക്തി തന്റെ മുൻകാല തെറ്റുകൾ തിരുത്താൻ നടപടി എടുക്കുന്നതിനെ ആണ് സൂചിപ്പിക്കുന്നത്. ഒരുവൻ തന്റെ പ്രവൃത്തിയിലെ തെറ്റുകളുടെ ധാർമ്മിക ഉത്തരവാദിത്തം ഏറ്റെടുത്തു വീണ്ടെടുപ്പിലേക്കുള്ള പാതയിലെ ഒരു ആവശ്യമായ പ്രവൃത്തിയായി ഇതിനെ കാണാൻ കഴിയും.

പാപപരിഹാരമെന്നത് തന്നിലെ കുറ്റബോധം നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട ആശയമാണ്, പ്രത്യേകിച്ച് മതപരമായ സന്ദർഭങ്ങളിൽ; പാപമോ മറ്റ് ലംഘനങ്ങളോ ഇല്ലാതാക്കുക, ആത്മീയ രക്ഷയ്ക്കുവേണ്ടി എന്ന് കരുതപ്പെടാം. അനശ്വരമായ ആത്മാവ്, മനസ്സും ശരീരവും നിയന്ത്രിക്കുന്ന ഒന്നാണ്. ഇത് ഭൗതിക ശരീരത്തിന് അതീതവും ഒരിക്കലും നശിക്കാത്തതുമാണ്. ആത്മാവ് സമാധാനത്തിന്റെ ഉറവിടമാണെന്നും ശരീരത്തിന്റെ എല്ലാ പ്രവർത്തനങ്ങളെയും മനോവ്യാപാരങ്ങളെയും നിയന്ത്രിക്കുന്ന ഒന്നാണെന്നും വിശ്വസിക്കപ്പെടുന്നു. ശരീരം എന്നത് ഭൗതികമായതും ദൃശ്യമായതുമാണ്. ശരീരത്തിന് ജനനം, വാർദ്ധക്യം, മരണം എന്ന ഘട്ടങ്ങളുണ്ട്. മനസ്സ് എന്നത് ഭൗതിക ശരീരത്തിന് പുറമേയുള്ള ഊർജ്ജം, മനസ്സ്, ബുദ്ധി എന്നിവ ചേർന്ന് ഒരു അർദ്ധഭൗതിക ശരീരമാണ്. ഇത് ഭൗതിക ശരീരമാണ്. ഇത് ഭൗതിക ശരീരത്തെ നിയന്ത്രിക്കുകയും ജീവൻ നിലനിർത്തുകയും ചെയ്യുന്നു. മനസ്സും ബുദ്ധിയും ജീവന്റെ നിലനിൽപ്പിനും മുന്നോട്ടുള്ള യാത്രയ്ക്കും ഏറ്റവും അത്യന്താപേക്ഷിതമായ ഉപാധികളാണ്. ശരീരം: അതിനെ ശരിയായ ദിശയിൽ നയിക്കാനും അർത്ഥപൂർണ്ണം ആക്കാനും മനസ്സിന്റെയും ബുദ്ധിയുടെയും പ്രവർത്തനങ്ങൾ കൂടിയേ മതിയാകുകയുള്ളു. മനസ്സിനും ശരീരത്തിനും നാശമുണ്ട്., ആത്മാവ് അനശ്വരവും ആണ്.

ബലിയിൽ, ബലിയർപ്പിക്കുന്നവന്റെ ആത്മാവും സ്വീകരിക്കുന്ന ദൈവീക ആത്മാവും, നേരിട്ട് ബന്ധപ്പെടുകയാണ്. അവിടെയാണ് ബലി വിശുദ്ധം ആകുന്നത്. ബലിമൃഗം അല്ലെങ്കിൽ ബലിവസ്തു ഇവിടെ കാഴ്ചയായി നല്കപ്പെടുകയാണ്. തന്റെ തന്നെ പൂർണ്ണ സമർപ്പണത്തെ ആണ് ഇവിടെ കാണിക്കുന്നത്. ഒരു മൃഗത്തെ കൊന്ന് ഭക്ഷണം ആയി കഴിക്കുമ്പോൾ അത് ആവാസ വ്യവസ്ഥ നിയമം അനുസരിച്ച് തെറ്റല്ല. ആഹാരത്തിനായിട്ടല്ലാതെ ഒരു സഹജീവിയെ കൊല്ലുന്ന ഏക ജീവി; മനുഷ്യ ജീവി. വിനോദത്തിനായി ഒരു ജീവിയെ കൊല്ലുമ്പോൾ അത് പാപം ആകും. എന്തുകൊണ്ടെന്നാൽ ആ മൃഗത്തിന്റെ ജീവിക്കാനുള്ള അവകാശത്തെ നിഷേധിക്കുകയാണ്, ഇവിടെ വിനോദം മാത്രമല്ല പ്രവൃത്തി ഒരു ആഘോഷം കൂടി ആകുകയാണ്. ഒരു മൃഗത്തെ യാഗം കഴിക്കുമ്പോഴും ആ മൃഗത്തിന്റെ ജീവിക്കാനുള്ള അവകാശം നിഷേധിക്കുകയാണ്. എന്നാൽ ഇവിടെ ആ മൃഗത്തിന്റെ ആത്മാവിനെ ജഢബന്ധനത്തിൽ നിന്നും മോചിപ്പിക്കുകയാണ്. ഇവിടെ മൃഗത്തിന്റെ നാശമുള്ള ശരീരത്തിന് നാശം സംഭവിക്കുന്നു എന്നത് ശരി തന്നെ, എന്നാൽ ആര് ആത്മാവിനെ കൊല്ലുന്നവൻ എന്ന് ധരിക്കുന്നു, ആര് ആത്മാവിനെ കൊല്ലപ്പെട്ടവനായി കരുതുന്നു രണ്ടുപേരും വാസ്തവം അറിയുന്നില്ല. ആത്മാവ് കൊല്ലുന്നുമില്ല, കൊല്ലപ്പെടുകയും ഇല്ല, ആത്മാവിനെ കൊലചെയ്യുവാനും സാധ്യമല്ല. ബലിയിൽ മനുഷ്യന് പ്രവൃത്തിയിൽ മാത്രമേ അധികാരമുള്ളു. ഒരിക്കലും പ്രവൃത്തി ഫലങ്ങളിൽ അധികാരം ഇല്ല. (അതായത് ഫലം നിന്റെ സ്വാതന്ത്ര്യത്തിലുള്ളതല്ല, അത് ലഭിച്ചാലും ഇല്ലെങ്കിലും. ഫലം തരുന്നതും തരാതിരിക്കുന്നതും ദൈവഹിതം അത്രേ) ഫലം ഉദ്ദേശിച്ച് പ്രവർത്തിക്കുന്നവനാകരുതേ; ആ പ്രവൃത്തിയിൽ നിനക്ക് ആസക്തിയും അരുത്. നിഷ്കാമ്യ ബലിയിൽ ഫലം ദൈവത്തിന് സമർപ്പിക്കപ്പെടുന്നു. പ്രതിഫലം ആഗ്രഹിച്ചുള്ള ബലിയും പ്രതിഫലം ആഗ്രഹിക്കാതെയുള്ള ബലിയിലും ഫലം ലഭിക്കാം. പ്രതിഫലം ആഗ്രഹിച്ചുള്ള ബലിയിൽ ഭൗതിക ഉയർച്ച ലഭിക്കുന്നു എങ്കിൽ, പ്രതിഫലം ആഗ്രഹിക്കാതെയുള്ള ബലിയിൽ ആത്മീയ ഉയർച്ച ലഭിക്കുന്നു. "മത്താ. 26:39. പിന്നെ അവൻ അല്പം മുമ്പോട്ടു ചെന്ന് കവിണ്ണുവീണു. പിതാവേ കഴിയുമെങ്കിൽ ഈ പാനപാത്രം എങ്കൽനിന്നു നീങ്ങിപ്പോകണമേ: എങ്കിലും ഞാൻ ഇച്ഛിക്കുംപോലെയല്ല, നീ ഇച്ഛിക്കുംപോലെ ആകട്ടെ എന്ന് പ്രാർത്ഥിച്ചു." ഇവിടെ തന്റെ വേദനയേക്കാൾ പിതാവായ ദൈവഹിതത്തിന് മുൻഗണന നൽകുന്നതായി കാണാം. തന്റെ പ്രവൃത്തിയിലെ കഷ്ടത യേശു സ്വയം ഏറ്റെടുക്കുമ്പോൾ, പ്രവൃത്തിയുടെ ഫലം പിതാവായ ദൈവത്തിന് സമർപ്പിക്കുന്നു. ഏതൊരുവൻ യേശുവിന്റെ സുവിശേഷത്തിലും ബലിയിലും വിശ്വസിക്കുന്നുവോ പിതാവായ ദൈവത്തിനു സമർപ്പിക്കപ്പെട്ട പ്രവൃത്തി ഫലം; വിശ്വസിക്കുന്നവന് രക്ഷയ്ക്കായി പങ്കിട്ട് നൽകപ്പെടുന്നു.

"നിൻമരണം കൊണ്ടെന്റെ
വൻ നരകം നീ അകറ്റി".

ഭൗതിക ഉയർച്ചയുടെ ആയുസ്സ് കുറഞ്ഞതും ആത്മീയ ഉയർച്ചയുടെ ആയുസ്സ് നിത്യവും ആകുന്നു. ഏതൊരുവൻ ആത്മാവിനുവേണ്ടി, ബോധത്തിൽ സന്തുഷ്ടനായി മനസ്സിലുള്ള ദുരാഗ്രഹങ്ങളെയും ദുസ്വഭാവങ്ങളെയും ഉപേക്ഷിക്കുന്നുവോ അപ്പോൾ അവൻ ആത്മീയ വിവേകം ഉള്ളവൻ

ആകും. എങ്ങനെയെന്നാൽ ഏതൊരു ചിന്തയും വിഷയവും മനസ്സിൽ വരുന്നത് ആത്മീയ ശോധനയിൽ കൂടി ബുദ്ധി പ്രവൃത്തിയിൽ വരുത്തുമ്പോൾ, പ്രവൃത്തി വിവേകം നിറഞ്ഞത് ആകുന്നു.

ബലി വിശുദ്ധമാകുന്നത് കാഴ്ചയായി നൽകപ്പെടുന്ന തന്റെ തന്നെ സമർപ്പണത്തിൽ ആണ്. മനുഷ്യന്റെ ജീവനും ആത്മീയ അസ്ഥിത്വവും ദൈവത്തെ ആശ്രയിച്ചുള്ളതാണ്. ദൈവത്തിന്റെ ആത്മാവിന്റെ അനുഭവത്തിൽ മനുഷ്യന്റെ ആത്മാവിന് നിലനിൽക്കുവാൻ ആവില്ല. മനുഷ്യന്റെ ആത്മാവിന്റെ അഭാവത്തിൽ ദൈവം പ്രവർത്തിക്കുന്നുമില്ല. ദൈവത്താൽ സൃഷ്ടിച്ചു സ്വതന്ത്രമാക്കി ആദാമിന് നൽകപ്പെട്ട ആത്മാവ് പാപം ചെയ്യുക മൂലം ദൈവത്തിൽ നിന്നും അകന്നുപോയി എങ്കിൽ ബലിയിൽ കൂടി തന്റെ പൂർണ്ണ സമർപ്പണത്തിൽ, ദൈവ ആത്മാവും മനുഷ്യന്റെ ആത്മാവും ഒത്തു ചേരുകയാണ്. "1 കൊരി. 6:17 കർത്താവിനോടു പറ്റിച്ചേരുന്നവനോ അവനുമായി ഏക ആത്മാവ് ആകുന്നു". "എന്നെ നിനക്ക് സുഗന്ധമറ്റതായി അർപ്പിക്കാനും ഇടതരിക."

●

---

# ദൈവം ചിരിക്കുന്നു

**ഫാ. ഡാർലി എടപ്പങ്ങാട്ടിൽ, മുളന്തുരുത്തി**

"The Gospal of Sree Ramakrishnan' എന്നൊരു പുസ്തകമുണ്ട്. ശ്രീരാമകൃഷ്ണന്റെ ജീവിതരേഖകളാണതിൽ. അദ്ദേഹം പറയുന്നത്, ദൈവം രണ്ടു സന്ദർഭങ്ങളിൽ ചിരിക്കാറുണ്ടെന്നാണ്. ഒരു രോഗിയുടെ അമ്മയോട് വൈദ്യൻ പറയുകയാണെന്നിരിക്കട്ടെ, "അമ്മ ഭയപ്പെടേണ്ട, ഞാൻ തീർച്ചയായും ഇവനെ രക്ഷിക്കാം." ഈ വീമ്പു പറച്ചിൽ കേൾക്കുമ്പോൾ ദൈവം സ്വയം ചിരിക്കാൻ തുടങ്ങുന്നു. "ഞാൻ ഇവന്റെ ജീവൻ എടുക്കാൻ പോകുകയാണ്. എന്നിട്ടവൻ പറയുന്നു, ജീവൻ രക്ഷിക്കാൻ പോകുകയാണെന്ന്. ദൈവം ഒരിക്കൽ കൂടി ചിരിക്കുന്നതു രണ്ടു സഹോദരർ അവരുടെ സ്വത്തുവകകൾ പങ്കുവയ്ക്കുമ്പോഴാണ്. ഇതെന്റെയാണ്, അത് നിന്റെയാണ് എന്ന് പറഞ്ഞവർ വസ്തുവകകൾ വിഭജിക്കുമ്പോൾ ദൈവം വീണ്ടും ചിരിച്ചുകൊണ്ട് ആത്മഗതം ചെയ്യുന്നു; "ഈ പ്രപഞ്ചം മുഴുവൻ എന്റേതാണ്. എന്നിട്ടവർ അവരുടേതെന്നു പറഞ്ഞ് പങ്കുവയ്ക്കുന്നു". മനുഷ്യരുടെ വിഡ്ഡിത്തം നിറഞ്ഞ നടപടികൾ കണ്ട് ദൈവം രണ്ടു വട്ടമല്ല, അനേകവട്ടം ചിരിച്ചുകൊണ്ടിരിക്കുകയാണ്.

സർവ്വവും സൃഷ്ടിച്ചവൻ സ്വസ്ഥമായി വിശ്രമിക്കുമ്പോൾ കാരണമില്ലാത്ത കാര്യങ്ങൾക്ക് വെറുതെ തിരക്കുപിടിച്ചു നടക്കുന്ന മനുഷ്യരെ ഓർത്തവൻ ചിരിക്കുന്നുണ്ടാകും. മരണം എല്ലാം ശൂന്യമാക്കുമെന്നറിഞ്ഞിട്ടും അധികാരസ്ഥാനമാനങ്ങൾക്കും, സുഖലോലുപതയ്ക്കും വേണ്ടി നെട്ടോട്ടമോടുന്നവരെ ഓർത്തവൻ ചിരിക്കുന്നുണ്ടാകും. മനുഷ്യരുടെ അഹന്തകൾക്കു നേരെയുള്ള ദൈവത്തിന്റെ പുഞ്ചിരിയായിട്ടാണ് ക്രിസ്തുവിന്റെ മന്ദഹാസത്തെ കാണേണ്ടത്. എത്രയെത്ര തവണയായിരിക്കും അവൻ ചിരിക്കുക. പിടിക്കപ്പെട്ട പാപിനിയെ കല്ലെറിയാൻ ഒരുങ്ങിയ ജനാവലിയുടെ പിടിക്കപ്പെടാത്ത പാപം കണ്ടപ്പോൾ, പുതിയ കളപ്പുര നിറച്ച് ശിഷ്ടകാലം സുഖിച്ചു ജീവിക്കാൻ മോഹിച്ച ഭോഷനായ ധനവാനെക്കുറിച്ച് പറഞ്ഞപ്പോൾ, വിധവയുടെ രണ്ട് ചെമ്പുതുട്ടിന്റെ മുകളിലേക്ക് അഹന്തയോടെ ധനവാന്മാർ സമ്പത്ത് വാരിവിതറി ദൈവത്തെ പ്രീതിപ്പെടുത്താൻ ശ്രമിച്ചപ്പോൾ, അഞ്ചു ഭർത്താക്കന്മാരുണ്ടായിരുന്നിട്ടും 'എനിക്ക് ഭർത്താവില്ല' എന്ന് സമരിയാക്കാരി നുണ പറഞ്ഞപ്പോൾ, കോഴി കൂവുന്ന രാവെത്തും മുമ്പ് "ആര് നിന്നെ തള്ളിപ്പറഞ്ഞാലും ഞാൻ നിന്നെ തള്ളിപ്പറയില്ലെന്ന്' പത്രോസ് പ്രഖ്യാപിച്ചപ്പോൾ, മുപ്പത് വെള്ളിനാണയത്തിന് ഒറ്റുകാരനാകുന്നതിനു മുമ്പ് 'ഇവൾ എന്തിനീ തൈലം പാഴാക്കുന്നു, ദരിദ്രർക്ക് കൊടുത്തുകൂടെ' എന്ന് യൂദാസ് സഹാനുഭൂതി പ്രകടിപ്പിച്ചപ്പോൾ, 'നിന്നെ മരണത്തിന് ഏല്പിച്ചുകൊടുക്കാൻ എനിക്ക് അധികാരമുണ്ടെന്ന് നിനക്കറിഞ്ഞുകൂടെ' എന്ന് പീലാത്തോസ് ആത്മപ്രശംസ ചെയ്തപ്പോൾ, മരണനിമിഷവും നിത്യതയെ വിസ്മരിച്ച് ലോകസുഖങ്ങളിലേക്ക് മടങ്ങിവരാൻ ഒരു കള്ളൻ കുരിശിൽ കിടന്ന് മോഹിച്ചപ്പോളൊക്കെ ക്രിസ്തു ചിരിച്ചിരിക്കണം.

മനുഷ്യരുടെ ദുരാശകളും വിഫലശ്രമങ്ങളും, മായാസ്വപ്നങ്ങളും, വിഡ്ഢിത്ത നടപടികളും കണ്ട് നിരന്തരം ചിരിച്ചുകൊണ്ടിരിക്കുന്ന പരാശക്തിയാണ് ദൈവം. "കർത്താവ് ദുഷ്ടനെ പരിഹസിച്ചു ചിരിക്കുന്നു. അവന്റെ ദിവസം അടുത്തെന്ന് അവിടുന്നറിയുന്നു.' എന്നാണ് സങ്കീർത്തനം (സങ്കീ. 37:13) ഓർമ്മിപ്പിക്കുന്നത്. എന്നാൽ ബൈബിൾ ഗൗരവപൂർവ്വം വായിക്കേണ്ട വേദമാണെന്ന് എല്ലാവരും കരുതുന്നതുകൊണ്ടായിരിക്കും, ആ താളുകളിൽ മറഞ്ഞിരിക്കുന്ന ദൈവത്തിന്റെ ചിരി ആരും കാണാതിരിക്കുന്നത്. തമാശയും നർമ്മസല്ലാപങ്ങളും പരിഹാസവുമൊക്കെ ഒഴിവാക്കിക്കൊണ്ട് അതിനു പകരം പ്രവചനങ്ങളും, യുദ്ധങ്ങളും പ്രാർത്ഥനകളും, അനുശാസനങ്ങളും, ബലികളുമെല്ലാം ചേർത്ത് ഗൗരവതരമാക്കിയതാണ് വചനങ്ങൾക്ക് ഇരുതല വാളിന്റെ മൂർച്ച നൽകുന്നതെന്ന് അനുമാനിക്കുന്നവർ ക്ഷമിക്കുക. ഗൗരവപൂർവ്വം പറയുന്നതായിരിക്കും ഒരു പക്ഷേ സത്യത്തിന് കൂടുതൽ ദൃഢത നൽകുക എന്ന് നിങ്ങൾ വിചാരിക്കുന്നുണ്ടാകാം. മുൻധാരണകളൊന്നു മാറ്റിവച്ച് തികച്ചും ലാളിത്യത്തോടെ വചനം ധ്യാനിച്ചു തുടങ്ങുമ്പോൾ മാനവരാശിയുടെ വിഡ്ഢിത്തം ഓർത്ത് ചിരിക്കുന്ന ദൈവത്തെ പതുക്കെ നമുക്ക് വെളിപ്പെട്ടുകിട്ടും.

ആധുനിക ശാസ്ത്രഗവേഷണങ്ങൾ എത്തിച്ചേർന്നിരിക്കുന്ന ഒരു നിരീക്ഷണമുണ്ട്. മനുഷ്യതലച്ചോറ് രണ്ട് അർദ്ധഗോളങ്ങളായി വിഭജിക്കപ്പെട്ടിരിക്കുന്നു. മസ്തിഷ്കത്തിന്റെ വലതുഭാഗം ആത്മീയതയുടെ ഇരിപ്പിടമാണ്. സ്നേഹവും കാരുണ്യവും പുഞ്ചിരിയും നർമ്മവും വിരിയുന്നതവിടെയാണ്. ഇടതു ഗോളാർദ്ധമാകട്ടെ യുക്തിയുടെ ഇരിപ്പിടമാണ്. ചിന്തിച്ചുറപ്പിച്ച കാര്യങ്ങൾ നടത്തുകയും, ലാഭനഷ്ടങ്ങളും, കുടിലതന്ത്രങ്ങളും, രൂപപ്പെടുത്തലുകളും ചെയ്യുന്നതവിടെയാണ്. മനുഷ്യൻ ഇതു രണ്ടിന്റെയും സങ്കലനമാണ്. ചിലരെ ശിരസ്സിലുള്ള ഇടതുഗോളത്തിന്റെ യുക്തി കീഴടക്കുന്നു.

അവർ ഇടതുവശത്തെ കുരിശിൽ കിടന്ന കള്ളൻ കണക്കെ മരണത്തിന്റെ നിസ്സഹായതയിലും ഭൗമിക സുഖങ്ങളെ അള്ളിപ്പിടിക്കാൻ പാഴായി ശ്രമിച്ച് നിരാശയോടെ കീഴടങ്ങുന്നു. ഇനിയും ചിലർ ഗോളത്തിന്റെ ആത്മീയതലത്താൽ അനുഗ്രഹിക്കപ്പെടുന്നു. അവരാകട്ടെ വലതുവശത്തെ കള്ളൻ കണക്കെ പറുദീസാനുഭവത്തിന്റെ നിറവിൽ മാനവരാശിയുടെ പാഴ്വേലകളെ നോക്കി ഒരു ചെറുപുഞ്ചിരിയോടെ പിൻവാങ്ങുന്നു.

●




# യേശു സ്വീകരിച്ച സ്നാനവും വിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും ഒന്നാണോ?

വ്യക്തികേന്ദ്രീകൃതമായ നൂതനസഭകളെല്ലാം ഇന്ന് വിശ്വാസികളുടെ സ്നാനത്തിന് മാതൃകയായി എടുത്തു കാണിക്കുന്നത് യേശു തമ്പുരാൻ 30–ാം വയസ്സിൽ തന്റെ പരസ്യ ശുശ്രൂഷയ്ക്കു മുമ്പായി സ്നാപക യോഹന്നാനിൽ നിന്നു സ്വീകരിച്ച സ്നാനം ആണ്. യേശു മുതിർന്നശേഷം സ്നാനം സ്വീകരിച്ചതുകൊണ്ട് എല്ലാവരും മുതിർന്ന ശേഷം സ്നാനം സ്വീകരിക്കണം എന്നാണ് അവരുടെ പഠിപ്പിക്കൽ. എന്നാൽ വിശുദ്ധ വേദപുസ്തകപ്രകാരവും പരി: അപ്പസ്തോലിക പിതാക്കന്മാരുടെ പഠിപ്പിക്കൽ അനുസരിച്ചും യേശു തമ്പുരാൻ സ്വീകരിച്ച സ്നാനവും വിശ്വാസികൾ സ്വീകരിക്കുന്ന സ്നാനവും അതിന്റെ ഉദ്ദേശത്തിലും അന്ത:സത്തയിലും വ്യത്യസ്തമാണ്.

സ്നാപകയോഹന്നാൻ നടത്തിവന്ന സ്നാനം മാനസാന്തരസ്നാനം മാത്രമായിരുന്നു. അതായത് യേശുവിന് വഴി ഒരുക്കാൻ വന്നവൻ യേശുവിന്റെ വചനം ഉൾക്കൊള്ളുവാൻ തക്കവണ്ണം ജനത്തിന്റെ ഹൃദയത്തെ ഒരുക്കിയതായ സ്നാനം ആയിരുന്നു അത്. (മത്തായി, 3:4-6,mk1:7-8, lk 3:7-8) എന്നാൽ

